പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-26)

അറുപത്തിയൊമ്പതാമത് റിപ്പോർട്ട്

(2025 സെപ്റ്റംബർ മാസം 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അധ്യായം 5, അധ്യായം 8 ലെ 8.4, 8.6, 8.7, 8.8, 8.13 എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-26)

അറുപത്തിയൊമ്പതാമത് റിപ്പോർട്ട്

(2025 സെപ്റ്റംബർ മാസം 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 5, അദ്ധ്യായം 8 ലെ 8.4, 8.6, 8.7, 8.8, 8.13 എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.]

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	:	
മുഖവുര	:	
റിപ്പോർട്ട്	:	
അനുബന്ധം I		
പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും	:	
അനുബന്ധം II		
സർക്കാരിൽ നിന്നും ലഭിച്ച മറുപടി	:	

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-26)

ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ടി. പി. രാമകൃഷ്ണൻ

അംഗങ്ങൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണകുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി രജി ഡി.ഒ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. എ. ബിന്ദു, അണ്ടർ സെക്രട്ടറി

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി(2023-2026)യുടെ അറുപത്തിയൊമ്പതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അധ്യായം 5, അധ്യായം 8 ലെ 8.4, 8.6, 8.7, 8.8, 8.13 എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2025 സെപ്റ്റംബർ മാസം 17-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2025 സെപ്റ്റംബർ 18.

റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അധ്യായം 5, അധ്യായം 8 ലെ 8.4, 8.6, 8.7, 8.8, 8.13 എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

ഓഡിറ്റ് ഖണ്ഡിക

മൂന്നാർ, ചിന്നക്കനാൽ, പള്ളിവാസൽ ഗ്രാമപഞ്ചായത്തുകളിലെ കെട്ടിട നിർമ്മാണ പെർമിറ്റ് – പോരായ്മകൾ

നിയമപ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നതിൽ വീഴ്ച

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അനുശാസിക്കുന്ന ചുവടെ ചേർക്കുന്ന രേഖകൾ ബന്ധപ്പെട്ട ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല :-

- അപേക്ഷ, ഉടമസ്ഥാവകാശ രേഖകൾ, സൈറ്റ് പ്ലാൻ, ബിൽഡിംഗ് പ്ലാൻ, മറ്റ് ഡ്രോയിംഗുകൾ, സ്റ്റേറ്റ്മെന്റുകൾ, എന്നിവ തയ്യാറാക്കിയ വ്യക്തിയുടെ രജിസ്ട്രേഷൻ പകർപ്പ് തുടങ്ങിയവ (ചട്ടം 7)
- നിർമ്മാണ അനുവാദ നടപടിക്രമങ്ങളുടെയും പെർമിറ്റിന്റെയും വിശദാംശങ്ങൾ (ചട്ടം 11)
- പൂർത്തീകരണ റിപ്പോർട്ട്, പൂർത്തീകരണ പ്ലാൻ/സർട്ടിഫിക്കറ്റ്, ഒക്യുപൻസി സർട്ടിഫിക്കറ്റ് (ചട്ടം 25)
- 1955 ലെ തിരുവിതാംകൂർ കൊച്ചി പൊതുജനാരോഗ്യ നിയമത്തിലെ വകുപ്പ് 108 ൽ ലോഡ്ജിംഗ് ഹൗസുകളുടെ വിശദാംശങ്ങളടങ്ങിയ രജിസ്റ്റർ പരിപാലിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും മൂന്നാർ, ചിന്നക്കനാൽ, പള്ളിവാസൽ പഞ്ചായത്തുകളിൽ അപ്രകാരമുള്ള രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.1.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

2. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, മൂന്നാർ, പള്ളിവാസൽ, ചിന്നക്കനാൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അനുശാസിക്കുന്ന രേഖകൾ ബന്ധപ്പെട്ട ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

നിർമ്മാണ പ്രവർത്തനങ്ങൾ ചട്ടം ലംഘിച്ച്

പരിശോധനാവേളയിൽ പല ബഹുനില മന്ദിരങ്ങളിലും ചട്ടങ്ങൾ ലംഘിച്ച് നിർമ്മാണം നടത്തിയതായി കണ്ടെത്തി. പഞ്ചായത്ത് പെർമിറ്റ് പ്രകാരം അനുവദിച്ച അളവിൽ കവിഞ്ഞുള്ള നിർമ്മാണം ഓഡിറ്റ് വിഭാഗം നേരിട്ട് കണ്ടു. അധിക നിർമ്മാണത്തെ/വിപുലീകരണത്തെ സാധൂകരിക്കുന്ന നിർമ്മാണ പെർമിറ്റ് അടക്കമുള്ള യാതൊരു രേഖകളും പഞ്ചായത്തിലോ സ്ഥാപനത്തിലോ ഇല്ലാത്തതിനാൽ സൂചിത നിർമ്മാണങ്ങൾ അനധികൃതമാണെന്ന് വ്യക്തമാണ്. പെർമിറ്റ്/എൻ.ഒ.സി. നേടി നിർമ്മിച്ച കെട്ടിടത്തിന് ബാധകമായ ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ എല്ലാം പൂർണ്ണമായി പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയശേഷമാണ് ഒക്യുപൻസി നൽകേണ്ടത്. അപ്രകാരം ഒക്യുപൻസി ലഭിച്ച കെട്ടിടങ്ങളിലാണ് മേൽപ്പറഞ്ഞ ചട്ടലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടത്. ചട്ടലംഘനങ്ങൾ ചുവടെ ചേർക്കുന്നു.

എ) KPBR ചട്ടം 27 (തുറസ്സായ സ്ഥലങ്ങൾ): ചട്ടത്തിൽ അനുശാസിക്കും പ്രകാരമുള്ള തുറസ്സായ സ്ഥലങ്ങൾ പ്ലാനിൽ കാണിക്കുന്നുണ്ടെങ്കിലും നിർമ്മാണ വേളയിൽ ഇത് ഒഴിവാക്കുന്ന പ്രവണത വ്യാപകമാണ്. തുറസ്സായ സ്ഥലം കെട്ടിടത്തിന്റെ പ്രയോജനത്തിനായി മാത്രം നീക്കി വയ്ക്കേണ്ടതും അന്തരീക്ഷത്തിലേക്ക് തുറന്നിരിക്കേണ്ടതും കെട്ടിടം പൊളിച്ചുകളയുന്നതുവരെ മറ്റ് നിർമ്മാണ പ്രവർത്തനങ്ങളിൽ നിന്ന് ഈ സ്ഥലം മുക്തമായിരിക്കേണ്ടതുമാണെന്നുമുള്ള വ്യവസ്ഥകൾ ലംഘിച്ച് അവിടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:-

മൂന്നാർ ഗ്രാമപഞ്ചായത്തിലെ എസ്.എം.എം കോട്ടേജ് (13/371), പ്രണവ് 4 സീസൺസ് (13/387), ദുർഗ്ഗാ ഇൻ(13/391), റെഡ് സ്പാരോ (11/159)

ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിലെ - മൂന്നാർ ക്ലൗഡ്സ് (2/540), റ്റീ മൗണ്ട് (1/635-650), ക്ലബ് മൂന്നാർ (1/145-157)

ബി) ചട്ടം - 28 (ഒരു തെരുവിന്റെ കേന്ദ്രരേഖയും കെട്ടിടവും തമ്മിൽ ഉണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ അകലം)

കെട്ടിടം സ്ഥിതി ചെയ്യുന്ന തെരുവിന്റെ കേന്ദ്രരേഖയിൽ നിന്ന് കെട്ടിടത്തിലേക്കുള്ള കുറഞ്ഞ അകലം ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത് 4.5 മീറ്ററാണ്. പല കെട്ടിടങ്ങളുടെയും സംഗതിയിൽ പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല.

ഉദാ: മൂന്നാർ ഗ്രാമപഞ്ചായത്തിലെ - മൂന്നാർ ഡെയ്സ് (പഴയ നം. 9/141, മൂലക്കട), മൂന്നാർ ഇൻ (19/589), ഹിൽക്രെസ്റ്റ് (13/398)

സി) ചട്ടം - 35 (വ്യാപ്തിയും തറവിസ്തീർണ്ണ അനുപാതവും)

ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള വ്യാപ്തിയും തറവിസ്തീർണ്ണ അനുപാതവും പാലിക്കാതെ നടത്തിയിട്ടുള്ള നിർമ്മിതികൾ ക്രമപ്പെടുത്തുന്നതിന് ബാധകമായ അധിക ഫീസ് ചുമത്തി ഈടാക്കിയിട്ടില്ല.

ഉദാ: മൂന്നാർ ഗ്രാമപഞ്ചായത്തിലെ - മൂന്നാർ ഇൻ (19/589), ബെൽ മൗണ്ട് (13/252), ലെ സെലസ്റ്റിയം (10/1049,1050), ഗ്രീൻ റിഡ്ജ് (13/250)

ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിലെ - മൂന്നാർ ക്ലൗഡ്സ് (2/540), റ്റീ മൗണ്ട് (1/635-650)

പള്ളിവാസൽ ഗ്രാമപഞ്ചായത്തിലെ - മൺസൂൺ ഗ്രാൻഡെ, വണ്ടർലാന്റ് റിസോർട്സ് അധിക തുക ഈടാക്കാത്തതിനാൽ ലക്ഷങ്ങളുടെ നഷ്ടമാണ് പഞ്ചായത്തിന് ഉണ്ടായിരിക്കുന്നത്.

ഡി) ചട്ടം - 37 (പ്രവേശന മാർഗ്ഗം)

പ്രവേശന മാർഗ്ഗത്തിന്റെ ഏറ്റവും ചുരുങ്ങിയ വീതിയുടെ അടിസ്ഥാനത്തിൽ സ്ഥലത്ത് നിർമ്മിക്കാവുന്ന കെട്ടിടത്തിന്റെ പരമാവധി തറവിസ്തീർണ്ണം ചട്ടത്തിൽ നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിൽ കവിഞ്ഞ അളവിൽ കെട്ടിടങ്ങൾ നിർമ്മിച്ചതായി കാണുന്നു. അഞ്ച് മീറ്ററിൽ താഴെ പ്രവേശന മാർഗ്ഗമുള്ള സ്ഥലത്ത് നിർമ്മിക്കാവുന്ന കെട്ടിടത്തിന്റെ പരമാവധി തറ വിസ്തീർണ്ണം 1500 ച.മീറ്ററായി ചട്ടത്തിൽ നിജപ്പെടുത്തിയിട്ടുള്ളപ്പോൾ അതിൽ കവിഞ്ഞ അളവിൽ നിർമ്മിച്ച കെട്ടിടങ്ങളുടെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഉദാ: മൂന്നാർ ഗ്രാമപഞ്ചായത്തിലെ ക്ലൗഡ്സ് വാലി (13/364), എൽസിയം ഗാർഡൻ (10/532)

ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിലെ ക്ലബ് മഹീന്ദ്ര ഹിൽ ടോപ്പ് റിസോർട്ട്

ഇ) ചട്ടം - 38 (പാർക്കിംഗ്)

ചട്ടപ്രകാരം ഒരു തെരുവിലേക്ക് വാഹനങ്ങളുടെ പ്രവേശനത്തിന് ആവശ്യമായ സൗകര്യങ്ങളോടുകൂടി ഓരോ കെട്ടിടത്തിനും വ്യവസ്ഥ ചെയ്തിട്ടുള്ള തെരുവ് വിട്ടുള്ള പാർക്കിംഗ് സ്ഥലം മിക്കവാറും കെട്ടിടങ്ങൾക്കും ഒരുക്കിയിട്ടില്ല. അതുപോലെ, പാർക്കിംഗ് എവിടെയൊക്കെ ആവശ്യമാണോ ആ പ്രദേശത്തെല്ലാം 25% അധികം സ്ഥലം ഇരുചക്രവാഹനങ്ങളുടെ പാർക്കിംഗിനായി നൽകേണ്ടതാണ് എന്ന ചട്ടം 38(4) ലെ നിർദ്ദേശവും പാലിച്ചിട്ടില്ല.

ഉദാ: മൂന്നാർ ഗ്രാമപഞ്ചായത്തിലെ - മൂന്നാർ ഇൻ (19/589), ബെൽമൗണ്ട് (13/252), ലെ സെലസ്റ്റിയം (10/1049, 1050), ഗ്രീൻ റിഡ്ജ് (13/250)

ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിലെ - ക്ലബ് മഹീന്ദ്ര ഹിൽ ടോപ്പ് റിസോർട്ട്

പള്ളിവാസൽ ഗ്രാമപഞ്ചായത്തിലെ - ഹോട്ടൽ പനോരമിക്ക്

എഫ്) ചട്ടം - 47 (അഗ്നിരക്ഷാ കോണിപ്പടി)

ഭൂനിരപ്പിന് മുകളിൽ രണ്ടു നിലകളിൽ കൂടുതലുള്ള പാർപ്പിടാവശ്യഗണത്തിൽപ്പെടാത്ത മറ്റ് കെട്ടിടങ്ങൾക്ക് അഗ്നിരക്ഷാ കോണിപ്പടി സ്ഥാപിക്കേണ്ടതാണെന്നും ആയത് കെട്ടിടത്തിന്

പുറത്ത് മാത്രം നിർമ്മിച്ച് നേരെ ഭൂമിയിലേക്ക് ബന്ധിപ്പിക്കേണ്ടതാണെന്നുമുള്ള ചട്ടത്തിലെ പ്രധാന വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

ഉദാ: മൂന്നാർ ഗ്രാമപഞ്ചായത്തിലെ - മൂന്നാർ ഇൻ (19/589), ബെൽമൗണ്ട് (13/252), ലെ സെലസ്റ്റിയം (10/1049,1050), ഗ്രീൻ റിഡ്ജ് (13/250)

കെട്ടിട ചട്ടങ്ങൾ കർശനമായി പാലിക്കപ്പെടേണ്ടതുണ്ടെന്നും സാങ്കേതികത്വങ്ങൾ സംബന്ധിച്ചുള്ള ചില ഇളവുകൾ അനുവദിക്കാമെങ്കിലും പാർക്കിംഗ്, അഗ്നിസുരക്ഷ തുടങ്ങിയ നിർബന്ധവ്യവസ്ഥകളിൽ വരുത്താനുദ്ദേശിച്ചുള്ളതല്ല ഈ ഇളവുകൾ എന്നുമുള്ള ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് (John Vs State of Kerala – 2004) നിലനിൽക്കുമ്പോഴാണ് ഈ ചട്ടലംഘനങ്ങൾ നടന്നിരിക്കുന്നത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.1.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

3. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ച ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിലെ മൂന്നാർ ക്ലൗഡ്, റ്റീ മൗണ്ട്, ക്ലബ് മൂന്നാർ എന്നീ സ്ഥാപനങ്ങൾ തുറസ്സായ സ്ഥലങ്ങളിൽ നടത്തിയ നിർമ്മിതികൾ പൊളിച്ചുമാറ്റണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഇന്റേണൽ വിജിലൻസ് ഓഫീസർ 30-11-2024-ന് നടത്തിയ പരിശോധനയിൽ ചട്ടലംഘനങ്ങൾ കണ്ടെത്തിയതിനെ തുടർന്ന് 01-12-2024-ന് വീണ്ടും നോട്ടീസ് നൽകിയിട്ടുണ്ടെന്നും ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

4. 2015-16-ൽ ഓഡിറ്റ് കണ്ടെത്തിയ അപാകതയിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന്, രണ്ട് മാസം മുമ്പാണ് സെക്രട്ടറിയായി ചുമതലയേറ്റെടുത്തതെന്നും അതിനുശേഷം മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകിയെങ്കിലും പൊളിച്ചുമാറ്റാൻ തയ്യാറായില്ലെന്നാണ് മുൻ സെക്രട്ടറിയോട് അന്വേഷിച്ചപ്പോൾ അറിയാൻ സാധിച്ചതെന്നും നോട്ടീസിനെ ചോദ്യം ചെയ്തുകൊണ്ട് കെട്ടിട ഉടമകളിലൊരാൾ ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ടെന്നും ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

5. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, മുൻ മാസം ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകിയെന്നും സമിതി യോഗത്തിന്റെ തലേ ദിവസം ജോയിന്റ് ഡയറക്ടർക്കും ഇടുക്കി ജില്ലാ ഓഡിറ്റ് ഓഫീസിലേക്കും പുതുക്കിയ റിപ്പോർട്ട് അയച്ചിട്ടുണ്ടെന്നും ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

6. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ആദ്യം നടപടി സ്വീകരിച്ചിരുന്നുവെന്നും രണ്ട് മാസത്തോളം തുടർനടപടി സ്വീകരിക്കാത്തതിനെ തുടർന്ന് ജില്ലാ ഓഫീസിൽ നിന്ന് അസിസ്റ്റന്റ് ഡയറക്ടറും താനും ഇന്റേണൽ വിജിലൻസ് ഓഫീസറും ഉൾപ്പെടെയുള്ളവർ ചിന്നക്കനാൽ, മൂന്നാർ, പള്ളിവാസൽ പഞ്ചായത്തുകളിലെ ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട കെട്ടിടങ്ങൾ നേരിട്ട് സന്ദർശിച്ച് പരിശോധന നടത്തിയതിൽ ചട്ടലംഘനം കണ്ടെത്തിയതിനെത്തുടർന്ന് ബന്ധപ്പെട്ട കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകുകയും അന്ന് ചുമതല

വഹിച്ചിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടുകയും ചെയ്തിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി അസിസ്റ്റന്റ് ഡയറക്ടർ തദവസരത്തിൽ സമിതി മുമ്പാകെ ബോധിപ്പിച്ചു.

7. തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥർ ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സമിതി യോഗത്തിൽ വിശദീകരണം നൽകിയതല്ലാതെ അപാകത പരിഹരിക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും ഇക്കാര്യത്തിൽ എന്താണ് വിശദീകരിക്കാനുള്ളതെന്നും സമിതി ആരാഞ്ഞു. രണ്ട് അവലോകനയോഗങ്ങൾ നടത്തിയിട്ടുണ്ടെന്നും 02.12.2024 ന് ജോയിന്റ് ഡയറക്ടർ തലത്തിൽ നടത്തിയ അവലോകന യോഗത്തിൽ ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി സമിതി മുമ്പാകെ റിപ്പോർട്ട് ചെയ്യണമെന്ന് നിർദേശം നൽകിയിരുന്നുവെന്നും മൂന്നാർ പ്രദേശത്തിന്റെ പ്രത്യേകത കൊണ്ട് ഒട്ടേറെ വിഷയങ്ങൾ നിയമക്കുരുക്കിൽപ്പെട്ടും ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലവും നിലവിലെ അവസ്ഥയിൽ തുടരുകയാണെന്നും ടി വിഷയത്തിൽ കോടതി ഇടപെടലുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി.

8. നിലവിൽ കോടതി സ്റ്റേ ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ലെന്നും കെട്ടിട ഉടമകളെ നേരിൽകണ്ട് അവരുടെ വാദം കേട്ടതിനുശേഷം മാത്രം നടപടി സ്വീകരിച്ചാൽ മതിയെന്ന ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം മാത്രമാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും നേരിട്ട് നടത്തിയ പരിശോധനയിൽ റ്റീ മൗണ്ട് എന്ന സ്ഥാപനം ചട്ടലംഘനം നടത്തിയതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നും KPBR ചട്ടം 35 വ്യാപ്തിയും തറവിസ്തീർണ അനുപാതവും എന്ന വിഷയത്തിൽ plot area 810 സ്ക്വയർ മീറ്റർ മാത്രമാണുള്ളതെന്നും അതിൻപ്രകാരം 1380 FAR Area outlet-ൽ 1128 FAR മാത്രമാണ് ഉപയോഗിച്ചിട്ടുള്ളതെന്നും അധിക നിർമ്മിതിക്കും അധിക FAR ഏരിയയ്ക്കും ചുമത്തിയ പിഴ ഒഴിവാക്കി നൽകാമെന്ന റിപ്പോർട്ടാണ് നൽകിയിട്ടുള്ളതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

9. മൂന്നാർ ഗ്രാമപഞ്ചായത്തിലെ എസ്.എം.എം. കോട്ടേജ്, പ്രണവ് 4 സീസൺസ്, ദുർഗ്ഗാ ഇൻ, റെഡ് സ്പാരോ എന്നീ സ്ഥാപനങ്ങൾ KPBR ചട്ടം 27 ലംഘിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 04-09-2024-ലെ എ 3/33207/2016 നമ്പർ കത്തുപ്രകാരം നോട്ടീസ് നൽകുകയും അനധികൃത നിർമ്മാണം പൊളിച്ചുമാറ്റുന്നതിനായി മൂന്നാർ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന് മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയ സ്ഥലപരിശോധനയിൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച കെട്ടിടത്തിന്റെ ഏരിയയിൽ വ്യത്യാസമുള്ളതായി അറിയിച്ചിട്ടുണ്ടെന്നും ILGMS software-ലൂടെ പരിശോധിച്ചപ്പോഴും സ്ഥലപരിശോധന നടത്തിയപ്പോഴും ഏരിയയ്ക്ക് വ്യത്യാസമുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നും കെട്ടിടത്തിന്റെ ഏരിയയിൽ വ്യത്യാസമുള്ളതുകൊണ്ട് അനധികൃത നിർമ്മാണങ്ങൾ തിട്ടപ്പെടുത്തുന്നതിനായി പ്ലാൻ, സൈറ്റ് പ്ലാൻ, പൊസഷൻ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച് എന്നിവ ലഭ്യമാക്കാൻ കെട്ടിട ഉടമകളോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അതുലഭിച്ചാൽ മാത്രമേ എത്ര ഏരിയ അധികമായി എടുത്തിട്ടുണ്ടെന്ന് തിട്ടപ്പെടുത്താനും ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ച

ഏരിയയുമായി താരതമ്യം ചെയ്ത് നടപടി സ്വീകരിക്കാനും സാധിക്കുകയുള്ളൂ എന്നുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുള്ളതെന്ന് മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

10. കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ് പരിശോധിച്ചാൽ അധികമായി നിർമ്മിച്ച ഏരിയ എത്രയാണെന്ന് മനസ്സിലാക്കാൻ സാധിക്കുമെന്നും ഓഡിറ്റ് വകുപ്പ് നടത്തിയ പരിശോധനയിൽ വ്യത്യാസമുണ്ടെന്ന മറുപടിയാണ് സെക്രട്ടറി നൽകിയിട്ടുള്ളതെന്നും സമിതി സൂചിപ്പിച്ചു. കെട്ടിട പെർമിറ്റിലുള്ള അളവാണ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ തദവസരത്തിൽ വ്യക്തമാക്കി. സ്ഥലപരിശോധന നടത്തിയതിനുശേഷം പ്ലാൻ, സൈറ്റ് പ്ലാൻ, പൊസഷൻ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച് മുതലായവ ലഭിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ വ്യക്തത വരുത്താൻ സാധിക്കുകയുള്ളൂവെന്ന് മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു. പിഴ ഈടാക്കാനാണ് ആവശ്യപ്പെട്ടതെങ്കിലും സ്ഥലപരിശോധന നടത്തിയതിൽ അപാകത കണ്ടെത്തിയതായി അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കെട്ടിടം പൊളിച്ചുമാറ്റാനാണ് നോട്ടീസ് നൽകിയിട്ടുള്ളതെന്നും മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൂട്ടിച്ചേർത്തു.

11. സ്ഥലപരിശോധന നടത്തുന്നതിന് കാലതാമസം നേരിട്ടത് എന്തുകൊണ്ടാണെന്ന സമിതിയുടെ ചോദ്യത്തിന്, താൻ മൂന്ന് മാസം മുമ്പാണ് സെക്രട്ടറിയായി ചുമതലയേറ്റെടുത്തതെന്നും പഴയ ഫയലുകളൊന്നും ലഭ്യമല്ലാത്തതിനാൽ 2015-16 ലെ ഓഡിറ്റ് കണ്ടെത്തിയ അപാകതകൾക്ക് സ്ഥലപരിശോധന നടത്താതെ റിപ്പോർട്ട് തയ്യാറാക്കാൻ സാധിക്കില്ലെന്നും മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

12. ഫയൽ പരിശോധിക്കാതെ ഓഡിറ്റ് നടത്തിയത് എങ്ങനെയാണെന്ന സമിതിയുടെ ചോദ്യത്തിന്, അന്ന് ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിലാണ് പരിശോധന നടത്തിയതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു.

13. ചട്ടലംഘനം നടത്തിയ കെട്ടിടങ്ങൾ അദാലത്ത് നടത്തി റെഗുലറൈസ് ചെയ്യാത്തത് എന്തുകൊണ്ടാണെന്ന് ചോദിച്ച സമിതി കേരളത്തിലെ ഒട്ടുമിക്ക അനധികൃത നിർമ്മാണങ്ങളിലും പിഴ ഈടാക്കിക്കൊണ്ട് റെഗുലറൈസ് ചെയ്യുന്നുണ്ടെന്നും ഇത്തരം നടപടിക്രമങ്ങൾ മൂന്നാർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിരുന്നെങ്കിൽ ഫയൽ നടപടി അവസാനിപ്പിക്കാമായിരുന്നുവെന്നും അഭിപ്രായപ്പെട്ടു.

14. പിഴ ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണൽ വിജിലൻസ് വിങ് പരിശോധന നടത്തിയിരുന്നോ എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ആരാഞ്ഞതിന് ഇന്റേണൽ വിജിലൻസ് ഓഫീസർ നടത്തിയ അന്വേഷണത്തിൽ അധിക ഫീസ് ഈടാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ കണ്ടെത്താൻ സാധിച്ചില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അതിന്റെ തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി അസിസ്റ്റന്റ് ഡയറക്ടർ ബോധിപ്പിച്ചു.

15. കെട്ടിട ഉടമകൾക്ക് 04-09-2024-ന് നൽകിയ നോട്ടീസിന്മേൽ മറുപടിയൊന്നും ലഭിച്ചില്ലേയെന്ന നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറിയുടെ ചോദ്യത്തിന്, നോട്ടീസിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങൾക്ക് വ്യക്തമായ മറുപടിയല്ല ലഭിച്ചിട്ടുള്ളതെന്നും ചില നോട്ടീസുകൾക്ക്

പിഴ അടച്ചതിന്റെ റസീപ്റ്റ് ഹാജരാക്കിയിട്ടുള്ളത് സമിതി മുമ്പാകെ കൊണ്ടുവന്നിട്ടുണ്ടെന്നും മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. തിരഞ്ഞെടുത്ത ചില ഹോട്ടലുകളിലും കെട്ടിടങ്ങളിലും മാത്രമാണ് ഓഡിറ്റ് വകുപ്പ് പരിശോധന നടത്തിയിട്ടുള്ളതെങ്കിലും അതിൽപോലും വ്യക്തമായ മറുപടി നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചിട്ടില്ലെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി സൂചിപ്പിച്ചപ്പോൾ ഇക്കാര്യത്തിൽ അടിയന്തര ഇടപെടൽ നടത്തണമെന്ന് സമിതി നിർദേശം നൽകി.

16. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളിന്മേൽ നടപടി സ്വീകരിച്ച് സമിതി മുമ്പാകെ നൽകണമെന്നാണ് നിർദേശിച്ചിരുന്നതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിക്കുകയും ടി വിഷയത്തിന്മേൽ അസിസ്റ്റന്റ് ഡയറക്ടർക്ക് എന്താണ് വിശദീകരിക്കാനുള്ളതെന്ന് ആരായുകയും ചെയ്തു. 2022-ന് ശേഷം ഇത്തരം വീഴ്ചകൾ ഉണ്ടായിട്ടില്ലെന്നും അതിന് മുൻപുള്ള വർഷങ്ങളിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്തുകൾക്ക് സംഭവിച്ച വീഴ്ച യഥാസമയം പരിശോധന നടത്തി പരിഹരിക്കുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി അസിസ്റ്റന്റ് ഡയറക്ടർ വ്യക്തമാക്കി.

17. വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ആരാഞ്ഞു. രണ്ട് ഇന്റേണൽ വിജിലൻസ് ഓഫീസർമാരുടെ നേതൃത്വത്തിൽ പഞ്ചായത്തിൽ നടത്തിയ പരിശോധനയിൽ അപാകതകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ സെക്രട്ടറിയോടും ബന്ധപ്പെട്ട ജീവനക്കാരോടും വിശദീകരണം ആവശ്യപ്പെടാൻ നിലവിലെ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദേശം നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമായാലുടൻതന്നെ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

18. ഡയറക്ടറേറ്റ് തലത്തിൽ ഇക്കാര്യത്തിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ആരാഞ്ഞു. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് കാര്യമായ ഇടപെടലുകൾ നടന്നിട്ടില്ലെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിലും പ്രിൻസിപ്പൽ ഡയറക്ടറേറ്റ് തലത്തിലും നടത്തിയ മീറ്റിംഗുകളിൽ നടപടികൾ ത്വരിതപ്പെടുത്തി സമിതി മുമ്പാകെ ഹാജരാകുന്നതിനുമുമ്പ് റിപ്പോർട്ട് ജില്ലാ ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് പഞ്ചായത്തുകൾക്ക് നിർദേശം നൽകിയിരുന്നുവെങ്കിലും അത്തരത്തിലുള്ള ഇടപെടൽ ഉണ്ടായതായി കാണുന്നില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ബോധിപ്പിച്ചു. റാൻഡം സാംപ്ലിങ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ മാത്രം കണ്ടെത്തിയതാണ് ഓഡിറ്റ് സൂചിപ്പിച്ച അപാകതകളെന്നും മറ്റ് പഞ്ചായത്തുകൾ കൂടി പരിശോധിക്കുകയാണെങ്കിൽ ഇനിയും ക്രമക്കേടുകൾ കണ്ടെത്താൻ സാധിക്കുമെന്നും ഇന്റേണൽ വിജിലൻസ് ഓഫീസർമാർ പരിശോധന നടത്തി ജില്ലാതലത്തിൽ തന്നെ അപാകതകൾ കണ്ടുപിടിച്ച് പരിഹരിക്കുന്നതിനുള്ള നടപടി കഴിവതും വേഗത്തിൽ ചെയ്യേണ്ടതുണ്ടെന്നും കെട്ടിടം പൊളിക്കുന്നതിനുവേണ്ടിയുള്ള നടപടികളിലേക്ക് നീങ്ങാൻ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ടെക്നിക്കൽ റിപ്പോർട്ട് ആവശ്യമാണെന്നും ഇത്തരം

കാര്യങ്ങൾ ത്വരിതപ്പെടുത്താൻ കൃത്യമായ സമയപരിധി നിശ്ചയിച്ചുകൊണ്ട് ജില്ലാതലത്തിൽ മോണിറ്ററിങ് നടത്തി ഓഡിറ്റ് പരാമർശത്തിൽ വന്നിട്ടുള്ള കെട്ടിടങ്ങളിൽ റെഗുലറൈസ് ചെയ്യാൻ കഴിയുന്നവ, പൊളിച്ചുകളയേണ്ടവ എന്നിങ്ങനെ തരംതിരിച്ച് നടപടി സ്വീകരിച്ചെങ്കിൽ മാത്രമേ പരിഹരിക്കാൻ സാധ്യമാവുകയുള്ളൂവെന്നും ജോയിന്റ് ഡയറക്ടർ വിശദീകരിച്ചു. ജില്ലാതലത്തിൽ രണ്ട് ഇന്റേണൽ വിജിലൻസ് ഓഫീസർമാരുടെ സേവനം ലഭ്യമായതുകൊണ്ടുതന്നെ വളരെ കാര്യക്ഷമമായ ഇടപെടൽ നടത്താൻ സാധിക്കുമെന്നും ഓഡിറ്റിൽ പരാമർശിക്കപ്പെട്ട വിഷയങ്ങൾക്ക് മുൻഗണന നൽകുന്നതിനോടൊപ്പം മറ്റ് സമാന വിഷയങ്ങൾക്കൂടി കണ്ടെത്തി മൂന്ന് മാസത്തിനകം പരിഹരിക്കുന്നതിനുള്ള നിർദേശം ഡയറക്ടറേറ്റ് തലത്തിൽ പഞ്ചായത്തുകൾക്ക് നൽകുന്നതാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനാൽ മുമ്പുണ്ടായിരുന്ന സാങ്കേതിക പ്രശ്നങ്ങളൊന്നുംതന്നെ നിലവിലില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ കൂട്ടിച്ചേർത്തു.

19. റവന്യൂ എൻ.ഒ.സി. ലഭ്യമല്ലാത്തതിനാൽ ചില കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യാൻ സാധിക്കില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി അസിസ്റ്റന്റ് ഡയറക്ടർ ബോധിപ്പിച്ചു. ഓരോ കെട്ടിടവും പ്രത്യേകമായി പരിശോധിച്ചാൽ മാത്രമേ അപാകതകൾ കണ്ടെത്താൻ കഴിയൂവെന്നും നിരന്തരമായി നടന്നുകൊണ്ടിരിക്കുന്ന നിയമലംഘനങ്ങൾക്ക് പ്രധാന ഉത്തരവാദിത്തം ഉദ്യോഗസ്ഥർക്ക് തന്നെയാണെന്നും ഉദ്യോഗസ്ഥർ അടിക്കടി മാറുന്നതാണ് നടപടിക്രമങ്ങളുടെ കാലതാമസത്തിന് പ്രധാന കാരണമെന്നും നിരീക്ഷിച്ച സമിതി, ഇക്കാര്യങ്ങളിൽ പരിശോധന നടത്തി പരിഹരിച്ച് തെറ്റുകൾ ആവർത്തിക്കാതിരിക്കാനുള്ള കൃത്യമായ നടപടി സ്വീകരിക്കണമെന്ന് നിർദേശിച്ചു.

20. മേല്പറഞ്ഞ കെട്ടിടങ്ങളെല്ലാം പ്രവർത്തിക്കുന്നവയാണോ എന്നും അവയ്ക്ക് Unauthorisation notice കൊടുത്തിട്ടുണ്ടോ എന്നും നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ആരാഞ്ഞു. കെട്ടിടങ്ങളെല്ലാം പ്രവർത്തിക്കുന്നവയാണെന്നും Unauthorisation Notice നൽകിയിട്ടുണ്ടെന്നും Unauthorisation Tax ഈടാക്കുന്നുണ്ടെന്നും മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ചിന്നക്കനാലിലുള്ള രണ്ട് സ്ഥാപനങ്ങൾ പരാതികൾ പൂർണ്ണമായും പരിഹരിച്ചിട്ടുണ്ടെന്നും മറ്റുള്ളവയ്ക്ക് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുമെന്ന് അറിയിച്ച് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. എല്ലാ ചട്ടലംഘനങ്ങളും പരിശോധിച്ച് വിശദമായ റിപ്പോർട്ട് മൂന്ന് മാസത്തിനകം ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു.

21. ചട്ടം - 28 (ഒരു തെരുവിന്റെ കേന്ദ്രരേഖയും കെട്ടിടവും തമ്മിൽ ഉണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ അകലം), ചട്ടം - 35 (വ്യാപ്തിയും തറവിസ്തീർണ്ണ അനുപാതവും), ചട്ടം - 37 (പ്രവേശന മാർഗം), ചട്ടം - 38 (പാർക്കിങ്), ചട്ടം - 47 (അഗ്നിരക്ഷാ കോണിപ്പടി) എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മൂന്ന് മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

22. ചിന്നക്കനാൽ, മൂന്നാർ, പള്ളിവാസൽ പഞ്ചായത്തുകളിൽ ചട്ടലംഘനം നടത്തി നിർമ്മിച്ച ബഹുനില മന്ദിരങ്ങൾ അദാലത്ത് നടത്തി പിഴ ഈടാക്കി റെഗുലറൈസ് ചെയ്യുവാനുള്ള നടപടി

ക്രമങ്ങൾ പഞ്ചായത്ത് സ്വീകരിച്ചിരുന്നുവെങ്കിൽ ഫയൽ നടപടികൾ അവസാനിപ്പിക്കാമായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. നിർമ്മാണം നടക്കുന്ന ഓരോ കെട്ടിടവും പ്രത്യേകമായി പരിശോധിച്ചാൽ മാത്രമേ അപാകതകൾ കണ്ടെത്താൻ സാധിക്കുകയുള്ളൂവെന്നും നിരന്തരമായി നടക്കുന്ന ചട്ടലംഘനങ്ങൾക്ക് പ്രധാന ഉത്തരവാദിത്തം ഉദ്യോഗസ്ഥർ തന്നെയാണെന്നും ഇന്റേണൽ വിജിലൻസ് / ആഡിറ്റ് വിംഗിന്റെ പ്രവർത്തനം കൃത്യമായ രീതിയിൽ നടത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

23. ചിന്നക്കനാൽ, മൂന്നാർ, പള്ളിവാസൽ പഞ്ചായത്തുകളിലെ ബഹുനില മന്ദിരങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ ചട്ടലംഘനങ്ങളും പരിശോധിച്ച് വിശദമായ റിപ്പോർട്ട് മൂന്ന് മാസത്തിനകം ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

24. ചിന്നക്കനാൽ, മൂന്നാർ, പള്ളിവാസൽ പഞ്ചായത്തുകളിൽ ഒരു തെരുവിന്റെ കേന്ദ്രരേഖയും കെട്ടിടവും തമ്മിൽ ഉണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ അകലം, വ്യാപ്തിയും തറവിസ്തീർണ്ണ അനുപാതവും, പ്രവേശന മാർഗം, പാർക്കിങ്, അഗ്നിരക്ഷാ കോണിപ്പടി എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മൂന്ന് മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

അനധികൃത നിർമ്മാണം – ക്രമവൽക്കരിച്ചിട്ടില്ല – 19.05 കോടി രൂപയുടെ നഷ്ടം

എ) 2013 ലെ വസ്തു നികുതി നിർണ്ണയത്തിൽ ക്രമവൽക്കരിക്കാത്ത അനധികൃത നിർമ്മാണം

2013 – ൽ വസ്തുനികുതി നിർണ്ണയം നടത്തിയപ്പോൾ, പഞ്ചായത്ത് രേഖകൾ പ്രകാരം മുമ്പ് ഉണ്ടായിരുന്നതിൽ കൂടിയ നിലകളും വിസ്തീർണ്ണവും കെട്ടിടത്തിന് ഉണ്ടെങ്കിൽ ആയത് അധികൃതമാണോയെന്ന് പഞ്ചായത്ത് അധികൃതർ ഉറപ്പാക്കേണ്ടതായിരുന്നു. അനധികൃതമാകുന്ന സംഗതിയിൽ (ഉദാ: മൂന്നാർ ഗ്രാമപഞ്ചായത്തിലെ ലെ സെലസ്റ്റിയം, ധന്യശ്രീ ഹോട്ടൽ, ഹൈറേഞ്ച് ഇൻ, ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിലെ റ്റീ മൗണ്ട്, ക്ലബ് മൂന്നാർ തുടങ്ങിയവ) 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 20 ലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് 134 മുതൽ 138 വരെയുള്ള ചട്ടങ്ങൾ പ്രകാരം നിർമ്മാണം ക്രമവൽക്കരിക്കുന്നതിനോ / പൊളിച്ചുകളയുവാനോ വേണ്ട നടപടി സെക്രട്ടറി സ്വീകരിക്കേണ്ടതായിരുന്നു. അനധികൃത നിർമ്മാണങ്ങളും ജോലികളും കണ്ടുപിടിക്കുകയും തടയുകയും ചട്ടങ്ങൾ പ്രകാരമുള്ള മറ്റു നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം ചട്ടം 134 പ്രകാരം സെക്രട്ടറിക്കാണ്. അപ്രകാരമുള്ള നടപടികളൊന്നും സ്വീകരിക്കാതെ കെട്ടിട ഉടമകൾക്ക് അനുകൂലമായി പ്രവർത്തിക്കുകയായിരുന്ന അക്കാലത്തെ സെക്രട്ടറിയെന്ന് വ്യക്തമാണ്. കൃത്യനിർവ്വഹണത്തിലെ ഈ ഗുരുതരവീഴ്ച വഴി, കെട്ടിട നിർമ്മാണ പെർമിറ്റ് ഇനത്തിലും വസ്തു നികുതി ഇനത്തിലും ഗണ്യമായ തുകയാണ് പഞ്ചായത്തിന് നഷ്ടമായത്. അധിക നിർമ്മിതി ക്രമവൽക്കരിക്കാത്തതിനാൽ വസ്തു നികുതി ഇനത്തിലുള്ള നഷ്ടം ഇപ്പോഴും തുടരുന്നു.

ബി) 2013 ലെ വസ്തു നികുതി നിർണ്ണയത്തിനു ശേഷമുള്ള അനധികൃത നിർമ്മാണം

2013 – ലെ വസ്തു നികുതി നിർണ്ണയവേളയിൽ, മുമ്പ് പഞ്ചായത്ത് അനുവദിച്ച പെർമിറ്റിലെ അതേ അളവിൽ വസ്തു നികുതി നിർണ്ണയം നടത്തിയ ഏതാനും കെട്ടിടങ്ങൾ നേരിട്ട് സന്ദർശിച്ചപ്പോൾ, അനധികൃതമായി കൂട്ടിച്ചേർക്കൽ/വിപുലീകരണം നടത്തിയിരിക്കുന്നതായി കണ്ടെത്തി. നിലവിലുള്ള കെട്ടിടങ്ങൾക്ക് മേൽ കൂട്ടിച്ചേർക്കലുകൾ നടത്തുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ (97A(8), (9), 97C(1), (3)) ലംഘിച്ചാണ് പ്രസ്തുത നിർമ്മാണങ്ങൾ നടത്തിയത്. പഞ്ചായത്തിൽ നിന്ന് നിർമ്മാണ പെർമിറ്റ് നേടാതെ നടത്തിയ ഈ നിർമ്മാണങ്ങൾക്കെതിരെ നാളിതുവരെ യാതൊരു നടപടിയും സെക്രട്ടറി സ്വീകരിച്ചിട്ടുമില്ല. 2013-ൽ പഞ്ചായത്ത് ഉദ്യാഗസ്ഥർ നേരിട്ട് കെട്ടിടങ്ങൾ അളന്നു തിട്ടപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച വേളയിൽ മേൽ ചട്ടലംഘനങ്ങൾ ഉണ്ടായിട്ടില്ലെന്നും ഈ നിർമ്മാണങ്ങൾ 2013–നു ശേഷം മാത്രം നടത്തിയിട്ടുള്ളതാണെന്നുമാണ് ഇത് വ്യക്തമാക്കുന്നത്.

സി) അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള ഫീസ് 19.05 കോടി രൂപ

ചട്ടങ്ങൾ ലംഘിച്ച് അനധികൃതമായി നിർവ്വഹിച്ചിട്ടുള്ള നിർമ്മാണങ്ങളിലെ / കൂട്ടിച്ചേർക്കലുകളിലെ / വിപുലീകരണത്തിലെ നിയമവിരുദ്ധമായി നിർമ്മിച്ച ഭാഗം നിലവിലുള്ള ചട്ടങ്ങൾക്ക് അനുരൂപമാക്കുവാനോ അല്ലെങ്കിൽ അത്രയും ഭാഗം പൊളിച്ചുകളയുവാനോ ഉടമസ്ഥനോട് അതത് സെക്രട്ടറിമാർ ആവശ്യപ്പെടേണ്ടതാണ് (ചട്ടം 20). 134 മുതൽ 138 വരെയുള്ള ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കാമെങ്കിൽ അതിനുള്ള നടപടികൾ സെക്രട്ടറിമാർക്ക് സ്വീകരിക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 21.08.2014 ലെ 150/2014 നമ്പർ ഉത്തരവ് പ്രകാരം പ്രസദ്ധീകരിച്ച 2014-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട (അനധികൃത നിർമ്മാണ ക്രമവൽക്കരണം) ചട്ടങ്ങൾക്കു അനുസൃതമായിട്ടാണ് ക്രമവൽക്കരണം പൂർത്തിയാക്കേണ്ടത്. 31.03.2013 നോ അതിന് മുൻപോ പൂർത്തിയാക്കിയ കെട്ടിടങ്ങൾക്കാണ് ഈ ചട്ടങ്ങൾ ബാധകമാകുന്നത് എങ്കിലും ക്രമവൽക്കരണ ചട്ടങ്ങൾ പരിഷ്കരിച്ച് കാലികമാക്കുന്നതുവരെ നിലവിലുള്ള ചട്ടങ്ങൾക്ക് അനുസൃതമായിട്ടാണ് സർക്കാർ ക്രമവൽക്കരണ നടപടികൾ പൂർത്തിയാക്കി വരുന്നത്.

നേരിട്ട് സന്ദർശിച്ച കെട്ടിടങ്ങളിൽ കണ്ടെത്തിയ അനധികൃത കൂട്ടിച്ചേർക്കൽ / വിപുലീകരണ വിശദാംശങ്ങൾ 2014 – ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട (അനധികൃത നിർമ്മാണ ക്രമവൽക്കരണം) ചട്ടങ്ങളിലെ അനുബന്ധം – 2 ൽ കൊടുത്തിരിക്കുന്ന സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെങ്കിൽ 3, 4, 5 ചട്ടങ്ങളിലെ നടപടിക്രമങ്ങൾ സ്വീകരിച്ച് അനുബന്ധം – 1 (2) പട്ടികയിൽ സൂചിപ്പിക്കുന്ന കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി നിർമ്മാണം ക്രമവൽക്കരിച്ചാൽ ലഭിക്കുന്ന 19.05 കോടി രൂപയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

			1	2		3	
KPBR ലെ വകുപ്പുകൾ		ഗ്രാമപഞ്ചായത്ത്	മൂന്നാർ	മൂന്നാർ		മൂന്നാർ	
		കാറ്റഗറി	1	1		1	
		സ്ഥാപനം	**ബെൽമൗണ്ട് ഹോട്ടൽ** (13/252) സാലി ബാബു, പഴയ മൂന്നാർ (സർവ്വെ നം.61/6)	**ഈസ്റ്റ് എന്റ് ഹോട്ടൽ** (10/05(എ 1-4) വർക്കിച്ചായൻ, ഇടശ്ശേരി, മൂന്നാർ (സർവ്വെ നം.62/28 എ 1)		**എൽസിയം ഗാർഡൻസ്** (10/532-535) മൂന്നാർ (സർവ്വെ നം.62/25,607)	
(A) പെർമ്മിറ്റ് ഇല്ലാതെ നിർമ്മിച്ചത്	1	ലഭിച്ച പെർമ്മിറ്റ് /ആകെ വിസ്തീർണ്ണം (ച.മീറ്റർ)	15/05-06 (1549.24)	26/05-06/27.1.09 4509.50		01/13-14/13.5.13 (1124.00)	
	2	2013-ലെ നികുതി നിർണ്ണയ പ്രകാരം ആകെ വിസ്തീർണ്ണം (ച.മീറ്റർ) *	1549.00	4525.36		1236.00	
	3	നിലവിലുള്ള ആകെ തറവിസ്തീർണ്ണം (ച. മീറ്റർ)	2239.84	6772.98		2390.47	
	4	പെർമ്മിറ്റ് ഇല്ലാതെ നിർമ്മിച്ചത് (ച. മീറ്റർ)	690.60	2263.48		1266.47	
	5	ക്രമവൽക്കരിക്കുന്നതിന്റെ കോമ്പൗണ്ടിംഗ് ഫീസ്	690.60x[20x7] +(12500/20)]	2263.48x[(20x7) + 10000/20]		1266.47x[20x7]+ 10000/20]	
	6	**ക്രമവൽക്കരിക്കാൻ ഒടുക്കേണ്ട തുക (രൂപയിൽ)**	**528309.00**	**1448627.20**		**810540.80**	
(B) കാർ പാർക്കിംഗ് (ചട്ടം 38)	1	12 ച.മീറ്റർ കുറഞ്ഞ മുറികൾ/കാർ പാർക്ക് എണ്ണം	32	8			
	2	12-20 ച.മീറ്റർ അളവുള്ള മുറികൾ/-ടി-	18	8	40	16	
	3	20 ച.മീറ്ററിൽ കൂടുതൽ ഉള്ള മുറികൾ/-ടി-	4	3	72	48	
	4	റസ്റ്റോറന്റ് സീറ്റിംഗ് /അളവ് ച.മീ./-ടി-	40 എണ്ണം	4	102 എണ്ണം	11	
	5	വ്യാപാര സ്ഥാപനങ്ങൾ/-ടി-					
	6	ആവശ്യം വേണ്ടത് (എണ്ണം)*		23		75	
	7	നിലവിലുള്ള പാർക്കിംഗ് (എണ്ണം)	6	40			
	8	കുറവ് പാർക്കിംഗ്	17	35			
	9	**ക്രമവൽക്കരിക്കാൻ ഒടുക്കേണ്ട തുക ഒരെണ്ണത്തിന് @ 5,00,000/-**	**8500000.00**	**17500000.00**		**0**	
(C)	1	പ്ലോട്ട് ഏരിയ (ച.മീറ്റർ)	465			0	
	2	ഫീസില്ലാതെ അനുവദിനീയമായ FAR	2.5			0	

എ.ആർ. ചട്ടം(35)	3	നിലവിലുള്ള FAR ഏരിയ (ച.മീറ്റർ)	2110.84		0
	4	ഫീസില്ലാതെ അനുവദനീയമായ FAR ഏരിയ (പ്ലോട്ട് ഏരിയ x 2.5/1.5 (ച.മീറ്റർ)	1162.50		0
	5	ചട്ടം 35 പട്ടിക 2 കോളം 4 (എ)/5(എ)-യിൽ അധികരിക്കുന്ന സംഗതിയിൽ അധിക നിർമ്മിതിക്ക് ച.മീറ്ററിന് @6,000/-	4185000.00		0
	6	അധിക FAR ഏരിയായ്ക്ക് ഒടുക്കേണ്ട ഫീസ് (ചട്ടം 35 പട്ടിക 2 കോളം 4(ബി)/5(ബി)-യിൽ അധികരിക്കുന്ന സംഗതിയിൽ അധിക നിർമ്മിതിക്ക് ച.മീറ്ററിന് @9,000/-	2257560.00		0
	7	**ക്രമവൽക്കരിക്കാൻ ഒടുക്കേണ്ട തുക**	**6442560.00**	**0.00**	**0.00**
(D) കവറേജ് ചട്ടം (35)	1	അനുവദനീയമായ കവറേജ് ഏരിയ (പ്ലോട്ട് ഏരിയയുടെ 65%) (ച.മീറ്റർ)	302.25	0.00	0.00
	2	നിലവിലുള്ള കവറേജ് ഏരിയ	388.80		
	3	അധിക കവറേജ് ഏരിയയ്ക്ക് ഒടുക്കേണ്ട ഫീസ് (അധിക നിർമ്മിതി) X @ 2500/ ച.മീറ്റർ	216375.00	0.00	0.00
(E) പ്രവേശന മാർഗ്ഗം (ചട്ടം 37)	1	പ്രവേശന മാർഗ്ഗത്തിന്റെ വീതി (മീ.)			3.10
	2	പ്രവേശന മാർഗ്ഗത്തിന് അനുസൃതമായി നിർമ്മിക്കാവുന്ന തറവിസ്തീർണ്ണം (ച.മീറ്റർ)			300.00
	3	**അധിക നിർമ്മിതിക്ക് ഒടുക്കേണ്ട ഫീസ് (A3-E2) ച.മീറ്ററിന് @ 2500/-**			**5226175.00**
അധിക നിർമ്മിതി ക്രമവൽക്കരിക്കാനായി ആകെ ഒടുക്കേണ്ട ഫീസ് (A+B+C+D+E)			**15687244.00**	**18948627.20**	**6036715.80**

കുറിപ്പ്	ഇല്ല	15.86 ച.മീറ്റർ അധിക നിർമ്മാണ പെർമിറ്റിന്റെയോ/ ക്രമവൽക്കരിച്ചതിന്റെയോ വിശദാംശങ്ങൾ പഞ്ചായത്തിലോ സ്ഥാപനത്തിലോ ഇല്ല.	112 ച.മീറ്റർ അധിക നിർമ്മാണ പെർമിറ്റിന്റെയോ/ ക്രമവൽക്കരിച്ചതിന്റെയോ വിശദാംശങ്ങൾ പഞ്ചായത്തിലോ സ്ഥാപനത്തിലോ ഇല്ല.

KPBR ലെ വകുപ്പുകൾ			7		8		9	
		ഗ്രാമപഞ്ചായത്ത്	മൂന്നാർ		മൂന്നാർ		മൂന്നാർ	
		കാറ്റഗറി	1		1		1	
		സ്ഥാപനം	മൂന്നാർ ഇൻ (19/589) വർഗീസ് പീറ്റർ മൂന്നാർ (സർവ്വെ നം. 62/28 എ)		ഗ്രാന്റ് പ്ലാസ (11/42) ഡോ. സേവ്യർ മാത്യൂ പഴയ മൂന്നാർ (സർവ്വെ നം. 61/14)		വെസ്റ്റ് വുഡ് (11/38) എം.എസ്.എ റോഡ് പഴയ മൂന്നാർ (സർവ്വെ നം. 61/14-16)	
(A) പെർമിറ്റില്ലാതെ നിർമ്മിച്ചത്	1	ലഭിച്ച പെർമിറ്റ്/ ആകെ വിസ്തീർണ്ണം (ച. മീറ്റർ)	വിവരം ലഭ്യമല്ല		10/03-04/27.07.06 (2174.95)		1676.00	
	2	2013-ലെ നികുതി നിർണ്ണയ പ്രകാരം ആകെ വിസ്തീർണ്ണം (ച.മീറ്റർ)	500		1980.00		1676.00	
	3	നിലവിലുള്ള ആകെ തറ വിസ്തീർണ്ണം (ച.മീറ്റർ)	1103.60		2512.18		2060.61	
	4	പെർമിറ്റ് ഇല്ലാതെ നിർമ്മിച്ചത് (ച.മീറ്റർ)	603.60		337.23		384.61	
	5	ക്രമവൽക്കരിക്കുന്നതിന്റെ കോമ്പൗണ്ടിംഗ് ഫീസ്	603.6x (20x7+10000/20)		337.23x (20x7+10000/20)		384.61x (20x7+10000/20)	
	6	**ക്രമവൽക്കരിക്കാൻ ഒടുക്കേണ്ട തുക (രൂപയിൽ)**	**386304.00**		**215827.20**		**246150.40**	
(B) കാർ പാർക്കിംഗ് (ചട്ടം 38)	1	12 ച.മീറ്ററിൽ കുറഞ്ഞ മുറികൾ / കാർ പാർക്ക് എണ്ണം						
	2	12-20 ച. മീറ്ററിൽ അളവുള്ള മുറികൾ /-ടി-	12	5	41	17	24	10
	3	20 ച. മീറ്ററിൽ കൂടുതലുള്ള മുറികൾ /-ടി-			1	1	16	11
	4	റസ്റ്റോറന്റ് സീറ്റിംഗ്/അളവ് ച.മീ./-ടി-	25 എണ്ണം	3	1115 ച.മീ	6	43.25 ച.മീ	3
	5	വ്യാപാര സ്ഥാപനങ്ങൾ /-ടി	105.40 ച.മീ	2				
	6	അവശ്യം വേണ്ടത് (എണ്ണം)		10		24		24
	7	നിലവിലുള്ള പാർക്കിംഗ് (എണ്ണം)	0		7		6	
	8	കുറവ് പാർക്കിംഗ്	10		17		18	

	9	**ക്രമവൽക്കരിക്കാൻ ഒടുക്കേണ്ട തുക ഒരെണ്ണത്തിന് @ 5,00,000/-**	**5000000.00**	**8500000.00**	**9000000.00**
(C) എഫ്.എ.ആർ. ചട്ടം (35)	1	പ്ലോട്ട് ഏരിയ (ച. മീറ്റർ)	202	566.58	486
	2	ഫീസില്ലാതെ അനുവദനീയമായ FAR	2.5	2.5	2.5
	3	നിലവിലുള്ള FAR ഏരിയ (ച. മീറ്റർ)	1103.60	2148.10	2000.61
	4	ഫീസില്ലാതെ അനുവദനീയമായ FAR ഏരിയ (പ്ലോട്ട് ഏരിയ x 2.5/1.5) (ച. മീറ്റർ)	505.00	1416.45	1215
	5	ചട്ടം 35 പട്ടിക 2 കോളം 4(എ)/ 5(എ)-ൽ അധികരിക്കുന്ന സംഗതിയിൽ അധിക നിർമ്മിതിക്ക് ച.മീറ്ററിന് @ 6,000/-	1818000.00	4389900.00	4374000.00
	6	അധിക FAR ഏരിയായ്ക്ക് ഒടുക്കേണ്ട ഫീസ് (ചട്ടം 35 പട്ടിക 2 കോളം 4(ബി)/5(ബി)-ൽ അധികരിക്കുന്ന സംഗതിയിൽ അധിക നിർമ്മിതിക്ക് ച.മീറ്ററിന് @ 9,000/-	2660400.00	0	509490
	7	**ക്രമവൽക്കരിക്കാൻ ഒടുക്കേണ്ട തുക**	**4478400.00**	**4389900.00**	**4883490.00**
(D) കവറേജ് (ചട്ടം 35)	1	അനുവദനീയമായ കവറേജ് ഏരിയാ (പ്ലോട്ട് ഏരിയയുടെ 65%) (ച.മീറ്റർ)	131.30	368.28	315.90
	2	നിലവിലുള്ള കവറേജ് ഏരിയ (ച.മീറ്റർ)	195.30	374.51	443.61
	3	**അധിക കവറേജ് ഏരിയയ്ക്ക് ഒടുക്കേണ്ട ഫീസ് (അധിക നിർമ്മിതി) x @ 2500/ച.മീ.**	**160000.00**	**15575.00**	**319275.00**
(E) പ്രവേശന മാർഗ്ഗം (ചട്ടം 37)	1	പ്രവേശന മാർഗ്ഗത്തിന്റെ വീതി (മീ.)			
	2	പ്രവേശന മാർഗ്ഗത്തിന് അനുസൃതമായി നിർമ്മിക്കാവുന്ന തറവിസ്തീർണ്ണം (ച.മീറ്റർ)			
	3	**അധിക നിർമ്മിതിക്ക് ഒടുക്കേണ്ട ഫീസ് (A3-E2) ച.മീറ്ററിന് @ 2500/-**			
അധിക നിർമ്മിതി ക്രമവൽക്കരിക്കാനായി ആകെ ഒടുക്കേണ്ട ഫീസ് (A+B+C+D+E)			**10024704.00**	**13121302.20**	**14448915.40**

കുറിപ്പ്	603.60 ച.മീ അധിക നിർമ്മാണ പെർമിറ്റിന്റെയോ / ക്രമവൽക്കരിച്ചതിന്റെയോ വിശദാംശങ്ങൾ പഞ്ചായത്തിലോ സ്ഥാപനത്തിലോ ഇല്ല	337.23 ച.മീറ്റർ അധിക നിർമ്മാണ പെർമിറ്റിന്റെയോ/ ക്രമവൽക്കരിച്ചതിന്റെയോ വിശദാംശങ്ങൾ പഞ്ചായത്തിലോ സ്ഥാപനത്തിലോ ഇല്ല. പെർമിറ്റ് നൽകിയതിന്റെ വസ്തുനികുതി പോലും 2013-ൽ കണക്കാക്കിയിട്ടില്ല	384.61 ച. മീ. അധിക നിർമ്മാണ പെർമിറ്റിന്റെയോ/ ക്രമവൽക്കരിച്ചതിന്റെയോ വിശദാംശങ്ങൾ പഞ്ചായത്തിലോ സ്ഥാപനത്തിലോ ഇല്ല

KPBR ലെ വകുപ്പുകൾ		ഗ്രാമപഞ്ചായത്ത്	4		5	6	
		കാറ്റഗറി	മൂന്നാർ		മൂന്നാർ	മൂന്നാർ	
			1		1	1	
		സ്ഥാപനം	ഗ്രീൻ റിഡ്ജ് (13/250) എം. സി മാത്യു മുതൽ 3 പേർ, പഴയ മൂന്നാർ (സർവ്വെ നം. 61/6)		ലെ സെലസ്റ്റിയം (10/1049, 1050) വി. വി. ജോർജ്ജ്, മൂന്നാർ (സർവ്വെ നം. 607/1)	ക്ലൗഡ്സ് വാലി (13/364) എ. ആർ. മോഹനൻ, മൂന്നാർ (സർവ്വെ നം. 61/6)	
(A) പെർമ്മിറ്റില്ലാതെ നിർമ്മിച്ചത്	1	ലഭിച്ച പെർമിറ്റ്/ആകെ വിസ്തീർണ്ണം (ച. മീറ്റർ)	19/05-06/23.11.05, 10/06-07/15.11.06 (1751.200)		08/05.06/10.08.05 (1197.29)	10/05-06/25.09.08 (2150.31)	
	2	2013-ലെ നികുതി നിർണ്ണയ പ്രകാരം ആകെ വിസ്തീർണ്ണം (ച. മീറ്റർ)	1751.00		1912.00	2150.31	
	3	നിലവിലുള്ള ആകെ വിസ്തീർണ്ണം (ച. മീറ്റർ)	2101.25		1912.00	3165.37	
	4	പെർമിറ്റ് ഇല്ലാതെ നിർമ്മിച്ചത് (ച. മീറ്റർ)	350.05		714.71	1015.06	
	5	ക്രമവൽക്കരിക്കുന്നതിന്റെ കോമ്പൗണ്ടിംഗ് ഫീസ്	350.05x[(20x7)+10000/20]		714.71x[(20x7)+10000/20]	1015.06x[(20x7)+10000/20]	
	6	ക്രമവൽക്കരിക്കാൻ ഒടുക്കേണ്ട തുക (രൂപയിൽ)	**224032.00**		**457414.40**	**649638.40**	
	1	12 ച. മീറ്ററിൽ കുറഞ്ഞ മുറികൾ/കാർ പാർക്ക് എണ്ണം			17	5	
	2	12-20 ച. മീറ്റർ അളവുള്ള മുറികൾ/-ടി-	31	13	18	8	
	3	20 ച. മീറ്ററിൽ കൂടുതലുള്ള മുറികൾ/-ടി-	9	6			

(B) കാർ പാർക്കിംഗ് (ചട്ടം 38)	4	റസ്റ്റോറന്റ് സീറ്റിംഗ്/അളവ് ച.മീ./-ടി-	50 എണ്ണം	5	40 എണ്ണം	4	
	5	വ്യാപാര സ്ഥാപനങ്ങൾ/-ടി-					
	6	ആവശ്യം വേണ്ടത് (എണ്ണം)*		24		17	
	7	നിലവിലുള്ള പാർക്കിംഗ് (എണ്ണം)	8		6		
	8	കുറവ് പാർക്കിംഗ്	16		11		
	9	**ക്രമവൽക്കരിക്കാൻ ഒടുക്കേണ്ട തുക ഒരെണ്ണത്തിന് @ 5,00,000/-**	**8000000.00**		**5500000.00**		
(C)എഫ്. എ. ആർ. (ചട്ടം 35)	1	പ്ലോട്ട് ഏരിയ (ച. മീറ്റർ)	546.20		475.41		607
	2	ഫീസില്ലാതെ അനുവദനീയമായ FAR	2.5		2.5		2.5
	3	നിലവിലുള്ള FAR ഏരിയ (ച. മീറ്റർ)	2101.25		1836.30		2691.70
	4	ഫീസില്ലാതെ അനുവദനീയമായ FAR ഏരിയ (പ്ലോട്ട് ഏരിയ x 2.5/1.5) (ച. മീറ്റർ)	1365.50		1188.53		1517.50
	5	ചട്ടം 35 പട്ടിക 2 കോളം 4(എ)/5(എ)-യിൽ അധികരിക്കുന്ന സംഗതിയിൽ അധിക നിർമ്മിതിക്ക് ച. മീറ്ററിന് @ 6,000/-	4414500.00		3886620.00		5463000.00
	6	അധിക FAR ഏരിയായ്ക്ക് ഒടുക്കേണ്ട ഫീസ് (ചട്ടം 35 പട്ടിക 2 കോളം 4(ബി)/5(ബി)-യിൽ അധികരിക്കുന്ന സംഗതിയിൽ അധിക നിർമ്മിതിക്ക് ച. മീറ്ററിന് @ 9,000/-	0		0		2373300.00
	7	**ക്രമവൽക്കരിക്കാൻ ഒടുക്കേണ്ട തുക**	**4414500.00**		**3886620.00**		**7836300.00**
(D) കവറേജ് (ചട്ടം 35)	1	അനുവദനീയമായ കവറേജ് ഏരിയാ (പ്ലോട്ട് ഏരിയയുടെ 65%)(ച. മീറ്റർ)	0.00		309.02		394.55
	2	നിലവിലുള്ള കവറേജ് ഏരിയ (ച. മീറ്റർ)			350.44		585.94
	3	**അധിക കവറേജ് ഏരിയയ്ക്ക് ഒടുക്കേണ്ട ഫീസ് (അധിക നിർമ്മിതി) x @ 2500/ ച. മീ.**	**0.00**		**103550.00**		**478475.00**
	1	പ്രവേശന മാർഗ്ഗത്തിന്റെ വീതി (മീ)					3.70
	2	പ്രവേശന മാർഗ്ഗത്തിന് അനുസൃതമായി നിർമ്മിക്കാവുന്ന തറവിസ്തീർണ്ണം (ച. മീറ്റർ)					1500

(E) പ്രവേശന മാർഗ്ഗം (ചട്ടം 37)	3	അധിക നിർമ്മിതിക്ക് ഒടുക്കേണ്ട ഫീസ് (A3-E2) ച. മീറ്ററിന് @2500/-			4163425.00
അധിക നിർമ്മിതി ക്രമവൽക്കരിക്കാനായി ആകെ ഒടുക്കേണ്ട ഫീസ് (A+B+C+D+E)			12638532.00	9947584.40	13127838.40
			714.71 ച.മീ അധിക നിർമ്മാണ പെർമിറ്റിന്റെയോ /ക്രമവൽക്കരിച്ചതിന്റെയോ വിശദാംശങ്ങൾ പഞ്ചായത്തിലോ സ്ഥാപനത്തിലോ ഇല്ല		

KPBR ലെ വകുപ്പുകൾ			10	11	12
		ഗ്രാമപഞ്ചായത്ത്	മൂന്നാർ	മൂന്നാർ	മൂന്നാർ
		കാറ്റഗറി	1	1	1
		സ്ഥാപനം	അർച്ചന റസിഡൻസി (11/33)ഐ. ജോർജ്, എം.എസ്.എ. റോഡ്, പഴയ മൂന്നാർ (സർവ്വെ നം. 61/14 പി)	ഹൈറേഞ്ച് ഇൻ (13/248) സമുദ്ര പാണ്ഡ്യൻ പഴയ മൂന്നാർ (സർവ്വെ നം. 61/06)	ഐസക് റസിഡൻസി (10/342-344) കെ. പി. ഐസക് മൂന്നാർ (സർവ്വെ നം. 36/98-99)
(A) പെർമിറ്റില്ലാതെ നിർമ്മിച്ചത്	1	ലഭിച്ച പെർമിറ്റ് / ആകെ വിസ്തീർണ്ണം (ച. മീറ്റർ)	9/04-05/ 13.07.04(1365.20)	14/05-06/ 27.10.05(678)	36/98-99
	2	2013-ലെ നികുതി നിർണ്ണയ പ്രകാരം ആകെ വിസ്തീർണ്ണം (ച.മീറ്റർ)*	1365.20	200.00	1350.00
	3	നിലവിലുള്ള ആകെ തറ വിസ്തീർണ്ണം (ച. മീറ്റർ)	1761.40	789.00	2376.28
	4	പെർമിറ്റ് ഇല്ലാതെ നിർമ്മിച്ചത് (ച.മീറ്റർ)	396.20	111.00	1026.28
	5	ക്രമവൽക്കരിക്കുന്നതിന്റെ കോമ്പൗണ്ടിംഗ് ഫീസ്	396.2x (20x7+10000/20)	111x(20x7+ 10000/20)	1026.28x(20x7+ 10000/20)
	6	**ക്രമവൽക്കരിക്കാൻ ഒടുക്കേണ്ട തുക (രൂപയിൽ)**	**253568.00**	**71040.00**	**656819.20**

(B) കാർ പാർക്കിംഗ് (ചട്ടം 38)	1	12 ച. മീറ്ററിൽ കുറഞ്ഞ മുറികൾ / കാർ പാർക്ക് എണ്ണം	15	4			7	2
	2	12-20 ച. മീറ്ററിൽ അളവുള്ള മുറികൾ/-ടി-	9	4	20	8	20	8
	3	20 ച. മീറ്ററിൽ കൂടുതലുള്ള മുറികൾ /-ടി-					5	4
	4	റസ്റ്റോറന്റ് സീറ്റിംഗ്/അളവ് ച.മീ./-ടി-	50 എണ്ണം	5	40 എണ്ണം	4	68 എണ്ണം	7
	5	വ്യാപാര സ്ഥാപനങ്ങൾ /-ടി						
	6	അവശ്യം വേണ്ടത് (എണ്ണം)		13		12		21
	7	നിലവിലുള്ള പാർക്കിംഗ് (എണ്ണം)	0		0		10	
	8	കുറവ് പാർക്കിംഗ്	13		12		11	
	9	**ക്രമവൽക്കരിക്കാൻ ഒടുക്കേണ്ട തുക ഒരെണ്ണത്തിന് @ 5,00,000/-**	**6500000.00**		**6000000.00**		**5500000.00**	
(C) എഫ്. എ. ആർ. (ചട്ടം 35)	1	പ്ലോട്ട് ഏരിയ (ച. മീറ്റർ)	404		222.53			
	2	ഫീസില്ലാതെ അനുവദനീയമായ FAR	2.5		2.5			
	3	നിലവിലുള്ള FAR ഏരിയ (ച. മീറ്റർ)	1323.20		755.00			
	4	ഫീസില്ലാതെ അനുവദനീയമായ FAR ഏരിയ (പ്ലോട്ട് ഏരിയ x 2.5/1.5) (ച. മീറ്റർ)	1010.00		556.33			
	5	ചട്ടം 35 പട്ടിക 2 കോളം 4(എ)/ 5(എ)-ൽ അധികരിക്കുന്ന സംഗതിയിൽ അധിക നിർമ്മിതിക്ക് ച.മീറ്ററിന് @ 6,000/-	1879200.00		1192050.00			
	6	അധിക FAR ഏരിയായ്ക്ക് ഒടുക്കേണ്ട ഫീസ് (ചട്ടം 35 പട്ടിക 2 കോളം 4(ബി)/5(ബി)-ൽ അധികരിക്കുന്ന സംഗതിയിൽ അധിക നിർമ്മിതിക്ക് ച.മീറ്ററിന് @ 9,000/-	0					
	7	**ക്രമവൽക്കരിക്കാൻ ഒടുക്കേണ്ട തുക**	**1879200.00**		**1192050.00**		**0.00**	

(D) കവറേജ് (ചട്ടം 35)	1	അനുവദനീയമായ കവറേജ് ഏരിയ (പ്ലോട്ട് ഏരിയയുടെ 65%) (ച.മീറ്റർ)	262.60	144.65	
	2	നിലവിലുള്ള കവറേജ് ഏരിയ (ച.മീറ്റർ)	273.04	189.01	
	3	**അധിക കവറേജ് ഏരിയയ്ക്ക് ഒടുക്കേണ്ട ഫീസ് (അധിക നിർമ്മിതി) x @ 2500/ച.മീ**	**26100.00**	**110900.00**	
(E) പ്രവേശന മാർഗ്ഗം (ചട്ടം 37)	1	പ്രവേശന മാർഗ്ഗത്തിന്റെ വീതി (മീ.)			
	2	പ്രവേശന മാർഗ്ഗത്തിന് അനുസൃതമായി നിർമ്മിക്കാവുന്ന തറവിസ്തീർണ്ണം (ച.മീറ്റർ)			
	3	**അധിക നിർമ്മിതിക്ക് ഒടുക്കേണ്ട ഫീസ് (A3-E2) ച.മീറ്ററിന് @ 2500/-**			
അധിക നിർമ്മിതി ക്രമവൽക്കരിക്കാനായി ആകെ ഒടുക്കേണ്ട ഫീസ് (A+B+C+D+E)			**8658868.00**	**7373990.00**	**6156819.20**
കുറിപ്പ്			396.20 ച.മീറ്റർ അധിക നിർമ്മാണ പെർമിറ്റിന്റെയോ/ ക്രമവൽക്കരിച്ചതിന്റെയോ വിശദാംശങ്ങൾ പഞ്ചായത്തിലോ സ്ഥാപനത്തിലോ ഇല്ല	111 ച.മീറ്റർ അധിക നിർമ്മാണ പെർമിറ്റിന്റെയോ /ക്രമവൽക്കരിച്ചതിന്റെയോ വിശദാംശങ്ങൾ പഞ്ചായത്തിലോ സ്ഥാപനത്തിലോ ഇല്ല. പെർമിറ്റ് നൽകിയതിന്റെ വസ്തുനികുതി പോലും 2013-ൽ കണക്കാക്കാനിടയില്ല	1026.28 ച.മീറ്റർ അധിക നിർമ്മാണ പെർമിറ്റിന്റെയോ/ ക്രമവൽക്കരിച്ചതിന്റെയോ വിശദാംശങ്ങൾ പഞ്ചായത്തിലോ സ്ഥാപനത്തിലോ ഇല്ല

KPBR-ലെ വകുപ്പുകൾ			13	14	15
		ഗ്രാമപഞ്ചായത്ത്	**ചിന്നക്കനാൽ**	**ചിന്നക്കനാൽ**	**ചിന്നക്കനാൽ**
		കാറ്റഗറി	2	2	2
		സ്ഥാപനം	**ക്ലബ് മഹീന്ദ്ര ഹിൽ ടോപ്പ് റിസോർട്ട്** (1/626-631) (സർവ്വെ നം. 20-1 / 201, 202)	**മൂന്നാർ ക്ലൗഡ്സ്** (2/540) ശ്രീവൽസം, വരുൺരാജ് പിള്ള (സർവ്വെ നം. 357/2)	**ടീ മൗണ്ട്** (1/635-650), പീറ്റർ ലെസ്‌ലി ഒലിവർ, കൊച്ചി (സർവ്വെ നം. 1/1)

(A) പെർമിറ്റില്ലാതെ നിർമ്മിച്ചത്	1	ലഭിച്ച പെർമിറ്റ്/ആകെ വിസ്തീർണ്ണം (ച.മീറ്റർ)	A3-244 1/13/27.8.13 (4015.55)		A1-65/bldg/ KMBR 08-09/13.5.08 (840)		A2-6/2007/07-03-07, 476.34	
	2	2013-ലെ നികുതി നിർണ്ണയ പ്രകാരം ആകെ വിസ്തീർണ്ണം (ച.മീറ്റർ)*					1154	
	3	നിലവിലുള്ള ആകെ തറവിസ്തീർണ്ണം (ച.മീറ്റർ)	4253.81		1337.175		1154	
	4	പെർമിറ്റ് ഇല്ലാതെ നിർമ്മിച്ചത് (ച.മീറ്റർ)			497.18		677.66	
	5	ക്രമവൽക്കരിക്കുന്നതിന്റെ കോമ്പൗണ്ടിംഗ് ഫീസ്			497.18x(20x7+ 10000/20)		677.66x(20x7+10000/20)	
	6	ക്രമവൽക്കരിക്കാൻ ഒടുക്കേണ്ട തുക (രൂപയിൽ)			**318192.00**		**433702.40**	
(B) കാർ പാർക്കിംഗ് (ചട്ടം 38)	1	12 ച.മീറ്ററിൽ കുറഞ്ഞ മുറികൾ/കാർ പാർക്ക് എണ്ണം						
	2	12-20 ച.മീറ്റർ അളവുള്ള മുറികൾ/-ടി-			20	8		
	3	20 ച.മീറ്ററിൽ കൂടുതലുള്ള മുറികൾ/-ടി-	51	34			16	11
	4	റസ്റ്റോറന്റ് സീറ്റിംഗ്/അളവ് ച.മീ/-ടി-	103.26	6	36	4	20	2
	5	വ്യാപാര സ്ഥാപനങ്ങൾ/ -ടി-						
	6	ആവശ്യം വേണ്ടത് (എണ്ണം) *	*	30	*	9	*	10
	7	നിലവിലുള്ള പാർക്കിംഗ് (എണ്ണം)	2		0		5	
	8	കുറവ് പാർക്കിംഗ്	28		9		5	
	9	**ക്രമവൽക്കരിക്കാൻ ഒടുക്കേണ്ട തുക ഒരെണ്ണത്തിന് @ 5,00,000/-**	**14000000.00**		**4500000.00**		**2500000.00**	
	1	പ്ലോട്ട് ഏരിയ (ച.മീറ്റർ)			407.00		405.00	
	2	ഫീസില്ലാതെ അനുവദനീയമായ FAR			1.50		1.50	
	3	നിലവിലുള്ള FAR ഏരിയ (ച.മീറ്റർ)			1270.18		1122.00	
	4	ഫീസില്ലാതെ അനുവദനീയമായ FAR ഏരിയ (പ്ലോട്ട് ഏരിയ x			610.50		607.50	

(D) ഫ്.എ.ആർ (ചട്ടം 35)		2.5/1.5) (ച.മീറ്റർ)	.		
	5	ചട്ടം 35 പട്ടിക 2 കോളം 4 (എ)/5 (എ)-യിൽ അധികരിക്കുന്ന സംഗതിയിൽ അധിക നിർമ്മിതിക്ക് ച.മീറ്ററിന് @ 6,000/-		1831500.00	1822500.00
	6	അധിക FAR ഏരിയായ്ക്ക് ഒടുക്കേണ്ട ഫീസ് (ചട്ടം 35 പട്ടിക 2 കോളം 4 (ബി)/5 (ബി)-യിൽ അധികരിക്കുന്ന സംഗതിയിൽ അധിക നിർമ്മിതിക്ക് ച.മീറ്ററിന് @ 9,000/-		3189825.00	1896750.00
	7	**ക്രമവൽക്കരിക്കാൻ ഒടുക്കേണ്ട തുക**	**0.00**	**5021325.00**	**3719250.00**
(D) കവറേജ് (ചട്ടം 35)	1	അനുവദനീയമായ കവറേജ് ഏരിയാ (പ്ലോട്ട് ഏരിയയുടെ 65%) (ച.മീറ്റർ)			
	2	നിലവിലുള്ള കവറേജ് ഏരിയ (ച.മീറ്റർ)			
	3	**അധിക കവറേജ് ഏരിയയ്ക്ക് ഒടുക്കേണ്ട ഫീസ് (അധിക നിർമ്മിതി) x @ 2500/ച.മീ**			
E) പ്രവേശന മാർഗ്ഗം (ചട്ടം 37)	1	പ്രവേശന മാർഗ്ഗത്തിന്റെ വീതി (മീ.)	3.8-4		
	2	പ്രവേശന മാർഗ്ഗത്തിന് അനുസൃതമായി നിർമ്മിക്കാവുന്ന തറവിസ്തീർണ്ണം (ച.മീറ്റർ)	1500		
	3	**അധിക നിർമ്മിതിക്ക് ഒടുക്കേണ്ട ഫീസ് (A3-E2) ച.മിറ്ററിന് @ 2500/-**	**6884525.00**		
അധിക നിർമ്മിതി ക്രമവൽക്കരിക്കാനായി ആകെ ഒടുക്കേണ്ട ഫീസ് **(A+B+C+D+E)**			20884525.00	9839517.00	6652952.40
കുറിപ്പ്			*കാറ്റഗറി 2 ൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് ആയതിനാൽ കണക്കാക്കിയ പാർക്കിംഗിന്റെ 75% മതിയാകുന്നതാണ്	ഇല്ല	ഇല്ല

KPBR-ലെ വകുപ്പുകൾ			16		17		18	
		ഗ്രാമപഞ്ചായത്ത്	ചിന്നക്കനാൽ		പള്ളിവാസൽ		പള്ളിവാസൽ	
		കാറ്റഗറി	2		2		2	
		സ്ഥാപനം	ക്ലബ് മൂന്നാർ (1/145 – 157), ലെസ്‌ലി ജോൺ പീറ്റർ (കെ. എം. റോയി) (സർവ്വെ നം. 1/1)		ഹോട്ടൽ പനോരമിക് സോനാ ബന്നറ്റ് (സർവ്വെ നം. 158/4)		മൺസൂൺ ഗ്രാൻഡെ സജീവ് ജോൺ താന്നിക്കൽ (സർവ്വെ നം. 213/15)	
(A) പെർമിറ്റ് ഇല്ലാതെ നിർമ്മിച്ചത്	1	ലഭിച്ച പെർമിറ്റ്/ആകെ വിസ്തീർണ്ണം (ച.മീറ്റർ)	A2-5/2007/ 15.2.2007 (641.86)		A3-15/11-12/24.1.12 (3622.17)		A3-08/11-12/2.9.11 (896.78)	
	2	2013-ലെ നികുതി നിർണ്ണയ പ്രകാരം ആകെ വിസ്തീർണ്ണം (ച.മീറ്റർ)	786.50		3622.17		896.78	
	3	നിലവിലുള്ള ആകെ തറ വിസ്തീർണ്ണം (ച.മീറ്റർ)	786.50		4554.23		1111.20	
	4	പെർമിറ്റ് ഇല്ലാതെ നിർമ്മിച്ചത് (ച.മീറ്റർ)	144.64		932.06		214.42	
	5	ക്രമവൽക്കരിക്കുന്നതിന്റെ കോമ്പൗണ്ടിംഗ് ഫീസ്	144.64 x (20x7+10000/20)		932.06x (20x7+10000/20)		214.42x (20x7+10000/20)	
	6	**ക്രമവൽക്കരിക്കാൻ ഒടുക്കേണ്ട തുക (രൂപയിൽ)**	**92569.60**		**596518.40**		**137228.80**	
(B) കാർ പാർക്കിംഗ് (ചട്ടം 38)	1	12 ച.മീറ്ററിൽ കുറഞ്ഞ മുറികൾ/കാർ പാർക്ക് എണ്ണം						
	2	12-20 ച.മീറ്റർ അളവുള്ള മുറികൾ/-ടി-			52	21		
	3	20 ച.മീറ്ററിൽ കൂടുതലുള്ള മുറികൾ/-ടി-	13	9	3	2		
	4	റസ്റ്റോറന്റ് സീറ്റിംഗ്/അളവ് ച.മീ/-ടി-	36	4	150	8		
	5	വ്യാപാര സ്ഥാപനങ്ങൾ/-ടി-						
	6	ആവശ്യം വേണ്ടത് (എണ്ണം)*	*	10	*	24		
	7	നിലവിലുള്ള പാർക്കിംഗ് (എണ്ണം)	0		13			
	8	കുറവ് പാർക്കിംഗ്	10		11			
	9	**ക്രമവൽക്കരിക്കാൻ ഒടുക്കേണ്ട തുക ഒരെണ്ണത്തിന് @5,00,000/-**	**5000000.00**		**5500000.00**		**0.00**	

(C) എഫ്.എ.ആർ. (ചട്ടം 35)	1	പ്ലോട്ട് ഏരിയ (ച.മീറ്റർ)	405.00		650
	2	ഫീസില്ലാതെ അനുവദനീയമായ FAR	1.50		1.5
	3	നിലവിലുള്ള FAR ഏരിയ (ച.മീറ്റർ)	756.50		1111.2
	4	ഫീസില്ലാതെ അനുവദനീയമായ FAR ഏരിയ (പ്ലോട്ട് ഏരിയ x2.5/1.5) ച.മീറ്റർ	607.50		975
	5	ചട്ടം 35 പട്ടിക 2 കോളം 4(എ)/5(എ)-യിൽ അധികരിക്കുന്ന സംഗതിയിൽ അധിക നിർമ്മിതിക്ക് ച.മീറ്ററിന് @6,000/-	894000.00		817200.00
	6	അധിക FAR ഏരിയായ്ക്ക് ഒടുക്കേണ്ട ഫീസ് (ചട്ടം 35 പട്ടിക 2 കോളം 4(ബി)/5(ബി)-യിൽ അധികരിക്കുന്ന സംഗതിയിൽ അധിക നിർമ്മിതിക്ക് ച.മീറ്ററിന് @9,000/-			
	7	**ക്രമവൽക്കരിക്കാൻ ഒടുക്കേണ്ട തുക**	**894000.00**	**0.00**	**817200.00**
(D) കവറേജ് (ചട്ടം 35)	1	അനുവദനീയമായ കവറേജ് ഏരിയാ (പ്ലോട്ട് ഏരിയയുടെ 65%) (ച.മീറ്റർ)			
	2	നിലവിലുള്ള കവറേജ് ഏരിയ (ച.മീറ്റർ)			
	3	അധിക കവറേജ് ഏരിയയ്ക്ക് ഒടുക്കേണ്ട ഫീസ് (അധിക നിർമ്മിതി) x @ 2500/ച.മീ.			
(E) പ്രവേശന മാർഗം (ചട്ടം 37)	1	പ്രവേശന മാർഗ്ഗത്തിന്റെ വീതി (മീ)	3.2		
	2	പ്രവേശന മാർഗ്ഗത്തിന് അനുസൃതമായി നിർമ്മിക്കാവുന്ന തറവിസ്തീർണ്ണം (ച.മീറ്റർ)	300		
	3	**അധിക നിർമ്മിതിക്ക് ഒടുക്കേണ്ട ഫീസ്** (A3 – E2) ച.മീറ്ററിന് @2500/-	**1216250.00**		
അധിക നിർമ്മിതി ക്രമവത്കരിക്കാനായി ആകെ ഒടുക്കേണ്ട ഫീസ് (A+B+C+D+E)			7202819.60	6096518.40	954428.80

കുറിപ്പ്	ഇല്ല	*കാറ്റഗറി 2-ൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് ആയതിനാൽ കണക്കാക്കിയ പാർക്കിംഗിന്റെ 75% മതിയാകുന്നതാണ്	ഇല്ല

			19	20	21
KPBR-ലെ വകുപ്പുകൾ		ഗ്രാമപഞ്ചായത്ത്	പള്ളിവാസൽ	പള്ളിവാസൽ	പള്ളിവാസൽ
		കാറ്റഗറി	2	2	2
		സ്ഥാപനം	**ചാണ്ടീസ് റിസോർട്ട്സ്** മാത്യു കുരുവിള, പെരിങ്ങാട്ട് (സർവ്വെ നം.213/15)	**ജിയോ മാത്യു ചുങ്കത്ത്** (സർവ്വെ നം.49/1-18)	**വണ്ടർലാന്റ് റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്** റോയി ജോസഫ് (സർവ്വെ നം.196/16)
(A) പെർമിറ്റില്ലാതെ നിർമ്മിച്ചത്	1	ലഭിച്ച പെർമിറ്റ്/ആകെ വിസ്തീർണ്ണം (ച.മീറ്റർ)	A3-188/10-11/12.1.11 A3-2/14-15/5.6.11 (3179.94)	A3-3/12-13/7.11.12 (626.02)	A3-5/11-12/3.6.11 (3489.77)
	2	2013-ലെ നികുതി നിർണ്ണയ പ്രകാരം ആകെ വിസ്തീർണ്ണം (ച.മീറ്റർ)	3179.94	626.02	3489.77
	3	നിലവിലുള്ള ആകെ തറ വിസ്തീർണ്ണം (ച.മീറ്റർ)	4232.61	900.94	3742.30
	4	പെർമിറ്റ് ഇല്ലാതെ നിർമ്മിച്ചത് (ച.മീറ്റർ)	1052.67	274.92	252.53
	5	ക്രമവൽക്കരിക്കുന്നതിന്റെ കോമ്പൗണ്ടിംഗ് ഫീസ്	1052.67x(20x7+ 10000/20)	274.92x(20x7+ 10000/20)	252.53x(20x7+ 10000/20)
	6	**ക്രമവൽക്കരിക്കാൻ ഒടുക്കേണ്ട തുക (രൂപയിൽ)**	**673708.80**	**175948.80**	**161619.20**
(B) കാർ പാർക്കിംഗ് (ചട്ടം 38)	1	12 ച.മീറ്ററിൽ കുറഞ്ഞ മുറികൾ/കാർ പാർക്ക് എണ്ണം			
	2	12-20 ച.മീറ്റർ അളവുള്ള മുറികൾ/ -ടി-			
	3	20 ച.മീറ്ററിൽ കൂടുതലുള്ള മുറികൾ/ -ടി-			
	4	റസ്റ്റോറന്റ് സീറ്റിംഗ്/അളവ് ച.മീ./-ടി-			
	5	വ്യാപാര സ്ഥാപനങ്ങൾ/-ടി-			
	6	അവശ്യം വേണ്ടത് (എണ്ണം)*			
	7	നിലവിലുള്ള പാർക്കിംഗ് (എണ്ണം)			
	8	കുറവ് പാർക്കിംഗ്			
	9	**ക്രമവൽക്കരിക്കാൻ ഒടുക്കേണ്ട തുക**	**0.00**	**0.00**	**0.00**

		ഒരെണ്ണത്തിന് @5,00,000/-			
(C) എഫ്.എ.ആർ (ചട്ടം 35)	1	പ്ലോട്ട് ഏരിയ (ച.മീറ്റർ)			2306.79
	2	ഫീസില്ലാതെ അനുവദനീയമായ FAR			1.50
	3	നിലവിലുള്ള FAR ഏരിയ (ച.മീറ്റർ)			3742.30
	4	ഫീസില്ലാതെ അനുവദനീയമായ FAR ഏരിയ (പ്ലോട്ട് ഏരിയ X2.5/1.5) (ച.മീറ്റർ)			3460.19
	5	ചട്ടം 35 പട്ടിക 2 കോളം 4(എ)/5(എ)-യിൽ അധികരിക്കുന്ന സംഗതിയിൽ അധിക നിർമ്മിതിക്ക് ച.മീറ്ററിന് @6,000/-			1692690.00
	6	അധിക FAR ഏരിയായ്ക്ക് ഒടുക്കേണ്ട ഫീസ് (ചട്ടം 35 പട്ടിക 2 കോളം 4(ബി)/5(ബി)-യിൽ അധികരിക്കുന്ന സംഗതിയിൽ അധിക നിർമ്മിതിക്ക് ച.മീറ്ററിന് @9,000/-			
	7	**ക്രമവൽക്കരിക്കാൻ ഒടുക്കേണ്ട തുക**	**0.00**	**0.00**	**1692690.00**
(D) കവറേജ് (ചട്ടം 35)	1	അനുവദനീയമായ കവറേജ് ഏരിയാ (പ്ലോട്ട് ഏരിയയുടെ 65%) (ച.മീറ്റർ)			
	2	നിലവിലുള്ള കവറേജ് ഏരിയ (ച.മീറ്റർ)			
	3	**അധിക കവറേജ് ഏരിയയ്ക്ക് ഒടുക്കേണ്ട ഫീസ് (അധിക നിർമ്മിതി) x @2500/ച.മീ.**			
(E) പ്രവേശന മാർഗ്ഗം (ചട്ടം 37)	1	പ്രവേശന മാർഗ്ഗത്തിന്റെ വീതി (മീ.)			
	2	പ്രവേശന മാർഗ്ഗത്തിന് അനുസൃതമായി നിർമ്മിക്കാവുന്ന തറ വിസ്തീർണ്ണം (ച.മീറ്റർ)			
	3	**അധിക നിർമ്മിതിക്ക് ഒടുക്കേണ്ട ഫീസ് (A3-E2) ച.മീറ്ററിന് @2500/-**			
അധിക നിർമ്മിതി ക്രമവൽക്കരിക്കാനായി ആകെ ഒടുക്കേണ്ട ഫീസ് (A+B+C+D+E)			**673708.80**	**175948.80**	**1854309.20**
കുറിപ്പ്			അനുവാദമില്ലാതെ 747.23 ച.മീ. സെല്ലാർ ഭാഗം ഇൻ ഹൗസ് ട്രാക്കിംഗിനായി ഉപയോഗിക്കുന്നു. 305.44 ച.മീ. റൂഫിംഗ് ജിംനേഷ്യം ആയി ഉപയോഗിക്കുന്നു.	ടെറസ് റൂഫിംഗ് നടത്തി 3 മുറികളും റസ്റ്റോറന്റിനായി ഉപയോഗിക്കുന്നു.	ഇല്ല

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.1.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

25. ഓഡിറ്റ് ഖണ്ഡികയിലെ വിഷയങ്ങളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മൂന്ന് മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

26. അനധികൃത നിർമ്മാണം - ക്രമവൽക്കരിച്ചിട്ടില്ല - 19.05 കോടി രൂപയുടെ നഷ്ടം എന്ന ഓഡിറ്റ് പരാമർശത്തിലെ വിഷയങ്ങളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മൂന്ന് മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

പൂർത്തിയാകാത്ത കെട്ടിടത്തിന് പൂർത്തീകരണ സാക്ഷ്യപത്രം

ഉടമസ്ഥന്റെ പേര്	:	ലൂക്ക് സ്റ്റീഫൻ, പുളിമൂട്ടിൽ, തൊടുപുഴ
പെർമിറ്റ് നം.	:	എ 3 -1/11 – 12 തീയതി : 3.5.2011
സ്ഥല വിസ്തൃതി	:	6.72 ഏക്കർ

ശ്രീ. ലൂക്ക് സ്റ്റീഫൻ, പുളിമൂട്ടിൽ, പള്ളിവാസൽ പഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റിനായി അപേക്ഷിച്ചപ്പോൾ 2901.148 ച. മീറ്റർ വിസ്തൃതിയാണ് ഉണ്ടായിരുന്നത്. ഇതിൽ ബെയ്സ്മെന്റ് ഫ്ളോർ ഒഴികെയുള്ള 2329.998 ച. മീറ്ററിനാണ് പെർമിറ്റ് നൽകിയിട്ടുള്ളത്. നിർമ്മാണത്തിനായി പെർമിറ്റ് വാങ്ങിയത് എ 2 – സ്പെഷ്യൽ റസിഡൻഷ്യൽ എന്ന രീതിയിലായിരുന്നു. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ ഈ കെട്ടിടം എ 1 – റസിഡൻഷ്യൽ ഗണത്തിൽപ്പെടുത്തിയാണ് പൂർത്തീകരണ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ 30.1.2015 ൽ കെട്ടിട പൂർത്തീകരണ സാക്ഷ്യപത്രം നൽകിയ കെട്ടിടം 10 മാസങ്ങൾക്ക് ശേഷം ഓഡിറ്റ് വേളയിൽ നേരിട്ട് പരിശോധന നടത്തിയപ്പോൾ പോലും ഭാഗികമായി മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. ടൂറിസം ആവശ്യത്തിന് മാത്രമേ പ്രസ്തുത സ്ഥലം ഉപയോഗിക്കുവാൻ പാട്ടുള്ളൂ എന്ന് ജില്ലാ കളക്ടർ ഉത്തരവ് നൽകിയിട്ടുള്ളതും മൂന്നാർ ടൗണിൽ നിന്നും ഏകദേശം 11 കി. മീറ്റർ ദൂരത്തിലും വിജനമായ സ്ഥലത്ത് സ്ഥിതിചെയ്യുന്നതും ഗാർഹിക ആവശ്യത്തിനുതകുന്ന യാതൊരു സാമൂഹ്യ സാഹചര്യവും ഇല്ലാത്തതുമായ സ്ഥലത്ത് എ.2 – സ്പെഷ്യൽ റസിഡൻഷ്യൽ ഗണത്തിൽ പെർമിറ്റ് നൽകി പണിതിട്ടുള്ള കെട്ടിടത്തിനാണ് ഘടനാപരമായ യാതൊരു മാറ്റവും വരുത്താതെ തന്നെ എ.1 റസിഡൻഷ്യൽ ഗണമായി പൂത്തീകരണ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്. പൂർത്തിയാകുന്ന സമയത്ത് ബെയ്സ്മെന്റ് ഫ്ളോർ ഉൾപ്പെടെ 4554.29 ച.മീറ്ററാണ് ആകെ വിസ്തീർണ്ണം. ഇതിൽ ബെഡ്റൂം, അടുക്കള, ബാൽക്കണി, ലിവിംഗ് റൂം ഉൾപ്പെടുന്ന 45 താമസ യൂണിറ്റാണ് ഉള്ളത്. 4000 ച.മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള എ 2 സ്പെഷ്യൽ റസിഡൻഷ്യൽ ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ജില്ലാ ടൗൺ പ്ലാനറുടെ അനുമതി വേണമെന്ന വ്യവസ്ഥയുള്ളതിനാൽ ജില്ലാ ടൗൺ പ്ലാനറുടെ

അനുമതിയില്ലാതെ കെട്ടിട നമ്പർ നേടുന്നതിനുള്ള മാർഗ്ഗമായിക്കണ്ടാണ് ഇപ്രകാരം ചെയ്തിട്ടുള്ളത്. 'കാർഡമം ഹിൽസ് റിസർവിൽ ' ഉൾപ്പെടുന്ന പ്രസ്തുത സ്ഥലത്ത് ഇപ്രകാരമുള്ള താമസ യൂണിറ്റുകൾ പണിയുന്നതും നിയമവിരുദ്ധമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.1.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

27. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

28. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പൂർത്തിയാകാത്ത കെട്ടിടത്തിന് പൂർത്തീകരണ സാക്ഷ്യപത്രം നൽകി എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യു.

ഓഡിറ്റ് ഖണ്ഡിക

ബാധകമായ നിരക്കിലും യഥാർത്ഥ അളവിലും വസ്തുനികുതി നിർണ്ണയിച്ചില്ല – 7.14 ലക്ഷം രൂപയുടെ നഷ്ടം

2013 – ലെ പൊതു വസ്തു നികുതി നിർണ്ണയവേളയിലും അതിനുശേഷവും ബാധകമായതിലും കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കിയിരിക്കുന്നതായി ഭൗതിക പരിശോധനയിൽ കണ്ടെത്തി. ഒരു സ്ഥാപനത്തിന്റെ അവിഭാജ്യഘടകങ്ങളായി പ്രവർത്തിക്കുന്ന/പ്രവർത്തിക്കേണ്ട വിഭാഗങ്ങൾ (ഉദാ: ഹോട്ടലുകൾ, റിസോർട്ടുകൾ തുടങ്ങിയവയുടെ കോൺഫറൻസ് ഹാൾ, കൺവെൻഷൻ സെന്റർ, കോട്ടേജുകൾ തുടങ്ങിയവ) വ്യത്യസ്ഥ സർവ്വേ നമ്പറുകളിൽ പ്രവർത്തിക്കുന്ന വെവ്വേറെ സ്ഥാപനങ്ങളായി കാണിച്ച് ചില ഭാഗങ്ങൾ കുറഞ്ഞ വസ്തു നികുതിയുള്ള ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കുന്നു. ഇതുവഴി ഗ്രാമപഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കൂടാതെ, അധിക നിർമ്മിതിക്ക് വസ്തു നികുതി ഈടാക്കാത്തതായും കണ്ടെത്തി. മൂന്നാർ ഗ്രാമപഞ്ചായത്തിൽ മേൽ സൂചിപ്പിച്ച അപാകതകൾ മൂലം നഷ്ടമായ 7.14 ലക്ഷം രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നം	സ്ഥാപനം	തറ വിസ്തീർണ്ണം	അടിസ്ഥാന വസ്തു നികുതി (1 ച.മി)	ആകെ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി	ഈടാക്കിയ നികുതി	കുറവ് (രൂപ)
1	ബെൽമൗണ്ട് ഹോട്ടൽ (13/252)	2239.84	70	156789	61960 (1549:40)	94829
2	എസിയം ഗാർഡൻസ്	2390.47	90	215142	93240	121902

	(10/532-535)				(876:90+360:40)	
3	ഗ്രീൻ റിഡ്ജ് (13/250)	2101.25	70	147088	70040 (1751:40)	77048
4	ലെ സെലസ്റ്റിയം (10/1049, 1050)	1912.00	70	133840	63808 (1516:40+396:8)	70032
5	മൂന്നാർ ഇൻ (19/589)	1103.60	70	77252	35000 (500:70)	42252
6	വെസ്റ്റ് വുഡ് (11/38)	2060.61	90	185455	150840 (1676:90)	34615
7	അർച്ചന റസിഡൻസി (11/33)	1761.40	70	123298	95564 (1365.2:70)	27734
8	ഹൈറേഞ്ച് ഇൻ (13/248)	789.00	70	55230	14000 (200:70)	41230
9	ധന്യശ്രീ (10/607, 608)	1880.00	70	131600	102200 (900:70+980:40)	29400
10	സി 7 (19/474)	2175.00	70	152250	69600 (1740:40)	82650
11	ക്ലൗഡ്സ് വാലി (13/364)	3165.37	70	221576	129018.6 (2150.31:60)	92557
	ആകെ					**714249**

അനധികൃത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൗതിക പരിശോധന നടത്തിയ സ്ഥാപനങ്ങളുടെ മാത്രം വസ്തു നികുതിയുടെ സ്ഥിതിവിവര റിപ്പോർട്ടാണിത്. മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി നിർണ്ണയത്തിലുള്ള അപാകത കൃത്യമായി കണ്ടുപിടിക്കണമെങ്കിൽ കൂടുതൽ പരിശോധന ആവശ്യമാണ്.

കത്ത് നമ്പർ കെ.എസ്.എ. 12676/എസ്.എസ്.4/2015, തീയതി 02.05.2016 പ്രകാരം മേൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.1.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

29. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മൂന്ന് മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

30. മൂന്നാർ ഗ്രാമപഞ്ചായത്തിൽ ബാധകമായ നിരക്കിലും യഥാർത്ഥ അളവിലും വസ്തുനികുതി നിർണ്ണയിക്കാത്തതിനാൽ 7.14 ലക്ഷം രൂപയുടെ നഷ്ടം എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മൂന്ന് മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

പാലക്കാട് ജില്ല

ഗ്രാമപഞ്ചായത്തുകളിലെ കമ്പ്യൂട്ടർവൽക്കരണം

കേരളത്തിലെ ഇതര സ്ഥാപനങ്ങൾക്കൊപ്പം ഗ്രാമപഞ്ചായത്തുകളും ഇ – ഗവേണൻസിന്റെ പാതയിലൂടെ മുന്നേറാൻ ശ്രമിക്കുകയാണ്. പൊതു സേവനങ്ങൾ അതിവേഗം സാക്ഷാത്ക്കരിക്കുക, കൃത്യതയാർന്ന രേഖകൾ സൂക്ഷിക്കുക, ജീവനക്കാരുടെ ജോലി ഭാരം ലഘൂകരിക്കുക എന്നീ കാര്യങ്ങൾക്ക് ഊന്നൽ നൽകിയാണ് പഞ്ചായത്തോഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചിരിക്കുന്നത്.

കമ്പ്യൂട്ടർ ഉപകരണങ്ങളുടെ വാങ്ങൽ, സൂക്ഷിപ്പ്, ഉപയോഗം, സുരക്ഷ എന്നീ കാര്യങ്ങളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോയെന്നും കമ്പ്യൂട്ടറൈസേഷന്റെ ചുമതലയുള്ള ഐ.കെ.എം.ന്റെ സേവനം എത്രത്തോളം ഉപയുക്തമാക്കിയിട്ടുണ്ടെന്നുമാണ് അവലോകനത്തിലൂടെ വിലയിരുത്തുന്നത്. പാലക്കാട് ജില്ലയിലെ 21 ഗ്രാമപഞ്ചായത്തുകളിലെ കമ്പ്യൂട്ടർവൽക്കരണമാണ് വിലയിരുത്തിയത്.

കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കായി ചെലവഴിച്ചത് 1.65 കോടി

അവലോകനത്തിനു വിധേയമാക്കിയ 21 ഗ്രാമപഞ്ചായത്തുകളിലെ ഉപയോഗത്തിനായി വാങ്ങിയ 394 കമ്പ്യൂട്ടറുകൾ (48 എണ്ണം ലാപ്ടോപ്പുകൾ), 33 സെർവറുകൾ, 133 പ്രിന്ററുകൾ, 34 സ്കാനറുകൾ, 51 യു.പി.എസ്, 2 ടച്ച് സ്ക്രീൻ കിയോസ്കുകൾ എന്നിവയ്ക്ക് 1,65,12,672/- രൂപ (2012-13 മുതൽ 2014-15 വരെയുള്ള കാലയളവിൽ) ചെലവഴിക്കപ്പെട്ടു. ഇവയിൽ പലതും സർക്കാർ മാനദണ്ഡങ്ങൾ, പ്രൊക്യൂർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിക്കാതെ വാങ്ങിയതിനാൽ ഗ്രാമപഞ്ചായത്തുകൾക്കു ഗണ്യമായ നഷ്ടമുണ്ടായി.

കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും സൂക്ഷിപ്പിൽ വീഴ്ച

ഗ്രാമപഞ്ചായത്തുകളിലെ ആവശ്യത്തിനായി വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ ശരിയായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ മിക്ക പഞ്ചായത്തുകളും സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ ലാപ്ടോപ്പുകൾ ഉൾപ്പെടെ പാലക്കാട് ജില്ലയിലെ അലനല്ലൂർ, തിരുമിറ്റക്കോട്, കോങ്ങാട്, അനങ്ങാടി, കാരാകുറിശ്ശി, വാണിയംകുളം, കണ്ണാടി എന്നീ പഞ്ചായത്തോഫീസുകളിൽ നിന്നും 47 കമ്പ്യൂട്ടറുകൾ, മറ്റനവധി ഹാർഡ് ഡിസ്കുകൾ, മോണിറ്ററുകൾ എന്നിവയും മോഷണം

പോയിട്ടുണ്ട്. ഇവയ്ക്കുപകരമായി വീണ്ടും കമ്പ്യൂട്ടർ സമാഗ്രികൾ വാങ്ങിയതിലൂടെ സ്ഥാപനങ്ങൾക്ക് അധികച്ചെലവുണ്ടാകുകയും ചെയ്തു.

ഇടിമിന്നൽമൂലവും കമ്പ്യൂട്ടറുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തോഫീസിലെ നിരവധി കമ്പ്യൂട്ടറുകൾ ഇത്തരത്തിൽ നശിച്ചുപോയതായി കണ്ടെത്തി. ഇടിമിന്നലിനെ പ്രതിരോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനൊപ്പം മോഷണം തടയുന്നതിനുള്ള ഫലപ്രദമായ സുരക്ഷാസംവിധാനങ്ങൾ കൂടി പഞ്ചായത്തോഫീസുകളിൽ ഒരുക്കേണ്ടതാണ്.

സ്റ്റോക്കുരജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

24.9.2010 ലെ 86/2010/ഫിൻ. നമ്പർ സർക്കുലർ പ്രകാരം ഹാർഡ് വെയറുകൾ, സോഫ്റ്റ്‌വെയറുകൾ എന്നിവയ്ക്ക് വെവ്വേറെ സ്റ്റോക്ക് രജിസ്റ്ററുകൾ നിശ്ചിത മാതൃകയിൽ സൂക്ഷിക്കണമെന്നുണ്ടെങ്കിലും പരിശോധനയ്ക്കു വിധേയമാക്കിയ ഗ്രാമപഞ്ചായത്തുകളിൽ ഇത്തരം സ്റ്റോക്ക് രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ പക്കലുള്ള രജിസ്റ്ററിൽ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, സോഫ്റ്റ്‌വെയറുകൾ എന്നിവയുടെ പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ല.

പഞ്ചായത്തോഫീസിലുപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകൾ ലൈസൻസില്ലാത്തത്

ലൈസൻസില്ലാത്ത സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം 24.09.2010 ലെ 86/2010/ഫിൻ. സർക്കുലർ പ്രകാരം വിലക്കിയിട്ടുണ്ടെങ്കിലും ഇത്തരം സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം പഞ്ചായത്തോഫീസുകളിൽ വ്യാപകമായിട്ടുണ്ട്. മൈക്രോസോഫ്റ്റ് ഓഫീസ്, ഐ.എസ്.എം എന്നീ സോഫ്റ്റ്‌വെയറുകൾ ലൈസൻസില്ലാതെ ഉപയോഗിക്കുന്ന വിവരം ടെക്നിക്കൽ അസിസ്റ്റന്റുമാർ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരനടപടികൾ സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം ലൈസൻസുള്ള സോഫ്റ്റ്‌വെയറുകളുടെ സി.ഡി സൂക്ഷിക്കുന്നതിനുള്ള നടപടികളും ആവശ്യമാണ്.

അറ്റകുറ്റപ്പണികൾക്ക് എ.എം.സി പരിഗണിക്കുന്നില്ല

സ.ഉ.(സാധാ)നം. 1869/12/തസ്വഭവ തീയതി: 5.7.2012 പ്രകാരം കമ്പ്യൂട്ടറുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്ക് കെൽട്രോണുമായി കരാറുണ്ടാക്കാമെങ്കിലും സ്ഥാപനങ്ങൾ ഇക്കാര്യം ഗൗരവമായെടുത്തിട്ടില്ല. അഞ്ചുവർഷ വാറണ്ടി ഉറപ്പാക്കിവേണം കമ്പ്യൂട്ടറുകൾ വാങ്ങാനെന്നുള്ള സർക്കാർ നിർദ്ദേശവും പരിഗണിക്കപ്പെട്ടിട്ടില്ലെന്നതിലുപരി ഉപകരണങ്ങളുടെ വാറണ്ടി രേഖകൾ സൂക്ഷിക്കുന്നതിലും സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്നുണ്ട്. അടിയന്തരമായി ഇക്കാര്യങ്ങൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. പരിശോധനയ്ക്ക് വിധേയമാക്കിയതിൽ മണ്ണാർക്കാട്, ചെർപ്പുള്ളശ്ശേരി, മരുതറോഡ്, പുതുപ്പരിയാരം, പുതുശ്ശേരി, തൃത്താല, വണ്ടാഴി എന്നീ പഞ്ചായത്തുകൾ മാത്രമാണ് എ.എം.സി കാരാറിലേർപ്പെട്ടിട്ടുള്ളത്. ഇതിൽ മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത് കെൽട്രോണുമായി

കരാറിലേർപ്പെട്ടപ്പോൾ മറ്റുള്ളവ സ്വകാര്യ ഏജൻസികളുമായിട്ടാണ് എ.എം.സി.യിൽ ഏർപ്പെട്ടിട്ടുള്ളത്.

പഞ്ചായത്ത് തലത്തിൽ ഉപയോഗിക്കപ്പെടുന്ന ഐ.കെ.എം സോഫ്റ്റ്‌വെയറുകൾ, അവയുടെ പരിമിതികൾ

ഐ.കെ.എം. വികസിപ്പിച്ചിട്ടുള്ള സോഫ്റ്റ്‌വെയറുകളെല്ലാം വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിലധിഷ്ഠിതമാണ്. ഇക്കാരണത്താൽ ലിനക്സ് പോലുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ ഉപയോഗപ്പെടുത്തണമെന്ന സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് പഞ്ചായത്തുകൾക്ക് കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു. ഐ.കെ.എം സോഫ്റ്റ്‌വെയറുകൾ ഇൻസ്റ്റാൾ ചെയ്ത കമ്പ്യൂട്ടറുകളിൽ സുരക്ഷാ കാരണങ്ങളാൽ ഇന്റർനെറ്റ് കണക്ഷനും അനുവദനീയമല്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ്‌വെയറുകളിൽ പ്രാധാനപ്പെട്ടവ ഇനിപ്പറയുന്നു.

സാംഖ്യ (അക്കൗണ്ടിംഗ്)
സുലേഖ (പദ്ധതി നിർവ്വഹണ ആവശ്യങ്ങൾ)
സേവന (സിവിൽ രജിസ്ട്രേഷൻ) – ജനന/മരണ/വിവാഹ രജിസ്ട്രേഷൻ ആവശ്യങ്ങൾ
സേവന (പെൻഷൻ) – സാമൂഹ്യ സുരക്ഷാ പെൻഷൻ
സഞ്ചയ (നികുതികൾ, ലൈസൻസുകൾ)
സൂചിക (ഫയൽ ട്രാക്കിംഗ്)
സ്ഥാപന (എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങൾ)
സുഗമ (എസ്റ്റിമേറ്റ്)
സങ്കേതം (കെട്ടിട നിർമ്മാണം, പെർമിറ്റ്)
സകർമ (ഭരണസമിതി തീരുമാന വിനിമയം)
സചിത്ര (ആസ്തി വിവരങ്ങൾ)
സുഭദ്ര (ബജറ്റ്)

- മേൽപ്പറഞ്ഞവയിൽ സാംഖ്യ, സേവന, സ്ഥാപന, സുലേഖ എന്നിവ ഒഴികെയുള്ള സോഫ്റ്റ്‌വെയറുകൾ ഗ്രാമപഞ്ചായത്തുകൾ പ്രയോജനപ്പെടുത്തുന്നില്ല.
- അക്കൗണ്ടിംഗ് ആവശ്യങ്ങൾക്കായി വികസിപ്പിച്ച സാംഖ്യ സോഫ്റ്റ്‌വെയർ പൂർണ്ണമായും കുറ്റമറ്റതല്ലെങ്കിലും മിക്ക സ്ഥാപനങ്ങളും ഉപയോഗപ്പെടുത്തുന്നുണ്ട്. സാംഖ്യയെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ എയിംസ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച് പഞ്ചായത്തുകളുടെ 2015-16 മുതലുള്ള വാർഷിക കണക്കുകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ബന്ധിപ്പിച്ച് ആസ്തികളുടെ യഥാർത്ഥമൂല്യം വാർഷിക കണക്കുകളിൽ പ്രതിഫലിപ്പിക്കാനാവുന്നില്ല. വാർഷിക കണക്കുകളിലെ

ബാലൻസ് ഷീറ്റിൽ ആസ്തി മൂല്യം ശരിയായി കാണിക്കാനാവാത്തത് ഒരു പോരായ്മയായി വിലയിരുത്തുന്നു.

- സർക്കാർ ഉത്തരവ് (സാധാ)നം. 1838/2012/തസ്വഭവ തീയതി : 03.07.2012 പ്രകാരം പഞ്ചായത്തോഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുന്നതിനൊപ്പം കടലാസ് രഹിത ഓഫീസായി ഇവയെ മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഐ.കെ.എം ത്വരിതപ്പെടുത്തണമെന്നും നിഷ്കർഷിക്കുന്നു. എന്നാൽ ഏറെ വർഷങ്ങൾ പിന്നിട്ടിട്ടും സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ എന്ന ആശയം പൂർണ്ണ തോതിൽ പ്രാവർത്തികമാക്കാനായിട്ടില്ല എന്നത് ഗൗരവത്തോടെ കാണേണ്ടതാണ്.

ടെക്നിക്കൽ അസിസ്റ്റന്റുമാർ അവശ്യരേഖകൾ പരിപാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തുകളിൽ നിയമിക്കപ്പെടുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം തൃപ്തികരമാണെന്ന് വിലയിരുത്തുന്നുണ്ടെങ്കിലും രേഖകൾ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 11.11.2014 ലെ 74207/ഐ.ബി-1/2013/തസ്വഭവ സർക്കുലറിലൂടെ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്.

ആലത്തൂർ, മേലാർകോട്, വടവന്നൂർ ഗ്രാമപഞ്ചായത്തുകളിൽ സ്റ്റോക്ക് രജിസ്റ്റർ, കംപ്ലയിന്റ് രജിസ്റ്റർ എന്നിവ യഥാവിധി സൂക്ഷിക്കുകയോ അനധികൃത സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നില്ല എന്നുറപ്പുവരുത്തുകയോ ടെക്നിക്കൽ അസിസ്റ്റന്റുമാർ ചെയ്തിട്ടില്ല.

എലപ്പുള്ളി, കൊടുമ്പ്, പെരുവെമ്പ്, തൃത്താല, വടക്കാഞ്ചേരി, വല്ലപ്പുഴ, വാണിയംകുളം എന്നീ ഗ്രാമപഞ്ചായത്തുകളിലാകട്ടെ എല്ലാ കമ്പ്യൂട്ടറുകളിലും ആന്റി വൈറസ് സോഫ്റ്റ്‌വെയറുകളുണ്ടെന്നുറപ്പാക്കുകയോ സ്റ്റോക്ക് രജിസ്റ്ററുകളിൽ ബിൽ വിവരങ്ങൾ ഉൾക്കൊള്ളിക്കുകയോ ചെയ്തിട്ടില്ല. അനധികൃത സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നില്ലെന്നും ഉറപ്പുവരുത്തിയിട്ടില്ല.

കമ്പ്യൂട്ടർ പരിശീലനം കാര്യക്ഷമമല്ല

പുതുതായി നിയമനം ലഭിച്ചവരൊഴികെയുള്ള ജീവനക്കാർക്കെല്ലാം കമ്പ്യൂട്ടർ പരിശീലനം ലഭിച്ചിട്ടുണ്ടെങ്കിലും സോഫ്റ്റ്‌വെയറുകൾ സ്വതന്ത്രമായി ഉപയോഗിക്കുന്നതിനുള്ള കഴിവ് നേടിയവർ വളരെ കുറവാണ്. നിസാരമായ പിഴവുകൾ പരിഹരിക്കുന്നതിനായിപ്പോലും ഐ.കെ.എം. വിദഗ്ദ്ധർ ഇടപെടേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ഇതൊഴിവാക്കുന്നതിനായി നിലവിലുള്ള പരിശീലന പദ്ധതികളിൽ അവശ്യമാറ്റങ്ങൾ വരുത്തേണ്ടതാണ്.

കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട മറ്റപാകങ്ങൾ

സർക്കാർ ഉത്തരവ് (സാധാ)നം. 1838/2012/തസ്വഭവ. തീയതി: 03.07.2012 പ്രകാരം ഐ.കെ.എം ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക ഉപദേശങ്ങൾ ലഭ്യമാക്കുന്നതിനൊപ്പം ഉപകരണങ്ങളുടെ നിരക്കുകളും സ്പെസിഫിക്കേഷനുകളും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ ഉപകരണങ്ങളുടെ വാങ്ങൽ, തുടർസേവനങ്ങൾ ലഭ്യമാക്കൽ എന്നീ കാര്യങ്ങളിൽ ഐ.കെ.എം - ന്റെ സേവനങ്ങൾ ഗ്രാമപഞ്ചായത്തുകൾ പൂർണ്ണതോതിൽ ഉപയുക്തമാക്കുന്നില്ല.

ഐ.കെ.എം സമയാസമയങ്ങളിൽ ശുപാർശ ചെയ്യുന്ന സ്പെസിഫിക്കേഷനുകൾ ഉള്ള കമ്പ്യൂട്ടർ ഉപകരണങ്ങൾ ഡി.ജി.എസ് & ഡി റേറ്റ് കോൺട്രാക്റ്റിനേക്കാൾ കുറഞ്ഞ നിരക്കിലോ അഥവാ ഇത്തരത്തിലെ ഏതെങ്കിലും ഉപകരണങ്ങൾ ഡി.ജി.എസ് & ഡി കോൺട്രാക്റ്റ് നിരക്ക് നിലവിലില്ലെങ്കിലോ ഇവ കെൽട്രോൺ മുഖേന വാങ്ങേണ്ടതാണെന്ന് 03.07.2012 ലെ സർക്കാർ ഉത്തരവ് (സാധാ)നം. 1838/2012/തസ്വഭവ വ്യക്തമാക്കുന്നുണ്ടെങ്കിലും ഇതിലെ നിർദ്ദേശങ്ങൾ പല സ്ഥാപനങ്ങളും പാലിക്കുന്നില്ല. മേൽ ഉത്തരവു പ്രകാരം കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ പൊതു ടെൻഡറിലൂടെ വാങ്ങുന്നതിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

ഫ്രണ്ട് ഓഫീസ് ആവശ്യത്തിനുള്ള ക്യൂ മാനേജ്മെന്റ് ഇലക്ട്രോണിക് ഡിവൈസ്, എൽ.സി.ഡി/എൽ.ഇ.ഡി ഡിസ്പ്ലേ സ്ക്രീൻ, ടച്ച് സ്ക്രീൻ കിയോസ്ക് (അപേക്ഷകൾ, പരാതികൾ, നികുതി, സാമൂഹ്യക്ഷേമ പെൻഷനുകൾ എന്നിവയുടെ തൽസമയ സ്ഥിതി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന്) എന്നിവ വാങ്ങാമെങ്കിലും മിക്ക സ്ഥാപനങ്ങളും ഇതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.2.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

പാലക്കാട് ജില്ല

ഗ്രാമപഞ്ചായത്തുകളിലെ കമ്പ്യൂട്ടർവൽക്കരണം

കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കായി ചെലവഴിച്ചത് 1.65 കോടി രൂപ

31. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

32. 15-07-2014-ൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലാപ്ടോപ് മോഷണം പോയതുമായി ബന്ധപ്പെട്ട് ഒറ്റപ്പാലം പോലീസ് സ്റ്റേഷനിൽ 798/2014 നമ്പറായി കേസ് രജിസ്റ്റർ ചെയ്തിരുന്നുവെങ്കിലും ലാപ്ടോപ് കണ്ടെത്താനായില്ലെന്ന് വ്യക്തമാക്കിക്കൊണ്ട് 20-10-2024-ൽ പോലീസ് കേസന്വേഷണം അവസാനിപ്പിച്ചതായി വാണിയംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു.

33. പ്രസ്തുത ഉദ്യോഗസ്ഥൻ നിലവിൽ സർവീസിലുണ്ടോയെന്ന നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറിയുടെ ചോദ്യത്തിന് സർവ്വീസിലുണ്ടെന്ന് വാണിയംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ടിയാനെതിരെ വകുപ്പുതല നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് സ്വീകരിച്ചതായി അറിയില്ലെന്ന് സെക്രട്ടറി ബോധിപ്പിച്ചു. പ്രസ്തുത ഉദ്യോഗസ്ഥന്റെ മേൽവിലാസമടക്കമുള്ള വിവരങ്ങൾ ഹാജരാക്കണമെന്ന് അവലോകന യോഗത്തിൽ ഗ്രാമപഞ്ചായത്തിനോട് നിർദേശിച്ചിരുന്നുവെന്നും ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിശദീകരണംകൂടി ആരാഞ്ഞതിനുശേഷം ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ബോധിപ്പിച്ചു.

34. സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല, പഞ്ചായത്തോഫീസിലുപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകൾ ലൈസൻസില്ലാത്തത്, അറ്റകുറ്റപ്പണികൾക്ക് എ.എം.സി. പരിഗണിക്കുന്നില്ല എന്നീ ഓഡിറ്റ് പരാമർശങ്ങളിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

35. സ്ഥാപന, സചിത്ര എന്നീ സോഫ്റ്റ്‌വെയറുകൾ വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയറായ ഐ.എൽ.ജി.എം.എസ്.-ലേക്ക് മാറ്റാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞു. സ്ഥാപന, സചിത്ര എന്നീ സോഫ്റ്റ്‌വെയറുകൾ ഐ.എൽ.ജി.എം.എസ്.-ലേക്ക് മാറ്റുന്ന പ്രവൃത്തി ഘട്ടംഘട്ടമായി നടത്തിവരികയാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു.

36. സചിത്ര സോഫ്റ്റ്‌വെയറിൽ ഡാറ്റ കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ടാണ് കാലികമല്ലെന്ന ഓഡിറ്റ് പരാമർശമുണ്ടായതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സൂചിപ്പിച്ചു. പഞ്ചായത്തിന്റെ ആസ്തി വിവരങ്ങൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ കാലികമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ആരാഞ്ഞു. ആദ്യകാലത്തുണ്ടായ അപാകതയാണതെന്നും നിലവിൽ ഡാറ്റ കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ വ്യക്തമാക്കി.

37. ഗ്രാമപഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയറാണ് ഉപയോഗിക്കുന്നതെന്നും 941 ഗ്രാമപഞ്ചായത്തുകളും കടലാസ് രഹിതമാക്കുന്നതിന് സിറ്റിസൺ സർവീസ് പോർട്ടലിലൂടെയാണ് സേവനങ്ങളെല്ലാം നൽകുന്നതെന്നും അർബൻ ലോക്കൽ ബോഡീസിൽ 2024 ജനുവരി 1 മുതൽ 'കെ-സ്മാർട്ട്' എന്ന സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും അതിന്റെ എട്ട് മൊഡ്യൂളുകൾ നിലവിൽ പൂർത്തിയായിട്ടുണ്ടെന്നും മീറ്റിങ് അറേഞ്ച്മെന്റ്, അസറ്റ് ഡാറ്റാ തുടങ്ങിയ മൊഡ്യൂളുകളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും നിശ്ചിത കാലയളവിനുള്ളിൽ കേരളത്തിലെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളെല്ലാംതന്നെ 'കെ-സ്മാർട്ട്' എന്ന സിംഗിൾ സോഫ്റ്റ്‌വെയറിലേക്ക് മാറുന്നതാണെന്നും നിലവിലുള്ള ആസ്തി രജിസ്റ്ററായ സചിത്ര സോഫ്റ്റ്‌വെയർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് അപ്ഡേറ്റ് ചെയ്യേണ്ടതെന്നും 3-4 മാസത്തിനുള്ളിൽ പുതിയ അസറ്റ് മാനേജ്മെന്റ് മൊഡ്യൂൾ പ്രവർത്തനമാരംഭിക്കുന്നതാണെന്നും ഇൻഫർമേഷൻ കേരള മിഷൻ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

38. ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം തന്നെയാണെന്നും അത് കൃത്യമായി മോണിറ്റർ ചെയ്ത് കാലികമാക്കുന്നതിനു വേണ്ടിയുള്ള നിർദേശം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് നൽകുന്നതും അത് റിവ്യൂ ചെയ്യുന്നതുമാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു.

39. ടെക്നിക്കൽ അസിസ്റ്റന്റുമാർ അവശ്യരേഖകൾ പരിപാലിക്കുന്നില്ല, കമ്പ്യൂട്ടർ പരിശീലനം കാര്യക്ഷമമല്ല, കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട മറ്റപാകങ്ങൾ എന്നീ ഓഡിറ്റ്

പരാമർശങ്ങളിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

40. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കായി ചെലവഴിച്ചതിൽ നഷ്ടമുണ്ടായതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

41. ഗ്രാമപഞ്ചായത്തുകളുടെ സുഗമമായ പ്രവർത്തനത്തിന്, ഗ്രാമപഞ്ചായത്തുകളുടെ ആവശ്യത്തിനായി വാങ്ങുന്ന കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ യഥാവിധി സംരക്ഷിക്കേണ്ടത് ആവശ്യമാണെന്ന് അഭിപ്രായപ്പെട്ട സമിതി, മോഷണം പോയ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി, ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടി എന്നിവയുടെ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

42. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല, പഞ്ചായത്തോഫീസിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകൾ ലൈസൻസില്ലാത്തത്, അറ്റകുറ്റപ്പണികൾക്ക് എ.എം.സി. പരിഗണിക്കുന്നില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

43. ആസ്തി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി വികസിപ്പിച്ചെടുത്ത സചിത്ര സോഫ്റ്റ്‌വെയറിൽ കൃത്യമായി ഡാറ്റകൾ ഉൾപ്പെടുത്തുന്നില്ലെന്ന് മനസ്സിലാക്കിയ സമിതി, ഡാറ്റകൾ കൃത്യമായി രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണെന്നും, തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തിയെ സംബന്ധിച്ച വിവരങ്ങൾ കാലികമാക്കുന്നതിനും, ആയത് മോണിറ്റർ ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടു. സചിത്ര സോഫ്റ്റ്‌വെയറിൽ കൃത്യമായി ഡാറ്റകൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനു സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

44. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, ടെക്നിക്കൽ അസിസ്റ്റന്റുമാർ അവശ്യരേഖകൾ പരിപാലിക്കുന്നില്ല, കമ്പ്യൂട്ടർ പരിശീലനം കാര്യക്ഷമമല്ല, കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട മറ്റപാകങ്ങൾ എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

ഓഡിറ്റ് ശുപാർശകൾ

- കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുമ്പോൾ സർക്കാർ സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ഇവ ശരിയായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഡാറ്റാസംരക്ഷണാർത്ഥം എല്ലാ ദിവസവും ബാക്ക്അപ് എടുത്ത് സൂക്ഷിക്കുന്നതിനും നടപടി ആവശ്യമാണ്.
- കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സമ്പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്ററുകൾ തയ്യാറാക്കേണ്ടതും ഇവയുടെ ഉത്തരവാദിത്തം ഗ്രാമപഞ്ചായത്തിലെ സ്ഥിരം ജീവനക്കാരെ ഏൽപ്പിക്കേണ്ടതുമാണ്.

- സോഫ്റ്റ്‌വെയറുകൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുക, അനധികൃത സോഫ്റ്റ്‌വെയറുകളുടെ കർശന നിയന്ത്രണം, ഓപ്പൺ സോഫ്റ്റ്‌വെയറുകളുടെ പ്രോത്സാഹനം എന്നിവയ്ക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.
- സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ ഫലവത്താക്കുന്നതിന് ഐ.കെ.എം.-ന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക, ഐ.കെ.എം.-ന്റെ സോഫ്റ്റ്‌വെയറുകൾ എല്ലാ ഗ്രാമപഞ്ചായത്തുകളും ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കുക, സാംഖ്യ സോഫ്റ്റ്‌വെയറുമായി മറ്റുള്ള സോഫ്റ്റ്‌വെയറുകൾ ബന്ധിപ്പിക്കുന്നതിലുള്ള പ്രായോഗിക പോരായ്മകൾ പരിഹരിക്കുക, നിർദ്ദിഷ്ട യോഗ്യതയുള്ളവരെ മാത്രം ടെക്നിക്കൽ അസിസ്റ്റന്റുമാരായി നിയമിക്കുക എന്നീ കാര്യങ്ങൾക്ക് ഊന്നൽ നൽകേണ്ടതാണ്.
- പുതുതായി വാങ്ങുന്ന കമ്പ്യൂട്ടറുകൾക്ക് 5 വർഷ വാറന്റി ഉറപ്പാക്കുക, വാർഷിക അറ്റകുറ്റപ്പണികൾക്ക് പ്രോജക്ടുകൾ ആവിഷ്കരിക്കുക, ടച്ച് സ്ക്രീൻ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുക, മാനദണ്ഡങ്ങൾ പാലിച്ച് മാത്രം സെർവറുകൾ വാങ്ങുക, സ്കൂളുകൾക്ക് കമ്പ്യൂട്ടറുകൾ വാങ്ങുന്നത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശങ്ങൾക്കനുസൃതമാക്കുക, സോഫ്റ്റ്‌വെയറുകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് ജീവനക്കാരെ പ്രാപ്തരാക്കുന്നതിനുള്ള പരിശീലന പദ്ധതികൾ ആവിഷ്കരിക്കുക എന്നീ കാര്യങ്ങളും പ്രാവർത്തികമാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.2.2)

45. മേൽ ഓഡിറ്റ് ഖണ്ഡിക പ്രത്യേക പരാമർശം കൂടാതെ സമിതി പരിഗണിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

46. ഓഡിറ്റ് ഖണ്ഡിക 5.2.2 സമിതി പരിഗണിക്കുകയും പ്രത്യേക പരാമർശമില്ലെന്ന് നിരീക്ഷിക്കുകയും ചെയ്തു.

ഓഡിറ്റ് ഖണ്ഡിക

തെരുവ് വിളക്ക് പരിപാലനവും അറ്റകുറ്റപ്പണികളും കരാർ നൽകിയതിൽ ക്രമക്കേട് നഗരസഭയ്ക്ക് വൻ നഷ്ടം

കൊല്ലം നഗരസഭ

ഓഡിറ്റ് റിപ്പോർട്ട് 2013-14 ഖണ്ഡിക 2-15

- വിയോജനക്കുറിപ്പ് അവഗണിച്ച് കരാറിൽ ഏർപ്പെട്ടതിലൂടെ നഗരസഭയ്ക്കുണ്ടായ നഷ്ടം - 1,10,93,429/- രൂപ
- ടെണ്ടർ നടപടി യഥാസമയം പൂർത്തിയാക്കാത്തതുവഴി നഷ്ടം - 10,34,732/- രൂപ
- സേവന നികുതി ഈടാക്കിയില്ല നഷ്ടം - 25,52,370/- രൂപ
- പരസ്യമൂല്യം കണക്കാക്കുകയോ പരസ്യ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല

നഗരസഭയിലെ തെരുവ് വിളക്കുകൾ പരിപാലിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും 1.9.2012 മുതൽ 31.8.2015 വരെയുള്ള കാലയളവിൽ 'കൊല്ലം വിന്നേഴ്സ് ' എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. പ്രതിഫലമായി നഗരസഭയുടെ പരിധിയിലുള്ള നിശ്ചിത സ്ഥലങ്ങളിൽ പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് കുത്തകാവകാശവും നൽകി. വിന്നേഴ്സ് സമർപ്പിച്ച പ്രൊപ്പോസലിൽ തെരുവ് വിളക്കുകളുടെ പരിപാലനവും അറ്റകുറ്റപ്പണികളും നിർവ്വഹിക്കാമെന്നും, കറന്റ് ചാർജിന്റെ 30% തുക പ്രതിമാസം നൽകാമെന്നും ഓഫർ ചെയ്തിരുന്നു. എന്നാൽ സെലക്ഷൻ മെമ്മോ കൈപ്പറ്റിയതിന് ശേഷം, പ്രൊപ്പോസൽ സമർപ്പിച്ച സമയത്തെ കറന്റ് ചാർജിന്റെ 30% തുകയാണ് ഓഫർ ചെയ്തതെന്നും വർദ്ധിച്ച കറണ്ട് ചാർജിന് ആനുപാതികമായ തുക നൽകാൻ സാദ്ധ്യമല്ലെന്നും വിന്നേഴ്സ് നിലപാടെടുത്തു. വിന്നേഴ്സിന്റെ ഓഫർ റദ്ദ് ചെയ്ത് പ്രസ്തുത സ്ഥാപനത്തിന്റെ നഷ്ടോത്തരവാദിത്തത്തിൽ റീടെണ്ടർ നടപടി സ്വീകരിച്ചില്ലെങ്കിൽ വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമെന്ന സെക്രട്ടറിയുടെയും, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും കുറിപ്പ് അവഗണിച്ചുകൊണ്ട് കൗൺസിലിന്റെ തീരുമാനപ്രകാരം (24.12.2012) വിന്നേഴ്സുമായി കരാറിൽ ഏർപ്പെട്ടത് മൂലം നഗരസഭയ്ക്ക് 1,10,93,429/- രൂപയുടെ (ഒരു കോടി പത്തുലക്ഷത്തിതൊണ്ണൂറ്റിമൂവായിരത്തി നാനൂറ്റി ഇരുപത്തിയൊൻപത് രൂപ) നഷ്ടം ഉണ്ടായതായി ഓഡിറ്റ് കണ്ടെത്തി. പ്രസ്തുത തുക 24.12.2012 – ലെ കൗൺസിൽയോഗത്തിൽ പങ്കെടുത്ത മേയർ ഉൾപ്പെടെയുള്ള കൗൺസിലർമാരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. (പേരും മേൽവിലാസവും ചുവടെ ചേർത്തിരിക്കുന്നു)

ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും	**ഇപ്പോഴത്തെ ഓഫീസ് മേൽവിലാസം**	**സ്ഥിര മേൽവിലാസം**
ശ്രീമതി പ്രസന്ന ഏണസ്റ്റ് മേയർ		നിധി, മുണ്ടയ്ക്കൽ ഈസ്റ്റ് പി. ഒ., കൊല്ലം.
ശ്രീ അൽഫോൺസ് ഫിലിപ്പ് കൗൺസിലർ		തോട്ടത്തിൽ, ഫിൽസൺസ്, ശക്തികുളങ്ങര പി. ഒ., കൊല്ലം.
ശ്രീമതി മീനാകുമാരി എസ്. കൗൺസിലർ	കൗൺസിലർ മരുത്തടി ഡിവിഷൻ, കൊല്ലം കോർപ്പറേഷൻ.	വെൺ മിണാന്തറ, ശക്തികുളങ്ങര പി. ഒ., കൊല്ലം.
ശ്രീ. സ്റ്റാൻലി വിൻസെന്റ് കൗൺസിലർ		സനു നിവാസ്, മുക്കാട് കാവനാട് പി. ഒ., കൊല്ലം.
ശ്രീ. മുരളി ബാബു ജി. കൗൺസിലർ		കളിയിലിൽ വടക്കതിൽ, കാവനാട് പി. ഒ., കൊല്ലം.
ശ്രീ. ജയൻ എസ്. കൗൺസിലർ		ജയൻ നിവാസ്, കരീപ്പുഴ, കാവനാട് പി. ഒ., കൊല്ലം

ശ്രീമതി മായ ഗോപീകൃഷ്ണൻ കൗൺസിലർ		കൗസ്തുഭം, കരീപ്പുഴ ഈസ്റ്റ്, കാവനാട് പി. ഒ., കൊല്ലം.
ശ്രീമതി മായ ഗണേഷ് കൗൺസിലർ		ഗിരീഷ് ഭവൻ, തിരുമുല്ലവാരം പി. ഒ., മുളങ്കാടകം, കൊല്ലം.
ശ്രീ. ഗോപിനാഥൻ കെ. കൗൺസിലർ		ഗീതം, പുത്തൻ മഠം, തേവള്ളി പി. ഒ., കൊല്ലം.
ശ്രീമതി ശ്രീകുമാരി പി., കൗൺസിലർ		ശ്രീനിധി, വൈദ്യശാല നഗർ 459, ആശ്രാമം പി. ഒ., കൊല്ലം.
ശ്രീ. ഉളിയക്കോവിൽ ശശി കൗൺസിലർ		ചൈത്രം, കടപ്പാക്കട പി. ഒ., കൊല്ലം.
പ്രൊഫ. എസ്. സുലഭ കൗൺസിലർ		ചെമ്പകശ്ശേരിൽ, മങ്ങാട് പി. ഒ., കൊല്ലം.
അഡ്വ. വി. രാജേന്ദ്ര ബാബു കൗൺസിലർ	മേയർ, കൊല്ലം കോർപ്പറേഷൻ	നന്ദനം 149, മാതൃകാ നഗർ, ഉളിയക്കോവിൽ പി. ഒ., കൊല്ലം.
ശ്രീ. ശ്രീകുമാർ എസ്. കൗൺസിലർ		തെക്കേ മുറിയിൽ, കിളികൊല്ലൂർ പി. ഒ., കൊല്ലം.
ശ്രീ. സതീഷ് കുമാർ ജി. കൗൺസിലർ		അംബുജ മന്ദിരം, റ്റി. കെ. എം. സി. പി. ഒ., കരിക്കോട്, കൊല്ലം.
അഡ്വ. ജി. ലാലു കൗൺസിലർ		വടക്കേടത്ത് വീട്, മങ്ങാട് പി. ഒ., കൊല്ലം.
ശ്രീമതി ആശാ ബിന്ദു കൗൺസിലർ		പ്രസന്ന ഭവനം, മങ്ങാട് പി. ഒ., കൊല്ലം.
ശ്രീമതി ലീലാമ്മ ഇ. കൗൺസിലർ		വിജയ ഭവനം, ചാത്തിനാംകുളം, ചന്ദനത്തോപ്പ് പി. ഒ., കൊല്ലം.
ശ്രീമതി സുജാ കൃഷ്ണൻ കൗൺസിലർ		കൃഷ്ണ വിലാസം, ഐശ്വര്യ നഗർ, ടി. കെ.എം. സി. പി. ഒ., കൊല്ലം.
ശ്രീമതി അജിത ജി. കൗൺസിലർ		അജിത മന്ദിരം, കല്ലുംതാഴം പി. ഒ., കൊല്ലം.
ശ്രീമതി ഗീതകുമാരി എസ്. കൗൺസിലർ	കൗൺസിലർ, കോളേജ് ഡിവിഷൻ, കൊല്ലം കോർപ്പറേഷൻ.	കരീപ്ര വീട്, കല്ലുംതാഴം പി. ഒ., കൊല്ലം.

ശ്രീമതി ലൈലകുമാരി റ്റി. കൗൺസിലർ	കൗൺസിലർ, കിളിക്കൊല്ലൂർ ഡിവിഷൻ, കൊല്ലം കോർപ്പറേഷൻ.	അത്തം, കല്ലുംതാഴം പി. ഒ., കൊല്ലം.
ശ്രീമതി ബിന്ദു എസ്. കൗൺസിലർ		കല്ലുവിള വടക്കതിൽ വീട്, പുന്തലത്താഴം, കൊല്ലം.
ശ്രീമതി പ്രസന്ന വിജയൻ കൗൺസിലർ		കല്ലുവിള വീട്, പുന്തലത്താഴം, കൊല്ലം.
ശ്രീമതി ബിന്ദു എസ്. ആർ. കൗൺസിലർ	കൗൺസിലർ, പാലത്തറ ഡിവിഷൻ, കൊല്ലം കോർപ്പറേഷൻ.	ചിത്തിര, മുള്ളുവിള, വടക്കേവിള പി. ഒ., കൊല്ലം.
ശ്രീ. കമാലുദ്ദീൻ എം. കൗൺസിലർ		സൗഫിയാ മൻസിൽ, വാളത്തുംഗൽ പി. ഒ., കൊല്ലം.
ശ്രീമതി ചിത്ര റ്റി. കൗൺസിലർ		ചോതി നിവാസ്, വാളത്തുംഗൽ പി. ഒ., കൊല്ലം.
ശ്രീമതി വസന്ത കുമാരി ബി. കൗൺസിലർ		സൗപർണ്ണിക, ശ്രീശരവണ നഗർ 146, ഇരവിപുരം പി. ഒ., കൊല്ലം.
ശ്രീ. അശോക് കുമാർ എസ്. കൗൺസിലർ		കൊച്ചു പടിഞ്ഞാറ്റതിൽ, ഇരവിപുരം പി. ഒ., കൊല്ലം.
ശ്രീമതി ഹംസത്ത് ബീവി കൗൺസിലർ		ജവാൻ മൻസിൽ, ഇരവിപുരം പി. ഒ., കൊല്ലം.
ശ്രീ. നൗഷാദ് എൻ. കൗൺസിലർ		തൊടിയിൽ പടിഞ്ഞാറ്റതിൽ, എൻ. എസ്. ജംഗ്ഷൻ, അയത്തിൽ പി.ഒ., കൊല്ലം.
ശ്രീ. നൗഷാദ് എം. കൗൺസിലർ	കൗൺസിലർ, കയ്യാലയ്ക്കൽ ഡിവിഷൻ, കൊല്ലം കോർപ്പറേഷൻ.	തെങ്ങഴികം, മണക്കാട്, വടക്കേവിള പി. ഒ., കൊല്ലം.
ശ്രീ. പ്രേം ഉഷാർ കൗൺസിലർ	കൗൺസിലർ, വടക്കേവിള ഡിവിഷൻ, കൊല്ലം കോർപ്പറേഷൻ.	പ്രശാന്തി മന്ദിരം, ശ്രീ നഗർ 32, പട്ടത്താനം പി. ഒ., കൊല്ലം.

ശ്രീമതി ഹേമ ചന്ദ്രഭാനു കൗൺസിലർ		കുന്നത്ത് വീട്, തെക്കേവിള പി. ഒ., കൊല്ലം.
അഡ്വ. കെ. പി. സജിനാഥ് കൗൺസിലർ		ഗിരി നിവാസ് തെക്കേവിള പി. ഒ., കൊല്ലം.
ശ്രീ. പ്രസന്ന കുമാർ ആർ. കൗൺസിലർ		മംഗലത്ത് വീട്, മുണ്ടയ്ക്കൽ, കൊല്ലം.
ശ്രീമതി ശാന്തിനി ശുഭദേവൻ കൗൺസിലർ	കൗൺസിലർ, ഉദയമാർത്താണ്ഡപു രം ഡിവിഷൻ, കൊല്ലം കോർപ്പറേഷൻ.	സത്യാ, മുണ്ടയ്ക്കൽ ഈസ്റ്റ്, കൊല്ലം.
ശ്രീ. ടോമി എൻ. കൗൺസിലർ		അഞ്ജലി നഗർ 51, പള്ളിത്തോട്ടം പി. ഒ., കൊല്ലം.
ശ്രീ. ജോർജ്ജ് ഡി. കാട്ടിൽ കൗൺസിലർ		കാട്ടിൽ, പാലസ് റോഡ്, തങ്കശ്ശേരി പി. ഒ., കൊല്ലം.
ശ്രീ. റോബിൻ ആർ. കൗൺസിലർ		റബ്ബി ഹൗസ്, കച്ചേരി പി. ഒ., മുതാക്കര, കൊല്ലം.
ശ്രീ. ആനന്ദൻ ജി. കൗൺസിലർ		കേളേത്ത് പടിഞ്ഞാറ്റതിൽ, കൊട്ടയ്ക്കകം വാർഡ്, കച്ചേരി പി. ഒ., കൊല്ലം.
ശ്രീ. കരുമാലിൽ ഡോ. ഉദയ സുകുമാരൻ, കൗൺസിലർ	കൗൺസിലർ, തങ്കശ്ശേരി ഡിവിഷൻ, കൊല്ലം കോർപ്പറേഷൻ.	കരുമാലിൽ, പുന്നത്തല, തങ്കശ്ശേരി പി. ഒ., കൊല്ലം.
ശ്രീമതി രേഖ ഉണ്ണികൃഷ്ണൻ കൗൺസിലർ		ചെറുശ്ശേരിൽ വീട്, തിരുമുല്ലവാരം പി. ഒ., കൊല്ലം.
ശ്രീ. ജനാർദ്ദനൻ എൻ. കൗൺസിലർ		ത്രിവേണി, മമതാ നഗർ 102, കന്നിമേൽചേരി, കാവനാട് പി. ഒ., കൊല്ലം.
ശ്രീമതി മിനി ഹരികുമാർ കൗൺസിലർ		കുന്നാന്തഴികത്ത് വടക്കതിൽ, കന്നിമേൽചേരി, കാവനാട് പി. ഒ., കൊല്ലം.
ശ്രീമതി വിമല ഫിലിപ്പ് കൗൺസിലർ		ചാമവിള വീട്, മീനത്തുചേരി, കാവനാട് പി. ഒ., കൊല്ലം.

കൂടാതെ ടെണ്ടർ നടപടി യഥാസമയം പൂർത്തിയാകാത്തത് വഴി കറന്റ് ചാർജിനത്തിൽ വിന്നേഴ്സിൽ നിന്നും ലഭിക്കേണ്ടിയിരുന്ന 10,34,732/- രൂപയും (പത്തുലക്ഷത്തി മുപ്പത്തിനാലായിരത്തി എഴുന്നൂറ്റി മുപ്പത്തി രണ്ട് രൂപ – മുൻകരാറിന്റെ കാലാവധി അവസാനിച്ച 08.05.2012 മുതൽ വിന്നേഴ്സുമായി കരാറുണ്ടാക്കിയ തീയതിയായ 01.09.2012 വരെയുള്ള കാലയളവിലെ കറന്റ് ചാർജിന്റെ 30%) നഗരസഭയ്ക്ക് നഷ്ടമായി. പ്രസ്തുത തുക ഉത്തരവാദിയായ സെക്രട്ടറി, സൂപ്രണ്ടിംഗ് എഞ്ചിനീയർ, മേയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. (പേരു വിവരം ചുവടെ ചേർത്തിരിക്കുന്നു)

ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ ഓഫീസ് മേൽവിലാസം	സ്ഥിര മേൽവിലാസം
ശ്രീമതി പ്രസന്ന ഏണസ്റ്റ് മേയർ		നിധി, മുണ്ടയ്ക്കൽ ഈസ്റ്റ് പി.ഒ., കൊല്ലം
ശ്രീമതി സബീനാ പോൾ സെക്രട്ടറി	സേവനത്തിൽ നിന്നും വിരമിച്ചു	ടച്ച് സ്റ്റോൺ മാനർ അപ്പാർട്ട്മെന്റ്, നമ്പർ 8 എ, മാതൃഭൂമി റോഡ്, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം - 695 035
ശ്രീമതി ലളിതാംബിക സൂപ്രണ്ടിംഗ് എഞ്ചിനീയർ	സേവനത്തിൽ നിന്നും വിരമിച്ചു	റ്റി.സി 55/94, ഐശ്വര്യ, ശാരദാ ഗാർഡൻ ലെയിൻ, നിറമൺകര, തിരുവനന്തപുരം.
ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ ഓഫീസ് മേൽവിലാസം	സ്ഥിര മേൽവിലാസം
ശ്രീമതി ജോളി വർഗ്ഗീസ് സൂപ്രണ്ടിംഗ് എഞ്ചിനീയർ	സൂപ്രണ്ടിംഗ് എഞ്ചിനീയർ, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ	തയ്യിൽ റോസാൻ, വിദ്യാ നഗർ ക്രോസ്സ് റോഡ്, കടവന്ത്ര, കൊച്ചി - 682 021

വിന്നേഴ്സിന് പരസ്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ നിശ്ചയിച്ച് നൽകിയതല്ലാതെ ഏതൊക്കെ അളവിൽ എത്രയൊക്കെ പരസ്യങ്ങൾ സ്ഥാപിക്കാമെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയില്ല. വിന്നേഴ്സ് സ്ഥാപിച്ച പരസ്യങ്ങളുടെ യഥാർത്ഥ മൂല്യം കണക്കാക്കുകയോ പരസ്യ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

പരസ്യം സ്ഥാപിക്കുന്നതിനുള്ള കുത്തകാവകാശത്തിന്റെ മൂല്യം തെരുവ് വിളക്ക പരിപാലനത്തിന് ഒരു വർഷം വേണ്ടി വരുന്ന തുക (കരാർ പ്രകാരം 35,93,500/- രൂപ) യുടെയും ഒരു വർഷത്തെ കറന്റ് ചാർജിന്റെ 30% തുകയായ 32,89,920/- രൂപയുടെയും ആകെ തുകയായ 68,83,420/- രൂപയാണ്. പ്രസ്തുത തുകയുടെ 12.36% തുകയായ 8,50,790.712/- രൂപ വീതം ഓരോ വർഷവും സേവന നികുതി നിശ്ചയിച്ച് ഈടാക്കാതിരുന്നത് വഴി കേന്ദ്ര സർക്കാരിൽ ഒടുക്ക

വരുത്തേണ്ട 25,52,372/- രൂപ (850790.712x3) നഷ്ടമായി. പ്രസ്തുത തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

2012 സെപ്റ്റംബർ മുതൽ 2015 ജൂലൈ വരെയുള്ള മിക്ക കൗൺസിൽ യോഗങ്ങളിലും തെരുവ് വിളക്ക് പരിപാലനത്തിന്റെ അപാകതകളെപ്പറ്റി ഒട്ടേറെ പരാമർശങ്ങളുണ്ട്. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ വിന്നേഴ്സ് സ്ഥാപിച്ച കോർപ്പറേഷനിലെ ഭൂരിഭാഗം തെരുവ് വിളക്കുകളും കത്താത്തതും കേടു വന്നതുമായ നിലയിൽ കാണപ്പെട്ടു. തെരുവ് വിളക്ക് പരിപാലനം കൃത്യമായി നിർവ്വഹിക്കാതെയും ഓഫർ പ്രകാരമുള്ള കറന്റ് ചാർജ്, സേവനനികുതി, പരസ്യ നികുതി എന്നിവ കൃത്യമായി അടയ്ക്കാതെയും നഗരസഭയ്ക്ക് ഭീമമായ നഷ്ടമുണ്ടാക്കിയിട്ടും കരാർ റദ്ദ് ചെയ്ത് തുടർനടപടികൾ സ്വീകരിക്കാതെ വിന്നേഴ്സ് എന്ന് സ്ഥാപനത്തെ തുടരാൻ അനുവദിച്ചത് നീതീകരിക്കാനാവാത്തതാണ്.

പ്രസ്തുത വിഷയം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് ശുപാർശ ചെയ്യുന്ന വിവരം 02.04.2016 ലെ കെ.എസ്.എ.-കെ.എൽ.സി.6-728/2015-ാം നമ്പർ കത്ത് പ്രകാരം കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയെ അറിയിച്ചിരുന്നു. ഖണ്ഡികയിൽ പരാമർശിക്കുന്ന അപാകതകൾക്ക് ഉത്തരവാദികളായ 46 കൗൺസിലർമാർ ഉൾപ്പെടെയുള്ള 50 പേരിൽ പ്രൊഫ.എസ്.സുലഭ (കൗൺസിലർ), ജോളി വർഗ്ഗീസ് (സൂപ്രണ്ടിംഗ് എഞ്ചിനീയർ), ലളിതാംബിക. എസ്.കെ (സൂപ്രണ്ടിംഗ് എഞ്ചിനീയർ, റിട്ട) എന്നിവർ മാത്രമാണ് മറുപടി ലഭ്യമാക്കിയത്. ഈ മറുപടികളിൽ ഒന്നും തന്നെ ഖണ്ഡികയിൽ പരാമർശിച്ച അപാകതകൾ സംഭവിച്ചിട്ടില്ലെന്നോ, നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടില്ലെന്നോ പറയുന്നില്ല. നഷ്ടത്തിന് തങ്ങൾ ഉത്തരവാദികളല്ലെന്ന് മാത്രമാണ് പറയുന്നത്. എന്നാൽ ഈ മറുപടിക്കാധാരമായ വസ്തുതകളോ രേഖകളോ ലഭ്യമാക്കിയില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 8.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

47. നഗരസഭയുടെ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ടുണ്ടായിരുന്ന കരാർ 2012 മേയ് മാസത്തിൽ അവസാനിച്ചതിനെത്തുടർന്ന് കൗൺസിൽ യോഗതീരുമാന പ്രകാരം പുതിയ ടെൻഡർ ക്ഷണിക്കുകയും നാല് ഏജൻസികൾ സമർപ്പിച്ച പ്രൊപ്പോസലുകളിൽ നിന്ന് കൊല്ലം വിന്നേഴ്സ് എന്ന സ്ഥാപനത്തിന്റെ പ്രൊപ്പോസൽ കൗൺസിൽ അംഗീകരിച്ചുവെന്ന് കൊല്ലം നഗരസഭാ അഡീഷണൽ സെക്രട്ടറി മറുപടി നൽകി. മൂന്ന് വർഷക്കാലത്തേക്ക് നഗരസഭയിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും പരിപാലനവും അറ്റകുറ്റപ്പണികളും നിർവഹിക്കാമെന്നും കറന്റ് ചാർജിന്റെ 30 ശതമാനം തുക പ്രതിമാസം നൽകാമെന്നുമാണ് കൊല്ലം വിന്നേഴ്സിന്റെ പ്രൊപ്പോസലിൽ ഉണ്ടായിരുന്നതെന്നും എന്നാൽ സെലക്ഷൻ മെമ്മോ കൈപ്പറ്റിയതിനുശേഷം പ്രൊപ്പോസൽ സമർപ്പിച്ച സമയത്തെ കറന്റ് ചാർജിന്റെ 30 ശതമാനം തുകയാണ് ഓഫർ ചെയ്തതെന്നും വർധിച്ച കറന്റ് ചാർജിന് ആനുപാതികമായ തുക നൽകാൻ സാധ്യമല്ലെന്നുമുള്ള നിലപാട് പ്രസ്തുത സ്ഥാപനം സ്വീകരിച്ചുവെന്നും അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. തുടർന്ന് കരാർ ഉടമ്പടി ഒപ്പുവയ്ക്കാൻ കാലതാമസം നേരിടുകയും കൊല്ലം വിന്നേഴ്സ്

എന്ന സ്ഥാപനത്തിന്റെ ഓഫർ റദ്ദ് ചെയ്ത് നഷ്ടോത്തരവാദിത്തത്തിൽ റീടെൻഡർ നടപടി സ്വീകരിച്ചില്ലെങ്കിൽ നഗരസഭയ്ക്ക് വലിയ സാമ്പത്തിക ബാധ്യതയുണ്ടാകുമെന്ന അന്നത്തെ നഗരസഭാ സെക്രട്ടറിയുടെയും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും കുറിപ്പ് അവഗണിച്ചുകൊണ്ട് 24-12-2012-ലെ കൗൺസിൽ യോഗതീരുമാനപ്രകാരം പ്രസ്തുത സ്ഥാപനവുമായി കരാറിലേർപ്പെട്ടുവെന്നും അഡീഷണൽ സെക്രട്ടറി ബോധിപ്പിച്ചു. അതോടൊപ്പം നഗരസഭയുടെ പരിധിയിൽപ്പെടുന്ന ചില സ്ഥലങ്ങളിൽ പരസ്യം സ്ഥാപിക്കുന്നതിനുള്ള അവകാശം കൂടി കരാറിന്റെ ഭാഗമായി ടി സ്ഥാപനത്തിന് നൽകിയിരുന്നുവെന്നും എന്നാൽ സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിച്ച പരസ്യങ്ങളുടെ യഥാർഥ മൂല്യം കണക്കാക്കുകയോ കൃത്യമായി പരസ്യ നികതി ഈടാക്കുകയോ ചെയ്തിട്ടില്ലെന്നും സ്ഥാപനവുമായി യഥാസമയം ടെൻഡർ നടപടികൾ പൂർത്തീകരിക്കാത്തതുകൊണ്ട് മുൻ കരാറിന്റെ കാലാവധി അവസാനിച്ച 08-05-2012 മുതൽ സ്ഥാപനവുമായി കരാർ ഒപ്പുവച്ച 01-09-2012 വരെയുള്ള കറന്റ് ചാർജിന്റെ 30 ശതമാനം തുകയും നഗരസഭയ്ക്ക് നഷ്ടപ്പെട്ടിട്ടുണ്ടെന്നും കൊല്ലം നഗരസഭ അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ വിശദീകരിച്ചു.

48. പ്രൊപ്പോസൽ സമർപ്പിച്ച സമയത്തെ കറന്റ് ചാർജിന്റെ 30 ശതമാനം നൽകാമെന്നാണ് സ്ഥാപനം അറിയിച്ചതെന്നും വർധിപ്പിച്ച കറന്റ് ചാർജിന് ആനുപാതികമായി തുക നൽകണമെന്ന് പറയുന്നത് ശരിയല്ലെന്നും ഇതുസംബന്ധിച്ച ഫയലുകളെല്ലാം ഓഡിറ്റ് വിഭാഗത്തിന് കൃത്യമായി ലഭ്യമാക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ലെന്നാണ് മനസ്സിലാകുന്നതെന്നും സൂചിപ്പിച്ച സമിതി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന ഫയൽ കണ്ടെത്താൻ സാധിച്ചോയെന്ന് ആരാഞ്ഞു. ഫയൽ കണ്ടെത്തുന്നതിന് സെർച്ച് മെമ്മോ നൽകി കാര്യക്ഷമമായി തിരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

49. ഓഡിറ്റ് വകുപ്പ് പരിശോധന നടത്തിയ സമയത്ത് കൃത്യമായ രേഖകൾ ലഭ്യമാക്കാത്തതുകൊണ്ടാണ് പരാമർശമുണ്ടായതെന്നും ഫയലുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെങ്കിൽ വിഷയത്തിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന് ന്യായമായും സംശയിക്കേണ്ടിയിരിക്കുന്നുവെന്നും നിരീക്ഷിച്ച സമിതി നഗരസഭ കരാറിലേർപ്പെട്ട സ്ഥാപനത്തിന്റെ കൈവശം കരാർ വ്യവസ്ഥയുടെ പകർപ്പ് ഉണ്ടാകില്ലേയെന്ന് ആരാഞ്ഞതിന് ഉണ്ടാകുമെന്ന് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. കൃത്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാതെ ഓഡിറ്റ് വകുപ്പിന് ഒന്നും ചെയ്യാൻ കഴിയില്ലെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

50. പ്രസ്തുത കമ്പനിയുമായി കരാറിലേർപ്പെട്ടതുമൂലം നഗരസഭയ്ക്ക് ഒരുകോടി രൂപയ്ക്ക് മുകളിൽ നഷ്ടമുണ്ടായതായി കണ്ടെത്തിയിരുന്നുവെന്നും തുടർന്ന് സർചാർജ് നോട്ടീസ് നൽകിയെങ്കിലും സർചാർജ് നടപടി തുടരുന്നില്ലെന്നും തെരുവ് വിളക്ക് പരിപാലനം കൃത്യമായി നിർവഹിക്കാത്തതും ഓഫർ പ്രകാരമുള്ള കറന്റ് ചാർജ്, സേവന നികുതി, പരസ്യ നികുതി എന്നിവ കൃത്യമായി അടയ്ക്കാത്തതുമായി ബന്ധപ്പെട്ടുമുള്ള ഓഡിറ്റ് പരാമർശങ്ങളാണ് നിലനിൽക്കുന്നതെന്നും കമ്പനിയുമായി കരാറിലേർപ്പെടാൻ നേരിട്ട കാലതാമസത്തെ സംബന്ധിച്ച യാതൊരു രേഖയും

ഓഡിറ്റ് വകുപ്പിന് ലഭ്യമായിട്ടില്ലെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി. വർധിച്ച കറന്റ് ചാർജിന് ആനുപാതികമായ തുക നൽകാൻ സാധ്യമല്ലെന്ന നിലപാട് സ്ഥാപനം സ്വീകരിച്ചതുകൊണ്ടാണ് കരാറിലേർപ്പെടാൻ താമസമുണ്ടായതെന്ന് കൊല്ലം നഗരസഭ അഡീഷണൽ സെക്രട്ടറി ബോധിപ്പിച്ചു. ഇക്കാര്യം ഓഡിറ്റ് വകുപ്പിനെ അറിയിച്ചിട്ടില്ലെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സൂചിപ്പിച്ചതിന്, ഏകദേശം ആറ് വർഷങ്ങൾക്കുമുമ്പ് മറുപടി നൽകിയിരുന്നുവെന്ന് കൊല്ലം നഗരസഭ അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

51. കരാറിൽ കുറ്റമറ്റ വ്യവസ്ഥകളും നഗരസഭയ്ക്ക് അനുകൂലമായ കാര്യങ്ങളും ഉൾപ്പെടുത്തുന്നതിൽ നഗരസഭയ്ക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട ഫയലുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു.

52. നഷ്ടം സംഭവിച്ചിട്ടും കരാർ റദ്ദ് ചെയ്യാതെയും തുടർനടപടി സ്വീകരിക്കാതെയും മൂന്നുവർഷംവരെ തുടരാൻ കമ്പനിയെ അനുവദിക്കുകയും ചെയ്ത കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന് എന്താണ് വ്യക്തമാക്കാനുള്ളതെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ചോദിച്ചതിന്, മുൻ നഗരസഭാ സെക്രട്ടറി അടക്കമുള്ളവർ മരണപ്പെട്ടുവെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു.

53. കമ്പനിയുമായി കരാറിലേർപ്പെടുന്നതിന് അന്നത്തെ സെക്രട്ടറി വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സൂചിപ്പിച്ചു. അന്നത്തെ സെക്രട്ടറി അത്തരത്തിലൊരു വിയോജിപ്പ് അറിയിച്ചിട്ടുണ്ടെങ്കിൽ അന്നുണ്ടായിരുന്ന ഭരണസമിതിക്ക് എതിരെ സർചാർജ് നടപടി സ്വീകരിക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ട സമിതി, പ്രസ്തുത വിഷയം പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

54. കൊല്ലം നഗരസഭയിലെ തെരുവ് വിളക്കുകൾ പരിപാലിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും കരാർ നൽകിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് കൃത്യമായ രേഖകൾ / ഫയലുകൾ ഹാജരാക്കാൻ സാധിക്കാത്തതിൽ നിന്നും വിഷയത്തിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. കൊല്ലം വിന്നേഴ്സ് എന്ന കമ്പനിയുമായി ഏർപ്പെട്ട കരാറിൽ കുറ്റമറ്റ വ്യവസ്ഥകളും നഗരസഭയ്ക്ക് അനുകൂലമായ വ്യവസ്ഥകളും ഉൾപ്പെടുത്താത്ത നടപടിയിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി അന്നുണ്ടായിരുന്ന ഭരണ സമിതിക്കെതിരെ സർച്ചാർജ്ജ് നടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്യുന്നു. ഓഡിറ്റ് പരാമർശം പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ടി പിൻവലിച്ച തുക ദുർവിനിയോഗം ചെയ്തു - 8.58 ലക്ഷം രൂപയുടെ ക്രമക്കേട്

ദേവികുളം ബ്ലോക്ക് പഞ്ചായത്ത്, ഇടുക്കി ജില്ല

ഓഡിറ്റ് റിപ്പോർട്ട് - 2013-14 ഖണ്ഡിക 3-1

- പദ്ധതി നിർവ്വഹണത്തിനായി പിൻവലിച്ച തുക അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വ്യക്തിഗത അക്കൗണ്ടിൽ നിക്ഷേപിച്ചു
- ട്രഷറിയിൽ നിന്നും പിൻവലിച്ച തുക പൂർണ്ണമായും ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയില്ല

പദ്ധതി നിർവ്വഹണത്തിനു വേണ്ടി ട്രഷറിയിൽ നിന്നും പിൻവലിച്ച തുക പൂർണ്ണമായും ബാങ്കിൽ നിക്ഷേപിച്ചില്ല

ദേവികുളം ബ്ലോക്ക് പഞ്ചായത്ത് പണമിടപാടുകൾ നടത്തുന്ന ദേവികുളം സബ് ട്രഷറി നോൺ ബാങ്കിംഗ് ട്രഷറിയാണ്. പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ടി ഈ ട്രഷറിയിൽ നിന്നും പണമാക്കുന്ന തുകകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ ദേവികുളം എസ്.ബി.ടി.യിൽ നിലവിലുള്ള അക്കൗണ്ടിൽ (നം.67097805381) നിക്ഷേപിച്ച് ഈ അക്കൗണ്ട് വഴിയാണ് പദ്ധതി ചെലവുകൾ നടത്തിവരുന്നത്. 31.10.2013 മുതൽ 12.01.2014 വരെ വിവിധ ബില്ലുകൾ പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച തുക പൂർണ്ണമായും ബാങ്ക് അക്കൗണ്ടിൽ ഒടുക്ക് വരുത്തിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	പണം പിൻവലിച്ച തീയതി	ബില്ലുകളുടെ എണ്ണം	പിൻവലിച്ച തുക (ആകെ രൂപ)	ബാങ്കിൽ നിക്ഷേപിച്ച തുക (രൂപ)	ബാങ്കിൽ നിക്ഷേപിച്ച തീയതി	കുറവ് വന്ന തുക (രൂപ)
1	31.10.2013	18	2929245	2900000	31.102013	29245
2	08.11.2013	06	3211603	3145600	08.11.2013	66003
3	25.11.2013	02	1418059	1386060	26.11.2013	31999
4	27.11.2013	03	1052830	1033960	27.11.2013	18870
5	18.12.2013	03	1905660	1868600	21.12.2013	37060
6	31.12.2013	06	5471555	5431555	31.12.2013	40000
7	10.01.2014	01	852830	552830	10.01.2014	300000
			ആകെ			523177

പദ്ധതി നിർവ്വഹണത്തിനു പിൻവലിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തിഗത ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചു

പദ്ധതി നിർവ്വഹണത്തിനുവേണ്ടി 29.3.2014 ൽ 95,01,714/- രൂപ (13 ബില്ലുകൾ പ്രകാരം) 31.3.2014 ൽ 22,33,973/- രൂപ (4 ബില്ലുകൾ പ്രകാരം) എന്നിങ്ങനെ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ഈ തുക പദ്ധതിപ്പണം നിക്ഷേപിക്കുന്നതിനുവേണ്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള എസ്.ബി.ടി അക്കൗണ്ടിൽ നിക്ഷേപിക്കാതെ തന്റെ സ്വന്തം പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിൽ (അക്കൗണ്ട് നം. 1192) നിക്ഷേപിച്ച് സ്വന്തം പേരിലുള്ള ചെക്ക് പ്രകാരമാണ് ചെലവഴിച്ചിട്ടുള്ളത്. മാത്രമല്ല 31.3.2014 ൽ ട്രഷറിയിൽ നിന്നും പിൻവലിച്ച 22,33,973/- രൂപയ്ക്ക് പകരം 21,33,973/- രൂപ മാത്രമാണ് ടി.എസ്.ബി അക്കൗണ്ടിൽ ഒടുക്കിയത്. 100000/- രൂപ അക്കൗണ്ടിൽ ഒടുക്കിയിട്ടുമില്ല. നിർവ്വഹണ ഉദ്യോഗസ്ഥന്റെ

ശമ്പളവും മറ്റും മാറുന്നതിനുവേണ്ടിയുള്ള ടി.എസ്.ബി അക്കൗണ്ടിൽ നിലനിന്നിരുന്ന മുന്നിരുപ്പ് തുക കേവലം 500/- രൂപ മാത്രമാണ്. പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള വികസന ഫണ്ട് വിവിധ ചെക്കുകൾ പ്രകാരം പിൻവലിച്ച് ചെലവഴിച്ചതിന് ശേഷം 11.4.2014 ൽ 2,35,481/- രൂപ നീക്കിയിരുപ്പായി അവശേഷിക്കുന്നുണ്ട്. ഈ തുകയിൽ 2,34,981/- രൂപയും (235481-500) പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ടി പിൻവലിച്ച വികസന ഫണ്ടാണ്.

ഈ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ജോയ്. പി.തോമസ് വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിച്ചു കിട്ടിയ തുകയിൽ 858158/- രൂപയുടെ (523177+100000+234981) ക്രമക്കേട് നടത്തിയതായി വ്യക്തമാകുന്നു. ഈ തുക ശ്രീ. ജോയ്. പി.തോമസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതും പൊതുപണം സ്വന്തം പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ച് ദുർവിനിയോഗം നടത്തിയതിന് അദ്ദേഹത്തിനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പ്രസ്തുത വിഷയം സമാഹൃത റിപ്പോർട്ടിലേക്ക് ശുപാർശ ചെയ്യുന്ന വിവരം 29.04.2016 ലെ കെ.എസ്.എ.ഐ.ഡി.കെ.3/1317/2015-ാം നമ്പർ കത്ത് പ്രകാരം ദേവികുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.
(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 8.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

55. ജോയ് പി. തോമസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി., ട്രഷറി ബാങ്ക് ക്രയവിക്രയങ്ങളിൽ ക്രമക്കേടുകൾ നടത്തിയതിൽ 8,58,158/- രൂപയുടെ ബാധ്യത തിരിച്ചടവാക്കിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന്റെ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലെന്നും ടിയാൾ എൽ.എസ്.ജി.ഡി., അടിമാലി ഓഫീസിൽ സർവീസിലിരിക്കെ 23-02-2016-ൽ മരണപ്പെട്ടിട്ടുള്ളതാണെന്നും സൂചിപ്പിച്ച സമിതി, പ്രസ്തുത വിഷയത്തെക്കുറിച്ച് എന്താണ് വ്യക്തമാക്കാനുള്ളതെന്ന് ആരാഞ്ഞു.

56. ജോയ് പി. തോമസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 6-11-2012 മുതൽ 31-8-2014 വരെയാണ് ദേവികുളം ബ്ലോക്ക് പഞ്ചായത്തിൽ സേവനം അനുഷ്ഠിച്ചിരുന്നതെന്നും ആ സമയത്ത് 31-10-2013 മുതൽ 10-01-2014 വരെ ട്രഷറിയിൽ സമർപ്പിച്ച 39 പ്രവൃത്തികളിൽ 5,23,177/- രൂപ കുറവ് വരുത്തിയാണ് ബാങ്കിൽ നിക്ഷേപിച്ചതെന്നും ദേവികുളം ജോയിന്റ് ബി.ഡി.ഒ. മറുപടി നൽകി. ദേവികുളം സബ് ട്രഷറി അന്ന് നോൺ ബാങ്കിങ് ട്രഷറിയായിരുന്നുവെന്നും 29-03-2014 മുതൽ 31-03-2014 വരെയുള്ള 17 ബില്ലുകളിൽ ട്രഷറിയിൽനിന്ന് പിൻവലിച്ച തുക സ്വന്തം പേരിലുള്ള ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിക്കുകയും അതിൽ നിന്ന് കരാറുകാർക്ക് തുക നൽകുകയുമാണ് ചെയ്തിട്ടുള്ളതെന്നും അതിലും 2,34,981/- രൂപയുടെ കുറവ് വന്നിട്ടുണ്ടായിരുന്നുവെന്നും ജോയിന്റ് ബി.ഡി.ഒ. കൂട്ടിച്ചേർത്തു. ക്രമക്കേട് വരുത്തിയ തുക 8,58,158/- രൂപയാണെന്നും ജോയ് പി. തോമസ്

കണ്ണൂർ ജില്ലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ ആയിരുന്ന സമയത്ത് ഇദ്ദേഹത്തിനെതിരെ 36,170/- രൂപയുടെ സർചാർജ് നടപടിക്ക് ശിപാർശ ചെയ്തിരുന്നുവെന്നും ആകെ ക്രമക്കേട് വരുത്തിയ തുക 8,94,328/- രൂപയാണെന്നും ദേവികുളം ജോയിന്റ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

57. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറിയുടെ ചോദ്യത്തിന്, ജോയ് പി. തോമസ് സർവീസിലിരിക്കെ 23-02-2016-ൽ മരണമടഞ്ഞതായി ദേവികുളം ജോയിന്റ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ അറിയിച്ചു.

58. ബാധ്യതകൾ നിലനിൽക്കെ ഇദ്ദേഹത്തിന്റെ നിയമപരമായ അവകാശികൾക്ക് എൻ.എൽ.സി. (നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ്) നൽകിയത് നിയമപരമായി തെറ്റല്ലേയെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ചോദിച്ചു. ധനകാര്യ വകുപ്പിന്റെ 21-06-2014-ലെ 64/2014 സർക്കുലർ പ്രകാരമാണ് എൻ.എൽ.സി. നൽകിയിട്ടുള്ളതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

59. സർവീസിലിരിക്കെ മരണപ്പെട്ടതുകൊണ്ട് അദ്ദേഹത്തിന്റെ നിയമപരമായ അവകാശിക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നത് അനന്തമായി നീട്ടിക്കൊണ്ടുപോകാൻ പാടില്ലാത്തതിനാൽ ടിയാൻ മരണപ്പെട്ടുവെന്ന സാഹചര്യം കണക്കിലെടുത്ത് ധനകാര്യ വകുപ്പിന്റെ സർക്കുലറിന്റെ അടിസ്ഥാനത്തിൽ അവകാശികളിൽ നിന്നും ബാധ്യത ഉടമ്പടി ഉറപ്പുവരുത്തിയാണ് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചതെന്ന് ദേവികുളം ജോയിന്റ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ വ്യക്തമാക്കി. അവകാശികളിൽ നിന്നും ബാധ്യത ഉടമ്പടി ഉറപ്പുവരുത്തി വ്യവസ്ഥകൾക്ക് വിധേയമായാണ് പെൻഷൻ ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുള്ളതെന്നും തദ്ദേശസ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിങ് വിഭാഗത്തിൽ അദ്ദേഹത്തിന്റെ മകന് ആശ്രിത നിയമനത്തിനുള്ള ഊഴം വന്നിട്ടില്ലെന്നും അദ്ദേഹത്തിന്റെ പേരിലുള്ള മുഴുവൻ ബാധ്യത തുകയും തിട്ടപ്പെടുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വിശദമാക്കി.

60. ബാധ്യത ഉടമ്പടിയിൽ എന്തൊക്കെ വ്യവസ്ഥകളാണ് നിർദേശിച്ചിരിക്കുന്നതെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ആരാഞ്ഞു. അദ്ദേഹത്തിന്റെ മുഴുവൻ ബാധ്യത തുകയും തിരിച്ചുപിടിക്കാൻ നിയമപരമായ അവകാശിക്ക് സമ്മതമാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ബോണ്ട് എക്സിക്യൂട്ട് ചെയ്തിരിക്കുന്നതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി.

61. സർക്കാർ പണം ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിക്കാതെ സ്വന്തം അക്കൗണ്ടിൽ നിക്ഷേപിച്ച് കരാറുകാർക്ക് പണം നൽകിയ വിഷയം നാളിതുവരെ ഉണ്ടായിട്ടില്ലെന്ന് സമിതി അംഗം അഭിപ്രായപ്പെട്ടപ്പോൾ പ്രസ്തുത ഉദ്യോഗസ്ഥന്റെ സേവന കാലയളവ് തൃപ്തികരമല്ലെന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും സമാനമായ വിഷയം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ടിയാന്റെ ബാധ്യത അവകാശിയിൽ നിന്നും ഈടാക്കാനുള്ള ബോണ്ട് മാത്രമാണ് സർക്കാരിന്റെ

കൈവശമുള്ളതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ബോധിപ്പിച്ചു.

62. ബോണ്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണമെന്ന് നിർദേശിച്ച സമിതി പണാപഹരണം നടത്തിയ ഉദ്യോഗസ്ഥൻ സർവീസിലിരിക്കെ മരണപ്പെട്ടാൽ ബോണ്ടിലെ വ്യവസ്ഥയ്ക്ക് വിധേയമായി പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്ന നടപടി അനാവശ്യ കീഴ്വഴക്കം സൃഷ്ടിക്കാനിടയാക്കുമെന്ന് അഭിപ്രായപ്പെട്ടു.

63. ബോണ്ടിന്റെ അടിസ്ഥാനത്തിൽ ബാധ്യത തിരിച്ചുപിടിക്കാമെന്നും പ്രൊവിഷണൽ പെൻഷനായിരിക്കും നൽകിയിട്ടുള്ളതെന്നും ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി അറിയിച്ചപ്പോൾ ഇക്കാര്യം സർക്കാർ പരിശോധിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

64. പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ടി പിൻവലിച്ച തുക ദുർവിനിയോഗം ചെയ്യുകയും ക്രമക്കേട് നടത്തുകയും പിന്നീട് സർവ്വീസിലിരുന്ന് മരണപ്പെടുകയും ചെയ്ത ഉദ്യോഗസ്ഥരുടെ അവകാശികൾക്ക് ബാദ്ധ്യത ഉടമ്പടിയുടെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്ന നടപടി അനാവശ്യ കീഴ്വഴക്കങ്ങൾ സൃഷ്ടിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ദേവികുളം ബ്ലോക്ക് പഞ്ചായത്തിൽ പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ടി പിൻവലിച്ച തുക ദുർവിനിയോഗം ചെയ്ത് 8.58 ലക്ഷം രൂപയുടെ ക്രമക്കേട് നടത്തുകയും സർവീസിലിരിക്കെ മരണപ്പെടുകയും ചെയ്ത ജോയ് പി. തോമസിന്റെ അവകാശിക്ക് ബോണ്ടിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ നൽകിയ നടപടി പരിശോധിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദേശിക്കുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

മൂന്നാർ ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് - ലക്ഷങ്ങൾ ചെലവഴിച്ചിട്ടും മാലിന്യ പ്രശ്നത്തിന് പരിഹാരമായില്ല

മൂന്നാർ ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ല

ഓഡിറ്റ് റിപ്പോർട്ട് - 2013-14 ഖണ്ഡിക 3-1

- പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ക്രമക്കേടുകൾ
- കരാർ നൽകിയത് സർക്കാർ അംഗീകാരമില്ലാത്ത ഏജൻസിക്ക്
- 1.2 കോടി രൂപയുടെ പദ്ധതിക്ക് തദ്ദേശഭരണ വകുപ്പിന്റെയോ മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ അനുമതിയില്ല

പ്രോജക്ട് നം	:	194/14
നിർവ്വഹണാധികാരി	:	ഗ്രാമപഞ്ചായത്ത് സെക്രട്ടറി
പദ്ധതി അടങ്കൽ	:	6000000/- രൂപ
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	:	4000000/- രൂപ

ഗുണഭോക്തൃ വിഹിതം : 1000000/- രൂപ

ബ്ലോക്ക് പഞ്ചായത്ത് വിഹിതം : 1000000/- രൂപ

മൂന്നാർ ഗ്രാമപഞ്ചായത്തും കേരള ടൂറിസം വകുപ്പും ചേർന്നാണ് മൂന്നാർ ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് എന്ന പദ്ധതി ആവിഷ്കരിച്ചത്. പദ്ധതിയ്ക്കുവേണ്ടി വിശദമായ രൂപരേഖ തയ്യാറാക്കിയത് W.Tech. തിരുവനന്തപുരം - 1 എന്ന സ്ഥാപനമാണ്. കേരള ടൂറിസം വകുപ്പിന്റെ 28.2.2013 ലെ ജി.ഒ(ആർ.ടി) നം. 1562/13 പ്രകാരം പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചു. പദ്ധതി ചെലവിലേക്ക് 5000000/- രൂപ അനുവദിക്കുകയും ചെയ്തു. 2.9.2013 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം നം. 4 ന്റെ അടിസ്ഥാനത്തിൽ W.Tech. എന്ന സ്ഥാപനത്തെ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തു. ടൂറിസം മേഖലകളിൽ നിന്നും മൂന്നാർ ടൗണിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച് ഗ്രാമപഞ്ചായത്ത് വക ഡമ്പിംഗ് യാർഡിൽ എത്തിച്ച് ജൈവമാലിന്യങ്ങൾ അവിടെ വച്ച് സംസ്കരിക്കുന്നതിനും പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്രത്യേക കവറുകളിലാക്കി നീക്കം ചെയ്യുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. 10.9.2013 ൽ നിർവ്വഹണ ഏജൻസിയുമായി ഗ്രാമപഞ്ചായത്ത് കരാർ ഒപ്പു വച്ചിട്ടുണ്ട്. 12.9.2013 മുതൽ 11.9.2014 വരെയായിരുന്നു പദ്ധതി കാലയളവ്. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉണ്ടായ ക്രമക്കേടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

കരാർ വ്യവസ്ഥയിൽ നിന്നും വ്യതിചലിച്ച് സൂപ്പർ വിഷൻ ചാർജ് നൽകി 5,25,000/- രൂപയുടെ നഷ്ടം

ഖരമാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി സർക്കാർ അംഗീകരിച്ചിട്ടുള്ള അക്രഡിറ്റഡ് ഏജൻസികളുടെ ലിസ്റ്റിൽ W.Tech. എന്ന സ്ഥാപനം ഉൾപ്പെട്ടിട്ടില്ല. 1,20,00,000/-രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവിടങ്ങളിൽ നിന്നും അംഗീകാരം നേടിയിട്ടില്ല. പദ്ധതിക്കുവേണ്ടി കേരള ടൂറിസം വകുപ്പിന്റെ വിഹിതമായി വകയിരുത്തിയ 5000000/- രൂപയിൽ 2500000/- രൂപ നാളിതുവരെയും ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. സാങ്കേതിക പരിജ്ഞാനം ഒട്ടും ആവശ്യമില്ലാത്ത പദ്ധതിയാണെങ്കിലും, സർക്കാരിൽ നിന്നും മുൻകൂർ അനുമതി ലഭിച്ച ശേഷം മാത്രമേ ടെക്നിക്കൽ സൂപ്പർ വിഷൻ ചാർജ്ജ് നൽകുകയുള്ളൂവെന്ന കരാർ വ്യവസ്ഥ (നമ്പർ 17) മറികടന്ന് ചെക്ക് നമ്പർ 163469/31.3.2014 പ്രകാരം 5,25,000/- രൂപ നിർവ്വഹണ ഏജൻസിക്ക് നൽകി. പ്രസ്തുത ചെലവിനത്തിന്റെ സാധൂകരണത്തിനായി ഗ്രാമപഞ്ചായത്ത് സർക്കാരിനെ സമീപിച്ചുവെങ്കിലും അനുകൂലമായ മറുപടി ലഭ്യമായിട്ടില്ല. എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരമുള്ള ഗുണഭോക്തൃ വിഹിതം സമാഹരിക്കുന്നതിലും മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുന്നതിലും നിർവ്വഹണ ഏജൻസി വീഴ്ച വരുത്തിയിട്ടുണ്ട്. ഇക്കാര്യങ്ങൾ ഒന്നും പരിഗണിക്കാതെയാണ് നിർവ്വഹണ ഏജൻസിക്ക് പദ്ധതി ചെലവിന് തനതു ഫണ്ടിൽ നിന്നും ടെക്നിക്കൽ സൂപ്പർ വിഷൻ ചാർജ്ജുകൾ ഉൾപ്പെടെ 62,97,290/- രൂപ നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് ഖരമാലിന്യ നിർമ്മാർജ്ജനം സ്വന്തമായി നടപ്പിലാക്കിയ 2012-13 വർഷത്തെ ആകെ പദ്ധതി ചെലവ് 3539335/- രൂപ മാത്രമായിരുന്നു. മേൽ പരാമർശിച്ചിട്ടുള്ള വസ്തുതകളുടെ

വെളിച്ചത്തിൽ ടെക്നിക്കൽ സൂപ്പർ വിഷൻ ചാർജ്ജിനത്തിൽ തനതുഫണ്ടിൽ നിന്നും നൽകിയ 5,25,000/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തി 7,06,307/- രൂപയുടെ നഷ്ടം

ഗുണഭോക്തൃ വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നീയിനങ്ങളിൽ 20,00,000/- രൂപ (10,00,000/- രൂപ വീതം) പദ്ധതിക്കുവേണ്ടി വകയിരുത്തിയിരുന്നു. പദ്ധതി പ്രദേശത്തെ സ്ഥിരതാമസക്കാർ, ഹോട്ടലുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരിൽ നിന്നും ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഗുണഭോക്തൃ വിഹിതം സമാഹരിച്ച് അതതു ദിവസം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് നിർവ്വഹണ ഏജൻസിയെ ഉടമ്പടിയിലെ വ്യവസ്ഥ 15 പ്രകാരം ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തിയിരുന്നു. ഖരമാലിന്യ നിർമ്മാർജ്ജനം നേരിട്ട് നടപ്പിലാക്കിയ 2012-13 വർഷം ഗുണഭോക്തൃ വിഹിതമിനത്തിൽ ഗണ്യമായ തുക സമാഹരിച്ചിരുന്നു. എന്നാൽ 2013-14 വർഷം ഗുണഭോക്തൃവിഹിതമിനത്തിൽ യാതൊരു തുകയും നിർവ്വഹണ ഏജൻസി ഗ്രാമപഞ്ചായത്തിൽ ഒടുക്കിയില്ല. ഗുണഭോക്തൃവിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവ ഗ്രാമപഞ്ചായത്തിൽ ലഭ്യമാകാത്തതിനാൽ തനതു ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന് 17,06,307/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. പദ്ധതിക്കുവേണ്ടി തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച 56,95,607/- രൂപയിൽ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച 39,89,300/- രൂപ മാത്രമാണ് റീക്കൂപ്പ് ചെയ്തത്. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 10,00,000/- രൂപ ലഭ്യമാക്കി തനതു ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. തനതു ഫണ്ട് നഷ്ടമായ 17,06,307/- രൂപയിൽ ബ്ലോക്ക് വിഹിതമായ 10,00,000/- രൂപ കിഴിച്ചുള്ള 7,06,307/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

വിശദമായ പഠനങ്ങളും മുന്നൊരുക്കങ്ങളും നടത്താതെ പദ്ധതി നടപ്പിലാക്കി 4506816/- രൂപയുടെ പാഴ്ചെലവ്

വിശദമായ പഠനങ്ങളും ചർച്ചകളും നടത്താതെയാണ് W.Tech. തയ്യാറാക്കിയ പദ്ധതി രൂപരേഖയ്ക്ക് ഗ്രാമപഞ്ചായത്ത് അംഗീകാരം നൽകിയത്. മാത്രമല്ല പദ്ധതി രൂപരേഖ തയ്യാറാക്കിയ സ്ഥാപനത്തെ തന്നെ ടെണ്ടർ നടപടികളില്ലാതെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തതും ക്രമവിരുദ്ധമാണ്. ഗ്രാമപഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സായ നല്ലതണ്ണിയാർ ഡംമ്പിംഗ് യാർഡിനു സമീപത്തുകൂടി ഒഴുകുന്നതും മാലിന്യങ്ങൾ കലർന്ന് ജലസ്രോതസ്സ് മലിനമാകാനുള്ള സാധ്യതയും വിലയിരുത്തപ്പെട്ടിട്ടില്ല. W.Tech. എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരമുള്ള കൃത്യ നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ചകൾ വരുത്തിയിട്ടും ഗ്രാമപഞ്ചായത്തിൽ നിന്നും ഫലപ്രദമായ നടപടികളൊന്നും സ്വീകരിച്ചില്ല. പദ്ധതി നിർവ്വഹണം യഥാസമയം വിലയിരുത്തി പോരായ്മകൾ ചൂണ്ടിക്കാട്ടുവാൻ ഗ്രാമപഞ്ചായത്തിന് അധികാരം ഉണ്ടായിരുന്നു. (എഗ്രിമെന്റ് വ്യവസ്ഥ 10) മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുന്നതിൽ വരുത്തിയ വീഴ്ച മൂലം കല്ലാറിലുള്ള ഡംമ്പിംഗ് യാർഡിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കുന്നുകൂടുകയും ആരോഗ്യ, പാരിസ്ഥിതിക പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്തു. ഇതേത്തുടർന്ന്

കല്ലാറിലുള്ള ഡംമ്പിംഗ് യാർഡിൽ നിന്നും മാലിന്യങ്ങൾ വീണ്ടും നീക്കം ചെയ്ത സംസ്കരിക്കുന്നതിനുവേണ്ടി മാത്രം ഗ്രാമപഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും 4506816/- രൂപ അധികം ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്.

2014-15 വർഷത്തെ ആകെ പദ്ധതി അടങ്കൽ 8000000/- രൂപയായിരുന്നെങ്കിലും പദ്ധതി ചെലവ് 10549439/-രൂപയാണ്. തനതു ഫണ്ടിൽ നിന്നും 3000000/- രൂപയാണ് വകയിരുത്തിയിരുന്നതെങ്കിലും ആകെ ചെലവഴിച്ച തുക 6558439/- രൂപയാണ്. 1000/- രൂപയിൽ കൂടുതലുള്ള ചെലവ് തുകകൾ ഡി.ഡി.യായി വിതരണം ചെയ്യണമെന്ന് 12.4.2006 ലെ ധനകാര്യ വകുപ്പിൽ നിന്നുള്ള ജി.ഒ.(പി)നം.177/2006 ൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും പദ്ധതി ചെലവിൽ ഭൂരിഭാഗവും ക്യാഷ് ചെക്കുകളായാണ് പിൻവലിച്ചിട്ടുള്ളത്. 2012-13, 2013-14, 2014-15 എന്നീ മൂന്നു വർഷങ്ങളിലായി ഗ്രാമപഞ്ചായത്ത് ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി രണ്ടരക്കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും മാലിന്യ നിർമ്മാർജ്ജനത്തിന് നാളിതുവരെയും ശാശ്വത പരിഹാരം കണ്ടെത്താനായിട്ടില്ല. ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ശാശ്വത പരിഹാരം കണ്ടെത്തുവാൻ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് ശുപാർശ ചെയ്യുന്ന വിവരം 29.4.2016 ലെ കെ.എസ്.എ.ഐ.ഡി.കെ.3/1317/2015-ാം നമ്പർ കത്ത് പ്രകാരം മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചതിന്, മൂന്നാർ ലോക ടൂറിസം ഭൂപടത്തിൽ സ്ഥാനം നേടിയ ലോകത്തിലെ ഏറ്റവും പ്രധാന ടൂറിസ്റ്റ് കേന്ദ്രമായതിനാലും ടൂറിസ്റ്റുകളുടെ ബാഹുല്യം വർദ്ധിച്ചുവരികയാലും മാലിന്യ സംസ്കരണം ഒരു വെല്ലുവിളിയാണെന്ന് സൂചിപ്പിച്ചു കൊണ്ട് മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യങ്ങൾ പരിഗണിച്ചാലും മാലിന്യ നിർമ്മാർജ്ജനത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിരിക്കുന്ന നടപടികൾ യുക്തിരഹിതവും അശാസ്ത്രീയവും സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധവുമാണ്. ഈ സാഹചര്യത്തിൽ അനിവാര്യമായി പരാമർശിക്കപ്പെടേണ്ടതായ ഗുരുതര വീഴ്ചകളും നഷ്ടവുമാണ് ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്.

2013-14, 2014-15 വർഷങ്ങളിലെ പദ്ധതി ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നം	വൗച്ചർ നം./തീയതി	തുക	ചെലവിനം
	2013-14		
1	6-4/13/01.04.2013	419225	തൊഴിലാളികളുടെ വേതനം
2	10-5/13/03.05.2013	407175	തൊഴിലാളികളുടെ വേതനം
3	5-6/13/01.06.2013	415250	തൊഴിലാളികളുടെ വേതനം
4	13-7/13/01.07.2013	388650	തൊഴിലാളികളുടെ വേതനം
5	3-8/13/01.08.2013	392200	തൊഴിലാളികളുടെ വേതനം
6	16-9/13/02.09.2013	434000 143800	തൊഴിലാളികളുടെ വേതനം

7	ചെക്ക് നം. 165688/10.03.2013	296000	W.Tech.ന് നൽകിയത്
8	ചെക്ക് നം. 165867/01.11.2013	451124	W.Tech.ന് നൽകിയത്
9	ചെക്ക് നം. 162150/06.12.2013	458976	W.Tech.ന് നൽകിയത്
10	ചെക്ക് നം. 162172/23.12.2013	225375	W.Tech.ന് നൽകിയത്
11	ചെക്ക് നം. 162553/02.01.2014	251400	W.Tech.ന് നൽകിയത്
12	ചെക്ക് നം. 162585/03.02.2014	452412	W.Tech.ന് നൽകിയത്
13	ചെക്ക് നം. 163421/06.03.2014	435020	W.Tech.ന് നൽകിയത്
14	ചെക്ക് നം. 163469/31.03.2014	525000	W.Tech.ന് നൽകിയത്
	ആകെ	**5695607**	

2014-15

നം.	വൗച്ചർ നം./തീയതി	തുക	ചെലവിനം
1	163390/05.04.2014 (കാഷ്/ചെക്ക്)	477925	W.Tech.ന് നൽകിയത്
2	164045/05.05.2014	452800	W.Tech.ന് നൽകിയത്
3	164129/05.06.2014 (കാഷ്/ചെക്ക്)	472950	W.Tech.ന് നൽകിയത്
4	വൗച്ചർ നം 27,28 & 29/03.07.2014	511525	W.Tech.ന് നൽകിയത്
5	വൗച്ചർ നം. 18-8/14 01.08.2014	514350	W.Tech.ന് നൽകിയത്
6	വൗച്ചർ നം. 69-8/14 21.08.2014	25515	W.Tech.ന് നൽകിയത്
7	വൗച്ചർ നം. 20, 21, 22, 23 & 24 / 3.09.2014	537806	W.Tech.ന് നൽകിയത്
8	ചെക്ക് നം. 16609/04.10.2014	209292	W.Tech.ന് നൽകിയത്
9	ചെക്ക്. നം. 168330/09.10.2014 (കാഷ്/ചെക്ക്)	217976	കല്ലാറിലുള്ള ഡമ്പിംഗ് യാർഡിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യാൻ വാഹന വാടക നൽകിയത്
10	168374/17.10.2014 (കാഷ്/ചെക്ക്)	247100	കല്ലാറിലുള്ള ഡമ്പിംഗ് യാർഡിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യാൻ വാഹന വാടക നൽകിയത്
11	ചെക്ക് നം. 168383/20.10.2014	495000	കല്ലാറിലുള്ള ഡമ്പിംഗ് യാർഡിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യാൻ വാഹന വാടക നൽകിയത്

12	വൗച്ചർ നം. 103-10/14/30.10.2014	48300	കല്ലാറിലുള്ള ഡമ്പിംഗ് യാർഡിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യാൻ വാഹന വാടക നൽകിയത്
13	ചെക്ക് നം.168387/31.10.2014 (കാഷ്/ചെക്ക്)	347800	കല്ലാറിലുള്ള ഡമ്പിംഗ് യാർഡിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യാൻ വാഹന വാടക നൽകിയത്
14	168654/09.12.2014 (കാഷ്/ചെക്ക്)	435620	കല്ലാറിലുള്ള ഡമ്പിംഗ് യാർഡിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യാൻ വാഹന വാടക നൽകിയത്
15	ചെക്ക് നം. 168654/11.12.2014 (കാഷ്/ചെക്ക്)	528000	കല്ലാറിലുള്ള ഡമ്പിംഗ് യാർഡിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യാൻ വാഹന വാടക നൽകിയത്
16	2096469/23.12.2015 (കാഷ്/ചെക്ക്)	490690	കല്ലാറിലുള്ള ഡമ്പിംഗ് യാർഡിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യാൻ വാഹന വാടക നൽകിയത്
17	2096471/09.01.2015	511000	കല്ലാറിലുള്ള ഡമ്പിംഗ് യാർഡിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യാൻ വാഹന വാടക നൽകിയത്
18	168705/24.01.2015 (കാഷ്/ചെക്ക്)	550000	കല്ലാറിലുള്ള ഡമ്പിംഗ് യാർഡിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യാൻ വാഹന വാടക നൽകിയത്
19	169422/05.03.2015 (കാഷ്/ചെക്ക്)	118000	കല്ലാറിലുള്ള ഡമ്പിംഗ് യാർഡിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യാൻ വാഹന വാടക നൽകിയത്
20	വൗച്ചർ നം. 16-12/14/03.12.2024	438950	തൊഴിലാളികളുടെ വേതനം
21	വൗച്ചർ നം. 20-11/14/04.11.2014	4870	കെ.എൻ.ജി. ട്രേഡേഴ്സ്
22	ചെക്ക് നം. 168642/04.12.2014 (കാഷ്/ചെക്ക്)	112500	ഗ്രീൻ എർത്ത് ടെക്നോളജീസിന നൽകിയത്

23	ചെക്ക് നം. 168671/22.12.2014 (കാഷ്/ചെക്ക്)	494525	ഗ്രീൻ എർത്ത് ടെക്നോളജീസിനു നൽകിയത്
24	ചെക്ക് നം. 168686/01.01.2015 (കാഷ്/ചെക്ക്)	263600	ഗ്രീൻ എർത്ത് ടെക്നോളജീസിനു നൽകിയത്
25	ചെക്ക് നം. 169346/03.02.2015 (കാഷ്/ചെക്ക്)	760521	ഗ്രീൻ എർത്ത് ടെക്നോളജീസിനു നൽകിയത്
26	ചെക്ക് നം. 169402/01.01.2015 (കാഷ്/ചെക്ക്)	765494	ഗ്രീൻ എർത്ത് ടെക്നോളജീസിനു നൽകിയത്
	ആകെ	**10549439**	

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 8.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

65. മൂന്നാർ ഗ്രാമപഞ്ചായത്തും കേരള ടൂറിസം വകുപ്പും ചേർന്നാണ് മൂന്നാർ ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെന്നും 2011-14 സാമ്പത്തിക വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരാമർശിത ഖണ്ഡിക പ്രകാരം സോൺ വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിലുള്ള സൂപ്പർവിഷൻ ചാർജ് നൽകൽ, ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിൽ വീഴ്ചവരുത്തൽ തുടങ്ങിയ പരാമർശങ്ങൾ ഒഴിവാക്കുന്നതിനായി 31-07-2018-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും അപേക്ഷ പരിഗണനയ്ക്കെടുത്തതായി കാണുന്നില്ലെന്ന് ഓഡിറ്റ് പരാമർശം സംബന്ധിച്ച് മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. വിഷയം നിയമസഭാ സമിതിയുടെ പരിഗണനയിലുള്ളതിനാൽ അതിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനായി 19-11-2024 ൽ കൂടിയ ഗ്രാമപഞ്ചായത്ത് കമ്മിറ്റി പ്രസ്തുത തീരുമാനം ഒരിക്കൽക്കൂടി കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ നിന്നും തീരുമാനം ലഭിക്കുന്ന മുറയ്ക്ക് മുൻ സെക്രട്ടറിയിൽനിന്നും ടെക്നിക്കൽ സൂപ്പർവിഷൻ ചാർജിനത്തിൽ തനത് ഫണ്ടിൽ നിന്നും നൽകിയ 5,25,000/- രൂപയും ഗുണഭോക്തൃ വിഹിതമായ 7,06,307/- രൂപയും ഈടാക്കുന്നതിന് സർചാർജ് നടപടി സ്വീകരിക്കുന്നതാണെന്നും മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. നടപടി സ്വീകരിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദേശിച്ചു. കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം വകുപ്പിനെ അറിയിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ആവശ്യപ്പെട്ടു.

66. വിശദമായ പഠനങ്ങളും മുന്നൊരുക്കങ്ങളും നടത്താതെ പദ്ധതി നടപ്പിലാക്കി 45,06,816/- രൂപയുടെ പാഴ്ചെലവ് **എന്ന** വിഷയത്തിന്മേൽ നടപടി സ്വീകരിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

67. മൂന്നാർ ഗ്രാമപഞ്ചായത്തിൽ ടെക്നിക്കൽ സൂപ്പർവിഷൻ ചാർജിനത്തിൽ തനത് ഫണ്ടിൽ നിന്നും നൽകിയ തുകയും ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിൽ ലഭ്യമാകാത്തതിനാൽ തനതു ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന് നഷ്ടമായ തുകയും ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിന് സർചാർജ് നടപടി സ്വീകരിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദേശിക്കുന്നു.

68. വിശദമായ പഠനങ്ങളും മുന്നൊരുക്കങ്ങളും നടത്താതെ W.Tech പദ്ധതി നടപ്പാക്കിയതുമൂലം ഉണ്ടായ ₹45,06,816/- രൂപയുടെ പാഴ്ചെലവ് എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ നടപടി സ്വീകരിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

മാലിന്യ നിയന്ത്രണം - പഞ്ചായത്ത് വക നിരീക്ഷണ ക്യാമറകളുടെ കൺട്രോൾ യൂണിറ്റ് പോലീസ് സ്റ്റേഷനിൽ – യൂണിറ്റ് പ്രവർത്തന രഹിതം

കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് - കോട്ടയം ജില്ല

ഓഡിറ്റ് റിപ്പോർട്ട് 2013-14 ഖണ്ഡിക 3- 10

- വ്യക്തമായ പഠനം നടത്താതെ ക്യാമറകൾ സ്ഥാപിച്ചു
- ക്യാമറ പോലീസിനെ ഏൽപ്പിച്ചത് പരിശീലനം നൽകാതെ
- നിരീക്ഷണ സംവിധാനം ഫലപ്രദമായില്ല

കാഞ്ഞിരപ്പള്ളി ടൗണിലും പരിസരങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നതു നിരീക്ഷിക്കുന്നതിനായി 41,077/- രൂപ നിരക്കിൽ 16 ക്യാമറകളും (1/3 sony super HDD/11 CCD. H. 470, TV. line 30-40m) അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിന് പഞ്ചായത്ത് കെൽട്രോണിനെ ചുമതലപ്പെടുത്തി.

ക്യാമറകളുടെ പ്രധാന കൺട്രോൾ യൂണിറ്റ് പഞ്ചായത്ത് ഓഫീസിൽ സ്ഥാപിക്കുമെന്നും പരിശീലനം ലഭിച്ചവർക്ക് ക്യാമറയിലെ ദൃശ്യങ്ങൾ കൺട്രോൾ റൂമിൽ ഇരുന്ന് കാണാമെന്നുമായിരുന്നു വിഭാവനം ചെയ്തത്. സ്ഥാപന തീയതി മുതൽ ഒരു വർഷമായിരുന്നു ക്യാമറകളുടെ വാറണ്ടി.

28.11.2012 ൽ എഫ്.3-30/12 പ്രകാരം, കെൽട്രോണിന് സപ്ലൈ ഓർഡർ നൽകിയതിനെത്തുടർന്ന് കെൽട്രോൺ 16 ക്യാമറകൾ സ്ഥാപിക്കുകയും അവ പ്രവർത്തനക്ഷമമാണെന്ന് 6.2.2013 ൽ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 6,57,236/- രൂപ താഴെപ്പറയും പ്രകാരം ജനറൽ മാനേജർ, കെൽട്രോൺ, കരകുളം, തിരുവനന്തപുരം പേർക്ക് നൽകുകയും ചെയ്തു.

വൗച്ചർ നം. മാസം	തുക	ചെക്ക് നം./തീയതി
21201137-3/12-13	3,94,341/-	124031/27.3.13 (ആകെ ചെലവിന്റെ 60% തുക മുൻകൂർ) ഒന്നാം ഗഡു
21301481-5/13-14	1,00,000/-	125271/3.5.13
		125271/3.5.13 (രണ്ടാം ഗഡു തുക സ്ഥാപിച്ച് കഴിഞ്ഞ്)
21300264-7/13-14	1,62,895/-	59103/5.7.13 (മൂന്നാം ഗഡു)
ആകെ	6,57,236/-	

ക്യാമറകൾ വാങ്ങിയ ശേഷമാണ് കൺട്രോൾ യൂണിറ്റ് പഞ്ചായത്തോഫീസിൽ സ്ഥാപിച്ചാലുണ്ടാകുന്ന പോരായ്മകൾ ചർച്ച ചെയ്തത്. തുടർന്ന് രാത്രികാലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തുന്നതിനുള്ള എളുപ്പമാർഗ്ഗമെന്നോണം കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷനിൽ കൺട്രോൾ യൂണിറ്റ് സ്ഥാപിച്ചു.

എന്നാൽ പോലീസുകാർക്ക് ഇവ നിരീക്ഷിക്കുന്നതിനുള്ള പ്രത്യേക പരിശീലനം നൽകുകയോ, പോലീസ് അധികാരികളുമായി ഇതിന്മേൽ ചർച്ച നടത്തുകയോ ചെയ്തതായി രേഖകളില്ല. നിലവിൽ പോലീസും നിരീക്ഷണം നടത്തുന്നില്ല. നിരീക്ഷണ സംവിധാനത്തിന്റെ പ്രവർത്തനം ഓഡിറ്റ് ടീം നേരിട്ട് പരിശോധിച്ചതിൽ, കൺട്രോൾ യൂണിറ്റ് പ്രവർത്തന രഹിതമാണെന്ന് വ്യക്തമായി. പഞ്ചായത്ത് പ്രദേശത്ത് ഏതൊക്കെ സ്ഥലങ്ങളിൽ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടെന്നോ, എത്ര പരാതികൾ കിട്ടിയിട്ടുണ്ടെന്നോ, പ്രസ്തുത നിരീക്ഷണ സംവിധാനം വഴി എത്ര പേരെ പിടികൂടിയിട്ടുണ്ടെന്നോ ഉള്ള വിവരം പോലീസ് സ്റ്റേഷനിലോ പഞ്ചായത്തിലോ ലഭ്യമല്ല. സാധ്യതാപഠനം നടത്താതെ 6,57,236/- രൂപ ചെലവഴിച്ച് ക്യാമറകൾ വാങ്ങിയതുവഴി പഞ്ചായത്ത് ഫണ്ട് ദുരുപയോഗം ചെയ്യുകയാണ് ഉണ്ടായത്. 06.02.2013 ൽ സ്ഥാപിച്ച ക്യാമറകളുടെ വാറന്റി കാലയളവും കഴിഞ്ഞിട്ടുണ്ട്. സ്ഥാപനവുമായി പഞ്ചായത്ത് വാർഷിക മെയിന്റനൻസ് കരാർ (എ.എം.സി) ഉണ്ടാക്കിയിട്ടില്ല. പ്രസ്തുത വിഷയത്തെക്കുറിച്ച് ആരാഞ്ഞതിന്മേൽ (18.12.2015 ൽ നൽകിയ ആറാം നമ്പർ ഓഡിറ്റ് എൻക്വയറി) നിരീക്ഷണ ക്യാമറകൾ കേടായ വിവരം പോലീസ് അധികാരികൾ പഞ്ചായത്തിൽ അറിയിച്ചിട്ടില്ലായെന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ ഈ വിവരം നിരന്തരമായി പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നതായി പോലീസ് അധികാരികൾ അറിയിച്ചു. ഈ സാഹചര്യത്തിൽ 16 ക്യാമറകൾ വാങ്ങുന്നതിനായി ചെലവഴിച്ച 6,57,236/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. വിഷയം സംബന്ധിച്ച വിശദമായ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 8.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

69. 2013-14 വർഷത്തെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് കാഞ്ഞിരപ്പള്ളി ടൗൺ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ മാലിന്യ നിക്ഷേപം തടയുന്നതിനും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും വേണ്ടി പഞ്ചായത്ത് 6,75,000/- രൂപ മുടക്കി ടൗണിൽ ക്യാമറ സ്ഥാപിച്ചിരുന്നുവെന്നും ക്യാമറയുടെ കൺട്രോൾ യൂണിറ്റ് പോലീസ് സ്റ്റേഷനിൽ സ്ഥാപിച്ചുവെന്നും ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. പ്രസ്തുത ക്യാമറകൾക്ക് തകരാർ സംഭവിച്ചതിനെത്തുടർന്ന് 2017-18-ൽ 5,00,000 രൂപ മുടക്കി മെയിന്റനൻസ് നടത്തിയെന്നും 2021-ൽ പോലീസ് സ്റ്റേഷൻ പൊളിച്ചുമാറ്റിയതിനെത്തുടർന്ന് നിരീക്ഷണം സാധ്യമാകാതെ വന്നുവെന്നും പുതിയ പോലീസ് സ്റ്റേഷൻ നിർമ്മിച്ചതിനുശേഷം അവ പുനഃസ്ഥാപിക്കാത്തതുകാരണം ക്യാമറകൾ പ്രവർത്തിക്കുന്നില്ലെന്നും കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു.

70. ക്യാമറ സ്ഥാപിക്കുന്നതിനും മെയിന്റനൻസ് ചെയ്യുന്നതിനുമായി എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളതെന്ന സമിതിയുടെ ചോദ്യത്തിന്, 2013-14-ൽ ക്യാമറ സ്ഥാപിക്കുന്നതിനായി 6,75,000/- രൂപയും മെയിന്റനൻസിനായി 4,99,725/- രൂപയും ചെലവഴിച്ചിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകി. കെൽട്രോൺ മുഖേന സ്ഥാപിച്ച ക്യാമറകളുടെ സോഫ്റ്റ്‌വെയർ നിലവിൽ കാലഹരണപ്പെട്ടുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

71. ക്യാമറകളുടെ മെയിന്റനൻസ് നടത്തുന്നതിനുപകരം പുതിയത് സ്ഥാപിക്കുന്നതായിരുന്നു ഉചിതമെന്ന് സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത വിഷയം സംബന്ധിച്ച് ഇന്റേണൽ വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് നൽകാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചപ്പോൾ ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

72. കോട്ടയം ജില്ല കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് വക നിരീക്ഷണ ക്യാമറകളുടെ കൺട്രോൾ യൂണിറ്റ് പ്രവർത്തനരഹിതം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ അന്വേഷണം നടത്തി ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

അനധികൃത പരസ്യബോർഡുകൾ നീക്കം ചെയ്യൽ, നിരീക്ഷണ സംവിധാനമൊരുക്കൽ - നഗരസഭയ്ക്ക് 71.78 ലക്ഷം രൂപയുടെ നഷ്ടം

കൊച്ചി നഗരസഭ

1. എ) നഗരസഭ ഫണ്ടിൽ നിന്നും ചെലവ് ചെയ്തത് ചട്ടവിരുദ്ധം

നഗരസഭ പരിധിക്കുള്ളിലെ അനധികൃത പരസ്യബോർഡുകൾ, ഹോർഡിംഗുകൾ മുതലായവ നീക്കം ചെയ്യുന്നതിനും നിർദ്ദിഷ്ട സ്ഥലങ്ങളിലേക്ക് മാറ്റുന്നതിനും, കൗൺസിലിന്റെ 12.11.2013 ലെ 52-ാം നമ്പർ തീരുമാന പ്രകാരം മെസ്സേഴ്സ്. സൂര്യ എഞ്ചിനീയറിംഗ് എന്ന

സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും 22.11.2013 ൽ കരാർ ഉണ്ടാക്കുകയും ചെയ്തു. ഈയിനത്തിൽ 2013-14 വർഷം 27,02,110/- രൂപ ചെലവഴിച്ചു.

1999 – ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതുസ്ഥലങ്ങളിലും കമാനങ്ങളും പരസ്യബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങളിലെ ചട്ടം 5(1) പ്രകാരം ലൈസൻസില്ലാതെയോ ലൈസൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ സ്ഥാപിക്കപ്പെടുന്ന കമാനങ്ങളും പരസ്യബോർഡുകളും സെക്രട്ടറി നീക്കം ചെയ്യേണ്ടതും ആയതിന് വരുന്ന ചെലവ് അത് സ്ഥാപിച്ചവരിൽ നിന്നോ അതിനു കാരണക്കാരായവരിൽ നിന്നോ ഈടാക്കേണ്ടതുമാണ്. ആയവ സ്ഥാപിച്ചത് ആരെന്ന് അറിയാൻ കഴിയാത്ത സാഹചര്യത്തിൽ മാത്രം അവ നീക്കുന്നതിനുള്ള ചെലവ് നഗരസഭ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 275(2) പ്രകാരം ഈ വകുപ്പിലെ വ്യവസ്ഥകൾക്കനുസരണമായിട്ടല്ലാതെ ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ പ്രദർശിപ്പിക്കാൻ ഉത്തരവാദിയാകുകയോ ചെയ്യുന്ന ഏതൊരാളും നാലും അഞ്ചും പട്ടികയിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ശിക്ഷയ്ക്കു പുറമെ, അനധികൃത പരസ്യം മാറ്റുന്നതിനുള്ള ചാർജ് മുനിസിപ്പാലിറ്റിക്ക് കൊടുക്കാൻ ബാദ്ധ്യസ്ഥനമാണ്. എന്നാൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ, ഹോർഡിംഗുകൾ മുതലായവ നീക്കം ചെയ്യുന്നതിന് നഗരസഭയിൽ നിന്നും ചെലവഴിച്ച തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കുന്നതിന് നാളിതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. മാത്രമല്ല, നാലും അഞ്ചും പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം പിഴ ഈടാക്കിയിട്ടുമില്ല. മറ്റ് അനധികൃത നിർമ്മാണങ്ങളുടെ കാര്യത്തിലും ഈ വ്യവസ്ഥകൾ ബാധകമാണ്. പരസ്യ ബോർഡുകൾ സ്ഥാപിച്ചത് ആരാണെന്നത് പരസ്യങ്ങളിൽ നിന്നു തന്നെ വ്യക്തമാകുമെന്നിരിക്കെ പ്രസ്തുത വിഷയത്തിന്മേൽ 20.08.2014 ൽ നൽകിയ എസ്.5-110/14 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പൊതുസ്ഥലങ്ങളിലുള്ള പരസ്യബോർഡുകൾ സ്ഥാപിച്ചത് ആരെന്ന് അറിയാൻ കഴിയില്ല എന്ന ബാലിശമായ മറുപടിയാണ് നൽകിയത്. ഈ വിഷയത്തിൽ നഗരസഭയിൽ നിന്നും സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ആവശ്യപ്പെട്ട് 11.3.2015, 21.4.2015 തീയതികളിൽ വീണ്ടും ഓഡിറ്റ് എൻക്വയറികൾ (നം.എസ്.5-29/15, എസ്.5-48/15) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത ബോർഡുകളും ഹോർഡിംഗുകളും സ്ഥാപിച്ചത് ആരെന്ന് കണ്ടെത്താനും അവരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്. അനധികൃത ബോർഡുകൾ, ഹോർഡിംഗുകൾ മുതലായവ നീക്കം ചെയ്യുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ മേൽനോട്ടത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള ഒരു സ്ക്വാഡ് സെക്രട്ടറി രൂപീകരിച്ചിട്ടുണ്ടെങ്കിലും അനധികൃത നിർമ്മാണങ്ങൾ നീക്കം ചെയ്തതിന് ചെലവഴിച്ച തുക അവ സ്ഥാപിച്ചവരിൽ നിന്നും ഈടാക്കുന്നതിന് സ്ക്വാഡ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 2013-14 കാലയളവിൽ അനധികൃത പരസ്യബോർഡുകൾ, ഹോർഡിംഗുകൾ മുതലായവ നീക്കം ചെയ്തതിനായി ചെലവഴിച്ച 27,02,110/- രൂപ (1710980 + 991130) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ചെലവഴിച്ച തുകയുടെ വിവരം പട്ടികയായി ചേർക്കുന്നു.

ആകെ ചെലവഴിച്ച തുക (ആദായ നികുതി ഉൾപ്പെടെ)	കരാറുകാരന് നൽകിയ തുക	ചെക്ക് നം./തീയതി	കുറിപ്പ്
5,13,800	5,13,800	018973/18.04.13	ബില്ലിൽ നിന്നും ആദായ നികുതി കുറവ് ചെയ്ത് അടവാക്കിയിട്ടില്ല. കരാറുകാരന് 5138/- രൂപ അധികം നൽകിയിട്ടുണ്ട്.
2,13,944	2,11,805	023030/05.07.13	
5,96,284	5,90,321	023374/20.07.13	
2,82,593	2,79,768	865768/05.09.13	
1,04,359	1,03,315	866098/13.09.13	
3,62,227	3,58,605	383891/29.01.14	
2,81,659	2,78,842	385371/06.03.14	
3,47,244	3,43,772	386495/25.03.14	
ആകെ 27,02,110	26,80,228		

ബി) പൊളിച്ച നീക്കൽ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ പൊരുത്തക്കേടുകൾ:

1. കരാർ വ്യവസ്ഥ 5 പ്രകാരം ഒന്നാം കക്ഷിയുടെ രേഖാമൂലമുള്ള അനുമതിയും ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യവുമില്ലാതെ യാതൊരു അനധികൃത നിർമ്മാണങ്ങളും പൊളിച്ച നീക്കം ചെയ്യുവാൻ രണ്ടാം കക്ഷിക്ക് അധികാരം ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ഫയൽ പരിശോധിച്ചതിൽ, അനധികൃത നിർമ്മാണങ്ങൾ പൊളിച്ച നീക്കം ചെയ്യുന്നതിന് നഗരസഭ കരാറുകാരനോട് രേഖാമൂലം ആവശ്യപ്പെടുകയോ അനുമതി നൽകുകയോ ചെയ്തിട്ടില്ല.
2. അനധികൃത ബോർഡുകൾ, ഹോർഡിംഗുകൾ മുതലായവ നീക്കം ചെയ്യുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ മേൽനോട്ടത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടെങ്കിലും ടൗൺ പ്ലാനിംഗ് ഓഫീസർ അനധികൃത നിർമ്മാണങ്ങൾ നീക്കം ചെയ്യുന്നതിന് ബിൽഡിംഗ് ഇൻസ്പെക്ടർമാർക്ക് അധികാരപത്രം നൽകുകയാണ് ചെയ്തിട്ടുള്ളത്. സ്ക്വാഡ് സൈറ്റ് സന്ദർശിച്ചതിന്റെ രേഖകളൊന്നും ഫയലിൽ കണ്ടില്ല. അനധികൃത നിർമ്മാണം പൊളിച്ചനീക്കിയതിന്റെ റിപ്പോർട്ടോ വാല്യുവേഷനോ തയ്യാറാക്കിയിട്ടില്ല. കരാറുകാരൻ നഗരസഭയിൽ ബിൽ സമർപ്പിച്ചതിനുശേഷം റിപ്പോർട്ട്

ആവശ്യപ്പെടുമ്പോൾ ബിൽ പരിശോധിച്ച് അളവുകളും നിരക്കുകളും ശരിയാണെന്നും തുക അനുവദിക്കാവുന്നതാണെന്നും ബിൽഡിംഗ് ഇൻസ്പെക്ടർമാരും എഞ്ചിനീയർമാരും സാക്ഷ്യപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

3. അനധികൃത നിർമ്മാണങ്ങൾ സ്ഥിതിചെയ്തിരുന്ന സ്ഥലമോ പൊളിച്ച് നീക്കിയ അനധികൃത നിർമ്മാണങ്ങളുടെ ഇനമോ എണ്ണമോ കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ഭൂരിഭാഗം ബില്ലുകളിലും രേഖപ്പെടുത്തിയിട്ടില്ല. പൊളിച്ച് നീക്കിയ അനധികൃത നിർമ്മാണങ്ങൾ ഏത് സ്ഥലത്തേക്ക് നീക്കം ചെയ്തുവെന്നും അതിന് ഏതൊക്കെ വാഹനങ്ങൾ ഉപയോഗിച്ചുവെന്നും ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല.
4. മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

I. കെൽട്രോണിന്റെ നിരീക്ഷണ സംവിധാനം ഫലപ്രദമായില്ല

ലൈസൻസില്ലാതെ സ്ഥാപിക്കുന്ന പരസ്യ ബോർഡുകൾ തിരിച്ചറിയുന്നതിനുവേണ്ടി കെൽട്രോൺ മുന്നോട്ടുവെച്ച സംവിധാനമാണ് 'RFID Based Hoarding Management System'. 44.75 ലക്ഷം രൂപ ചെലവ് വരുന്ന ഈ സംവിധാനം നഗരസഭയ്ക്ക് എത്രത്തോളം പ്രയോജനപ്പെടുമെന്ന് വിശദമായി പഠിച്ച് പ്രോജക്ട് തയ്യാറാക്കാതെയും ആയതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയുമാണ് ഉപകരണങ്ങൾക്ക് പർച്ചേസ് ഓർഡർ നൽകിയത്. ഗവൺമെന്റ് അംഗീകാരം നേടാതെ പദ്ധതിയ്ക്ക് മുൻകൂർ അനുമതിയും നൽകി. എഗ്രിമെന്റ് വെക്കുന്നതിന് മുമ്പായി 'Quality Certify' ചെയ്തിട്ടില്ല. 21.5.2012 ൽ ഉപകരണങ്ങൾ സ്വീകരിച്ചതിന് ശേഷം 'Quality Certify' ചെയ്യുന്നതിനായി 'Sophisticated Test and Instrumentation Centre (STIC), CUSAT' ഡയറക്ടറോട് ആവശ്യപ്പെട്ടെങ്കിലും ആയത് പരിശോധിക്കാൻ സംവിധാനം ഇല്ലാത്തതിനാൽ 'STIC CUSAT' ഈ ആവശ്യം നിരസിച്ചു. എന്നാൽ അതിനെത്തുടർന്ന് 'Quality Certify' ചെയ്യുന്നതിന് നഗരസഭ മറ്റ് മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് പകരം ഉപകരണങ്ങൾ സപ്ലൈ ചെയ്ത കെൽട്രോൺ മുഖാന്തരം 'Quality Certification' നിർവ്വഹിക്കുകയാണുണ്ടായത്.

കെൽട്രോണിന്റെ ബിൽ പ്രകാരം 44,75,800/- രൂപയുടെ ഉപകരണങ്ങൾ സപ്ലൈ ചെയ്തതായി കാണുന്നു. ഡെലിവറി ചെലാനിൽ 8 GPS Positioning System, 2 Laser Tape സപ്ലൈ ചെയ്തതായി കാണുന്നുണ്ടെങ്കിലും 31.7.2014 ൽ ഓഡിറ്റ് ടീമംഗങ്ങൾ നടത്തിയ പരിശോധനയിൽ 5 GPS Positioning System, 1 Laser Tape എന്നിവ മാത്രമേ കണ്ടെത്താനായിട്ടുള്ളൂ. ഉപകരണങ്ങൾ സപ്ലൈ ചെയ്ത തീയതി മുതൽ 2 വർഷത്തെ ഗ്യാരന്റിയാണ് കെൽട്രോൺ എഗ്രിമെന്റിൽ പറയുന്നത്. ആയത് പ്രകാരം 21.5.2014 ൽ ടി ഉപകരണങ്ങളുടെ ഗ്യാരന്റി കഴിഞ്ഞിരിക്കുകയാണ്. നിലവിൽ ടി ഉപകരണങ്ങൾ ഉപയോഗിക്കപ്പെടാതെ ടൗൺ പ്ലാനിംഗ് ഓഫീസറുടെ റൂമിൽ സൂക്ഷിച്ചിരിക്കുന്നു.

കൂടാതെ 'RFID System' നടപ്പാക്കുന്നതിന് മുമ്പായി വാങ്ങിയ 4,64,000/- രൂപയുടെ ബാറ്ററി (3 KVA, UPS with battery for 12-16 hours backup) നാളിതുവരെ ഉപയോഗിക്കാത്തതിനാൽ നിഷ്ക്രിയമായ അവസ്ഥയിലാണ്. മേൽ അപാകതകൾ ചൂണ്ടിക്കാട്ടി 10.10.2014-ന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതി നഗരസഭയ്ക്ക് പ്രയോജനപ്പെടാത്ത സാഹചര്യത്തിൽ ഭാവിയിൽ ടി പ്രോജക്ടുമായി ബന്ധപ്പെട്ട് കെൽട്രോണിന് തുക കൈമാറിയാൽ ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്. ഇക്കാര്യത്തിൽ കൗൺസിലിന്റെ അടിയന്തര ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്.

പ്രസ്തുത വിഷയം 2015-16 വർഷത്തെ സമാഹൃത റിപ്പോർട്ടിലേക്ക് ശുപാർശ ചെയ്യുന്ന വിവരം 23.04.2016 ലെ കെ.എസ്.എ./കെ.സി.സി/(എസ്.3)/765/2015-ാം നമ്പർ കത്ത് പ്രകാരം കൊച്ചി നഗരസഭാ സെക്രട്ടറിയെ അറിയിച്ചതിന് 23.05.2016 ലെ എം.ഒ.എ.3/15721/16-ാം നമ്പർ കത്ത് പ്രകാരം മറുപടി ലഭ്യമാക്കിയെങ്കിലും മേൽപ്പറഞ്ഞ പരാമർശങ്ങൾ നിലനിൽക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 8.13)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

73. അനധികൃതമായി സ്ഥാപിച്ചിരുന്ന പെട്ടിക്കടകളും വളരെ പഴക്കമുള്ളതും തിരിച്ചറിയാൻ സാധിക്കാത്തതുമായ ബോർഡുകളുമാണ് മാറ്റിയിട്ടുള്ളതെന്നും പരസ്യബോർഡ് സ്ഥാപിച്ചവരെ കണ്ടുപിടിക്കുന്നത് പ്രയാസകരമാണെന്നും ഓഡിറ്റ് പരാമർശം സംബന്ധിച്ച് കൊച്ചി കോർപ്പറേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വിശദീകരിച്ചു.

74. പരസ്യം സ്ഥാപിക്കുന്നതിന് ഉത്തരവാദികളാരാണെന്നും ഇതുതടയാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്നും സമിതി ആരാഞ്ഞു. വിഷയത്തിൽ നഗരസഭയുമായി യോഗം നടത്തിയിരുന്നുവെന്നും മുൻകാലങ്ങളിൽ ബോർഡുകൾ സ്ഥാപിച്ച വ്യക്തി ആരാണെന്ന് തിരിച്ചറിയാൻ സാധിക്കാത്തതുകൊണ്ടാണ് തുക ഈടാക്കാൻ സാധിക്കാത്തതെന്നാണ് കോർപ്പറേഷൻ അറിയിച്ചിട്ടുള്ളതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് എറണാകുളം അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി. അനധികൃതമായി സ്ഥാപിച്ച പരസ്യ ബോർഡുകളെല്ലാം മാറ്റിക്കഴിഞ്ഞുവെന്നും അതിന് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

75. നഗരസഭയുടെ സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ടോ എന്നും ഏതെങ്കിലും ബോർഡുകൾ നീക്കം ചെയ്യാനുണ്ടോ എന്നും സമിതി ആരാഞ്ഞതിന് രണ്ട് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ലൈസൻസില്ലാത്ത ബോർഡുകളെല്ലാം പൊളിച്ചുമാറ്റിയിട്ടുണ്ടെന്നും അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി.

76. സർക്കാർ തലത്തിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി നിജസ്ഥിതി ഒരു മാസത്തിനുള്ളിൽ അറിയിക്കണമെന്ന് സമിതി നിർദേശിച്ചു.

77. ലൈസൻസില്ലാതെ സ്ഥാപിക്കുന്ന പരസ്യ ബോർഡുകൾ തിരിച്ചറിയുന്നതിനായി നിരീക്ഷണ സംവിധാനം വാങ്ങുന്നതിനായി കെൽട്രോണുമായി കരാറിലേർപ്പെടുകയും അതിനായി ഓർഡർ നൽകുകയും ചെയ്തുവെന്നും കെൽട്രോൺ ടി ഉപകരണം വിതരണം ചെയ്തെങ്കിലും എഗ്രിമെന്റ് പ്രകാരമുള്ള ഇൻസ്റ്റലേഷൻ നടപടി സ്വീകരിക്കാത്തതിനാൽ തുക നൽകിയിട്ടില്ലെന്നും Maxrad Software Pvt. Ltd. എന്ന സ്ഥാപനമാണ് പ്രൊഡക്ഷൻ നടത്തിയതെന്നും പ്രസ്തുത സ്ഥാപനം തുക ലഭിക്കാത്തതിനെ തുടർന്ന് കോർപ്പറേഷനെ എതിർകക്ഷിയാക്കി ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ കോർപ്പറേഷന് എതിരായ വിധിയാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും വിധിയെ ചലഞ്ച് ചെയ്തുകൊണ്ട് കോർപ്പറേഷൻ ഹൈക്കോടതിയിൽ രണ്ടുപ്രാവശ്യം അപ്പീൽ ഫയൽ ചെയ്തെങ്കിലും കോടതി തള്ളുകയാണുണ്ടായതെന്നും കോടതി വിധിയുണ്ടായിട്ടും തുക ലഭിക്കാത്തതിനെത്തുടർന്ന് പ്രസ്തുത സ്ഥാപനം contempt ഫയൽ ചെയ്തപ്പോൾ തുക നൽകിയെന്നും നിരീക്ഷണ സംവിധാനം പ്രവർത്തനക്ഷമമല്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് എറണാകുളം അസിസ്റ്റന്റ് ഡയറക്ടർ വിശദീകരിച്ചു.

78. മൂന്നാമത്തെ കക്ഷിയുമായി നഗരസഭ കരാർ വച്ചിട്ടില്ലെന്നും അവർ നഗരസഭയെ കക്ഷിയാക്കി കേസ് വിജയിക്കുകയാണ് ചെയ്തതെന്നും വിചിത്രമായ വാദമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു. ഇതിന് ഉത്തരവാദികളായവരെ കണ്ടെത്തി നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

79. Maxrad Software Pvt. Ltd. എന്ന സ്ഥാപനം നഗരസഭയുമായി കരാറിലേർപ്പെട്ടിട്ടില്ലാത്തതിനാൽ തുക നൽകാൻ സാധിക്കില്ലെന്നും അത് നിയമവിരുദ്ധമാകുമെന്നുമാണ് statement of facts ആയി നഗരസഭ കോടതിയിൽ ഫയൽ ചെയ്തതെന്നും കരാർ പ്രകാരം കെൽട്രോണിന് തുക നൽകാനുണ്ടെന്ന് കോടതിയിൽ വച്ച് കോർപ്പറേഷൻ സമ്മതിച്ചിട്ടുണ്ടെന്നും Maxrad Software Pvt. Ltd, എന്ന സ്ഥാപനത്തിന് കെൽട്രോണാണ് തുക നൽകിയിട്ടുള്ളതെന്നും അസിസ്റ്റന്റ് ഡയറക്ടർ വ്യക്തമാക്കി. പ്രസ്തുത വിഷയത്തിൽ ഉത്തരവാദികളെ കണ്ടെത്തി ആവശ്യമായ നടപടി സ്വീകരിച്ച് ഒരു മാസത്തിനുള്ളിൽ വിശദമായ മറുപടി നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

80. കൊച്ചി നഗരസഭ അനധികൃത പരസ്യബോർഡുകൾ നീക്കം ചെയ്യൽ, നിരീക്ഷണ സംവിധാനമൊരുക്കൽ - നഗരസഭയ്ക്ക് 71.78 ലക്ഷം രൂപയുടെ നഷ്ടം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ തലത്തിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി ഉത്തരവാദികളെ കണ്ടെത്തി ആവശ്യമായ നടപടി സ്വീകരിച്ച് നിജസ്ഥിതി ഒരു മാസത്തിനുള്ളിൽ അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

81. ലൈസൻസ് ഇല്ലാതെ സ്ഥാപിക്കുന്ന പരസ്യ ബോർഡുകൾ തിരിച്ചറിയുന്നതിനായി കെൽട്രോണുമായി കരാറിലേർപ്പെട്ട നിരീക്ഷണ സംവിധാന ഏജൻസിയായ Maxrad Software Pvt. Ltd. എന്ന സ്ഥാപനം എഗ്രിമെന്റ് പ്രകാരമുള്ള ഇൻസ്റ്റലേഷൻ നടത്തുകയോ സംവിധാനം പ്രവർത്തനക്ഷമമാക്കുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുതത്തിനുത്തരവാദികളെ കണ്ടെത്തി ആവശ്യമായ നടപടി സ്വീകരിച്ച് ഒരു മാസത്തിനുള്ളിൽ വിശദമായ മറുപടി ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2025 സെപ്റ്റംബർ 18

അനുബന്ധം - I
പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

ക്രമ നം.	ഖണ്ഡിക	ബന്ധപ്പെട്ട വകുപ്പ്	നിഗമനങ്ങൾ/ ശിപാർശകൾ
1	2	തദ്ദേശ സ്വയംഭരണ വകുപ്പ്	**തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, മൂന്നാർ, പള്ളിവാസൽ, ചിന്നക്കനാൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അനുശാസിക്കുന്ന രേഖകൾ ബന്ധപ്പെട്ട ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**
2	22	തദ്ദേശ സ്വയംഭരണ വകുപ്പ്	**ചിന്നക്കനാൽ, മൂന്നാർ, പള്ളിവാസൽ പഞ്ചായത്തുകളിൽ ചട്ടലംഘനം നടത്തി നിർമ്മിച്ച ബഹുനില മന്ദിരങ്ങൾ അദാലത്ത് നടത്തി പിഴ ഈടാക്കി റെഗുലറൈസ് ചെയ്യുവാനുള്ള നടപടി ക്രമങ്ങൾ പഞ്ചായത്ത് സ്വീകരിച്ചിരുന്നുവെങ്കിൽ ഫയൽ നടപടികൾ അവസാനിപ്പിക്കാമായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. നിർമ്മാണം നടക്കുന്ന ഓരോ കെട്ടിടവും പ്രത്യേകമായി പരിശോധിച്ചാൽ മാത്രമേ അപാകതകൾ കണ്ടെത്താൻ സാധിക്കുകയുള്ളൂവെന്നും നിരന്തരമായി നടക്കുന്ന ചട്ടലംഘനങ്ങൾക്ക് പ്രധാന ഉത്തരവാദിത്തം ഉദ്യോഗസ്ഥർ തന്നെയാണെന്നും ഇന്റേണൽ വിജിലൻസ് / ആഡിറ്റ് വിംഗിന്റെ പ്രവർത്തനം കൃത്യമായ രീതിയിൽ നടത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.**
3	23	തദ്ദേശ സ്വയംഭരണ വകുപ്പ്	**ചിന്നക്കനാൽ, മൂന്നാർ, പള്ളിവാസൽ പഞ്ചായത്തുകളിലെ ബഹുനില മന്ദിരങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ ചട്ടലംഘനങ്ങളും പരിശോധിച്ച് വിശദമായ റിപ്പോർട്ട് മൂന്ന് മാസത്തിനകം ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.**
4	24	തദ്ദേശ സ്വയംഭരണ വകുപ്പ്	**ചിന്നക്കനാൽ, മൂന്നാർ, പള്ളിവാസൽ പഞ്ചായത്തുകളിൽ ഒരു തെരുവിന്റെ കേന്ദ്രരേഖയും കെട്ടിടവും തമ്മിൽ ഉണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ അകലം, വ്യാപ്തിയും തറവിസ്തീർണ്ണ അനുപാതവും, പ്രവേശന മാർഗം, പാർക്കിങ്, അഗ്നിരക്ഷാ കോണിപ്പടി എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മൂന്ന് മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.**
5	26	തദ്ദേശ സ്വയംഭരണ വകുപ്പ്	**അനധികൃത നിർമ്മാണം - ക്രമവൽക്കരിച്ചിട്ടില്ല - 19.05 കോടി രൂപയുടെ നഷ്ടം എന്ന ഓഡിറ്റ് പരാമർശത്തിലെ വിഷയങ്ങളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മൂന്ന് മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.**

6	28	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പൂർത്തിയാകാത്ത കെട്ടിടത്തിന് പൂർത്തീകരണ സാക്ഷ്യപത്രം നൽകി എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യു.
7	30	തദ്ദേശ സ്വയംഭരണ വകുപ്പ്	മൂന്നാർ ഗ്രാമപഞ്ചായത്തിൽ ബാധകമായ നിരക്കിലും യഥാർത്ഥ അളവിലും വസ്തുനികുതി നിർണ്ണയിക്കാത്തതിനാൽ 7.14 ലക്ഷം രൂപയുടെ നഷ്ടം എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മൂന്ന് മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.
8	40	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കായി ചെലവഴിച്ചതിൽ നഷ്ടമുണ്ടായതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
9	41	തദ്ദേശ സ്വയംഭരണ വകുപ്പ്	ഗ്രാമപഞ്ചായത്തുകളുടെ സുഗമമായ പ്രവർത്തനത്തിന്, ഗ്രാമപഞ്ചായത്തുകളുടെ ആവശ്യത്തിനായി വാങ്ങുന്ന കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ യഥാവിധി സംരക്ഷിക്കേണ്ടത് ആവശ്യമാണെന്ന് അഭിപ്രായപ്പെട്ട സമിതി, മോഷണം പോയ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി, ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടി എന്നിവയുടെ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു.
10	42	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല, പഞ്ചായത്തോഫീസിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകൾ ലൈസൻസില്ലാത്തത്, അറ്റകുറ്റപ്പണികൾക്ക് എ.എം.സി. പരിഗണിക്കുന്നില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
11	43	തദ്ദേശ സ്വയംഭരണ വകുപ്പ്	ആസ്തി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി വികസിപ്പിച്ചെടുത്ത സചിത്ര സോഫ്റ്റ്‌വെയറിൽ കൃത്യമായി ഡാറ്റകൾ ഉൾപ്പെടുത്തുന്നില്ലെന്ന് മനസ്സിലാക്കിയ സമിതി, ഡാറ്റകൾ കൃത്യമായി രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണെന്നും, തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തിയെ സംബന്ധിച്ച വിവരങ്ങൾ കാലികമാക്കുന്നതിനും, ആയത് മോണിറ്റർ ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടു. സചിത്ര സോഫ്റ്റ്‌വെയറിൽ കൃത്യമായി ഡാറ്റകൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനു സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

12	44	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ, ടെക്നിക്കൽ അസിസ്റ്റന്റുമാർ അവശ്യരേഖകൾ പരിപാലിക്കുന്നില്ല, കമ്പ്യൂട്ടർ പരിശീലനം കാര്യക്ഷമമല്ല, കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട മറ്റപാകങ്ങൾ എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
13	54	തദ്ദേശ സ്വയംഭരണ വകുപ്പ്	കൊല്ലം നഗരസഭയിലെ തെരുവ് വിളക്കുകൾ പരിപാലിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും കരാർ നൽകിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് കൃത്യമായ രേഖകൾ / ഫയലുകൾ ഹാജരാക്കാൻ സാധിക്കാത്തതിൽ നിന്നും വിഷയത്തിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. കൊല്ലം വിന്നേഴ്സ് എന്ന കമ്പനിയുമായി ഏർപ്പെട്ട കരാറിൽ കുറ്റമറ്റ വ്യവസ്ഥകളും നഗരസഭയ്ക്ക് അനുകൂലമായ വ്യവസ്ഥകളും ഉൾപ്പെടുത്താത്ത നടപടിയിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി അന്നുണ്ടായിരുന്ന ഭരണ സമിതിക്കെതിരെ സർച്ചാർജ്ജ് നടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്യുന്നു. ഓഡിറ്റ് പരാമർശം പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.
14	64	തദ്ദേശ സ്വയംഭരണ വകുപ്പ്	പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ടി പിൻവലിച്ച തുക ദുർവിനിയോഗം ചെയ്യുകയും ക്രമക്കേട് നടത്തുകയും പിന്നീട് സർവ്വീസിലിരുന്ന് മരണപ്പോടുകയും ചെയ്ത ഉദ്യോഗസ്ഥരുടെ അവകാശികൾക്ക് ബാദ്ധ്യത ഉടമ്പടിയുടെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്ന നടപടി അനാവശ്യ കീഴ്വഴക്കങ്ങൾ സൃഷ്ടിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ദേവികുളം ബ്ലോക്ക് പഞ്ചായത്തിൽ പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ടി പിൻവലിച്ച തുക ദുർവിനിയോഗം ചെയ്ത് 8.58 ലക്ഷം രൂപയുടെ ക്രമക്കേട് നടത്തുകയും സർവീസിലിരിക്കെ മരണപ്പെടുകയും ചെയ്ത ജോയ് പി. തോമസിന്റെ അവകാശിക്ക് ബോണ്ടിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ നൽകിയ നടപടി പരിശോധിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദേശിക്കുന്നു.
15	67	തദ്ദേശ സ്വയംഭരണ വകുപ്പ്	മൂന്നാർ ഗ്രാമപഞ്ചായത്തിൽ ടെക്നിക്കൽ സൂപ്പർവിഷൻ ചാർജിനത്തിൽ തനത് ഫണ്ടിൽ നിന്നും നൽകിയ തുകയും ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിൽ ലഭ്യമാകാത്തതിനാൽ തനതു ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന് നഷ്ടമായ തുകയും ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിന്

			സർചാർജ് നടപടി സ്വീകരിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദേശിക്കുന്നു.
16	68	തദ്ദേശ സ്വയംഭരണ വകുപ്പ്	വിശദമായ പഠനങ്ങളും മുന്നൊരുക്കങ്ങളും നടത്താതെ W.Tech പദ്ധതി നടപ്പാക്കിയതുമൂലം ഉണ്ടായ ₹45,06,816/- രൂപയുടെ പാഴ്ചെലവ് എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ നടപടി സ്വീകരിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
17	72	തദ്ദേശ സ്വയംഭരണ വകുപ്പ്	കോട്ടയം ജില്ല കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് വക നിരീക്ഷണ ക്യാമറകളുടെ കൺട്രോൾ യൂണിറ്റ് പ്രവർത്തനരഹിതം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ അന്വേഷണം നടത്തി ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
18	80	തദ്ദേശ സ്വയംഭരണ വകുപ്പ്	കൊച്ചി നഗരസഭ അനധികൃത പരസ്യബോർഡുകൾ നീക്കം ചെയ്യൽ, നിരീക്ഷണ സംവിധാനമൊരുക്കൽ - നഗരസഭയ്ക്ക് 71.78 ലക്ഷം രൂപയുടെ നഷ്ടം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ തലത്തിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി ഉത്തരവാദികളെ കണ്ടെത്തി ആവശ്യമായ നടപടി സ്വീകരിച്ച് നിജസ്ഥിതി ഒരു മാസത്തിനുള്ളിൽ അറിയിക്കണമെന്ന് സമിതി നിർദേശിക്കുന്നു.
19	81	തദ്ദേശ സ്വയംഭരണ വകുപ്പ്	ലൈസൻസ് ഇല്ലാതെ സ്ഥാപിക്കുന്ന പരസ്യ ബോർഡുകൾ തിരിച്ചറിയുന്നതിനായി കെൽട്രോണുമായി കരാറിലേർപ്പെട്ട നിരീക്ഷണ സംവിധാന ഏജൻസിയായ Maxrad Software Pvt. Ltd. എന്ന സ്ഥാപനം എഗ്രിമെന്റ് പ്രകാരമുള്ള ഇൻസ്റ്റലേഷൻ നടത്തുകയോ സംവിധാനം പ്രവർത്തനക്ഷമമാക്കുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ പ്രശ്നത്തിനുത്തരവാദികളെ കണ്ടെത്തി ആവശ്യമായ നടപടി സ്വീകരിച്ച് ഒരു മാസത്തിനുള്ളിൽ വിശദമായ മറുപടി ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത റിപ്പോർട്ടിലെ അദ്ധ്യായം 5, 8 -എന്നിവയിൽ ഉൾപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക		
ഖണ്ഡിക	**വിഷയം**	**നടപടി വിവരം**
അദ്ധ്യായം - 5	ജില്ലാതല വിഷയാധിഷ്ഠിത അവലോകനം	
5.1	**കെട്ടിട നിർമ്മാണ പെർമിറ്റ് - പോരായ്മകൾ മൂന്നാർ ഗ്രാമപഞ്ചായത്ത്** സ്പെഷ്യൽ റിപ്പോർട്ട് – ഇടുക്കി ജില്ല, മൂന്നാർ . ചിന്നക്കനാൽ, പള്ളിവാസൽ ഗ്രാമപഞ്ചായത്തുകളിലെ കെട്ടിട നിർമ്മാണ പെർമിറ്റ് – പോരായ്മകൾ മൂന്നാർ ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട ബഹുനില മന്ദിരങ്ങളിൽ പലതും പ്രത്യേകിച്ച് വൻകിട ഹോട്ടലുകളും ലോഡ്ജുകളും റിസോർട്ടുകളും അനധികൃതമായും ചട്ടങ്ങൾ ലംഘിച്ചും നിർമ്മാണം നടത്തിയതായും കോടികളുടെ നഷ്ടം ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് സംഭവിക്കുന്നതായും 2013-14 വർഷത്തെ ഓഡിറ്റ് വേളയിൽ മൂന്നാർ, ചിന്നക്കനാൽ, പള്ളിവാസൽ ഗ്രാമപഞ്ചായത്തുകളിൽ ഈ വിഷയത്തിന്മേൽ പ്രത്യേക ഓഡിറ്റ് നടത്തി.	ടി ഓഡിറ്റ് പരാമർശങ്ങളിന്മേൽ മൂന്നാർ ഗ്രാമപഞ്ചായത്തിൽ ഇന്റേർണൽ വിജിലൻസിന്റെ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 19/11/2024-ൽ ഇന്റേർണൽ വിജിലൻസ് നേരിട്ട് പരിശോധന നടത്തി വിശദമായ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് പ്രകാരം ഓഡിറ്റ് വേളയിൽ പരിശോധനയ്ക്കായി ഹാജരാക്കിയ ഫയലുകളിൽ നാളിതുവരെയും ചട്ടങ്ങളിൽ അനുശാസിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ക്രമരഹിതവുമായി 2022, 23, 24 എന്നീ വർഷങ്ങളിലെ കെട്ടിട നിർമ്മാണ പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നതായും പെർമിറ്റ് രജിസ്റ്റർ കാലികമായി സൂക്ഷിക്കുന്നതായും ബോധ്യപ്പെട്ടിട്ടുണ്ട്. ഓഡിറ്റ് വേളയിൽ പരിശോധനക്കായി ഹാജരാക്കിയ ഫയലുകളിൽ അനുശാസിക്കുന്ന രേഖകൾ അടിയന്തരമായി കണ്ടെത്തി ഓഡിറ്റ് വകുപ്പിന് ഹാജരാക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം ബന്ധപ്പെട്ട രേഖകൾ കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത രേഖകൾ നഷ്ടപ്പെടുവാൻ ഉത്തരവാധികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുവാനും പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

5.1.1	**ഓഡിറ്റ് കണ്ടെത്തലുകൾ** **നിയമപ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നതിൽ വീഴ്ച** 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അനുശാസിക്കുന്ന ചുവടെ ചേർക്കുന്ന രേഖകൾ ബന്ധപ്പെട്ട ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല - • അപേക്ഷ, ഉടമസ്ഥാവകാശ രേഖകൾ, സൈറ്റ് പ്ലാൻ, ബിൽഡിംഗ് പ്ലാൻ, മറ്റ് ഡ്രോയിംഗുകൾ, സ്റ്റേറ്റ്മെന്റുകൾ, എന്നിവ തയ്യാറാക്കിയ വ്യക്തിയുടെ രജിസ്ട്രേഷൻ പകർപ്പ് തുടങ്ങിയവ (ചട്ടം 7) • നിർമ്മാണ അനുവാദ നടപടിക്രമങ്ങളുടെയും പെർമിറ്റിന്റെയും വിശദാംശങ്ങൾ (ചട്ടം 11) • പൂർത്തീകരണ റിപ്പോർട്ട്, പൂർത്തീകരണ പ്ലാൻ/സർട്ടിഫിക്കറ്റ്, ഒക്യുപൻസി സർട്ടിഫിക്കറ്റ് (ചട്ടം 25) • 1955 ലെ തിരുവിതാംകൂർ കൊച്ചി പൊതുജനാരോഗ്യ നിയമത്തിലെ വകുപ്പ് 108 ൽ ലോഡ്ജിംഗ് ഹൗസുകളുടെ വിശദാംശങ്ങളടങ്ങിയ രജിസ്റ്റർ പരിപാലിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും മൂന്നാർ, ചിന്നക്കനാൽ, പള്ളിവാസൽ പഞ്ചായത്തുകളിൽ അപ്രകാരമുള്ള രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.	**മൂന്നാർ** ഫയലുകൾ കണ്ടെത്തി അപാകത പരിഹരിക്കുന്നതിന് 3207/2024 നമ്പർ ഓഫീസ് ഓർഡർ പ്രകാരം ഓഫീസ് ജീവനക്കാർക്ക് സെർച്ച് നോട്ടീസ് നല്കിയിട്ടുളളതാണ്. എന്നാൽ ടി ഫയലുകൾ നാളിതുവരെ കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. നിലവിൽ മൂന്നാർ പഞ്ചായത്തിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അനുശാസിക്കുന്ന രേഖകൾ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ഫയലുകളിൽ സൂക്ഷിച്ച വരുന്നതാണ്. കൂടാതെ ടി വിവരങ്ങൾ ഐൽ.ജി.എം.എസ്, സഞ്ചയ, സങ്കേതം, എന്നീ സോഫ്റ്റ്-വെയറുകളിൽ കൂടി സൂക്ഷിച്ച വരുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. **പള്ളിവാസൽ** ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പെർമിറ്റ് ആപ്ലിക്കേഷൻ രജിസ്റ്റർ, ലോഡ്ജിംഗ് രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ തുടങ്ങിയവ കാലികമാക്കി ഓഡിറ്റിന് ഹാജരാക്കത്തക്ക രീതിയിൽ സൂക്ഷിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ ഓൺലൈനായും പെർമിറ്റ് രജിസ്റ്റർ ലഭ്യമാണ്. **ചിന്നക്കനാൽ** 2011 ലെ രേഖകൾക്ക് വേണ്ടി ഓഫീസിൽ നിരന്തരമായ തിരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താൻ സാധിച്ചില്ല. 2015-16 മുതൽ കൃത്യമായ രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നുണ്ട്.
5.1.2	**നിർമ്മാണ പ്രവർത്തനങ്ങൾ ചട്ടം ലംഘിച്ച്** പരിശോധനാവേളയിൽ പല ബഹുനില മന്ദിരങ്ങളിലും ചട്ടങ്ങൾ ലംഘിച്ച് നിർമ്മാണം നടത്തിയതായി കണ്ടെത്തി പഞ്ചായത്ത് പെർമിറ്റ് പ്രകാരം	ടി ഓഡിറ്റ് പരാമർശങ്ങളിന്മേൽ മൂന്നാർ ഗ്രാമപഞ്ചായത്തിൽ ഇന്റേർണൽ വിജിലൻസിന്റെ അന്വേഷണം നടത്തി റിപ്പോർട്ട്

	അനുവദിച്ച അളവിൽ കവിഞ്ഞുള്ള നിർമ്മാണം ഓഡിറ്റ് വിഭാഗം നേരിട്ട് കണ്ടു. അധിക നിർമ്മാണത്തെ/വിപുലീകരണത്തെ സാധൂകരിക്കുന്ന നിർമ്മാണ പെർമിറ്റ് അടക്കമുള്ള യാതൊരു രേഖകളും പഞ്ചായത്തിലോ സ്ഥാപനത്തിലോ ഇല്ലാത്തതിനാൽ സൂചിത നിർമ്മാണങ്ങൾ അനധികൃതമാണെന്ന് വ്യക്തമാണ്. പെർമിറ്റ്/എൻ.ഒ.സി നേടി നിർമിച്ച കെട്ടിടത്തിന് ബാധകമായ ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ എല്ലാം പൂർണ്ണമായി പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയശേഷം ഒക്യുപൻസി നൽകേണ്ടത്. അപ്രകാരം ഒക്യുപൻസി ലഭിച്ച കെട്ടിടങ്ങളിലാണ് മേൽപ്പറഞ്ഞ ചട്ടലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടത്. ചട്ടലംഘനങ്ങൾ ചുവടെ ചേർക്കുന്നു	സമർപ്പിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 19/11/2024-ൽ ഇന്റേർണൽ വിജിലൻസ് നേരിട്ട് പരിശോധന നടത്തി വിശദമായ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് പ്രകാരം പരാമർശത്തിൽ അപാകതകൾ പരിഹരിച്ചിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഓഡിറ്റ് പരാമർശങ്ങളിൽ നിർദ്ദേശിക്കപ്പെട്ട അപാകതകൾ അടിയന്തരമായി പരിഹരിക്കുന്നതിനു നടപടി സ്വീകരിച്ച് ഇന്റേർണൽ വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നിരുന്നാലും ടി പരാമർശങ്ങളിന്മേൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.
	എ) <u>KPBR ചട്ടം 27</u> (തുറസ്സായ സ്ഥലങ്ങൾ) ചട്ടത്തിൽ അനുശാസിക്കും പ്രകാരമുള്ള തുറസ്സായ സ്ഥലങ്ങൾ പ്ലാനിൽ കാണിക്കുന്നുണ്ടെങ്കിലും നിർമ്മാണ വേളയിൽ ഇത് ഒഴിവാക്കുന്ന പ്രവണത വ്യാപകമാണ്. തുറസ്സായ സ്ഥലം കെട്ടിടത്തിന്റെ പ്രയോജനത്തിനായി മാത്രം നീക്കി വക്കേണ്ടതും അന്തരീക്ഷത്തിലേക്ക് തുറന്നിരിക്കേണ്ടതും കെട്ടിടം: പൊളിച്ചുകളയുന്നതുവരെ മറ്റ് നിർമ്മാണ പ്രവർത്തനങ്ങളിൽ നിന്ന് ഈ സ്ഥലം മുക്തമായിരിക്കേണ്ടതുമാണെന്നുമുള്ള വ്യവസ്ഥകൾ ലംഘിച്ച് അവിടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നു എതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.	<u>മൂന്നാർ</u> മൂന്നാർ പഞ്ചായത്തിലെ എസ്.എം.എം കോട്ടേജ് (13/371), പ്രണവ് 4 സീസണ്സ്(13/387), ദുർഗ്ഗ ഇൻ(13/391), റെഡ് സ്പാരോ (11/159) എന്നീ നമ്പർ കെട്ടിടങ്ങളിലുള്ള അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിട ഭാഗം പൊളിച്ചു മാറ്റുന്നതിനും, അല്ലാത്ത പക്ഷം പിഴ ഈടാക്കുന്നതിനും 3207/2024 നമ്പർ ഫയൽ പ്രകാരം ബന്ധപ്പെട്ട കെട്ടിട ഉടമകൾക്ക് 04.09.2024-നു നോട്ടീസ് നല്കിയിട്ടുള്ളതുമാണ്. ടി കെട്ടിടങ്ങളുടെ നിർമ്മിതികൾ സ്ഥലപരിശോധന നടത്തി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന് 01.10.2024-ൽ നിർദ്ദേശം നല്കിയിട്ടുള്ളതാണ്. നിലവിൽ മൂന്നാർ പഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായാണ് നിർമ്മാണാനുമതിയും പ്രവർത്തനാനുമതിയും

	ഉദാ. മൂന്നാർ ഗ്രാമപഞ്ചായത്തിലെ എസ്.എം.എം കോട്ടേജ് (13/371), പ്രണവ് 4 സീസൺസ് (13/387), ദുർഗ്ഗാ ഇൻ (13/391), റെഡ് സ്പാരോ (11/159) ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിലെ - മൂന്നാർ ക്ലൗഡ്സ് (2/540), റ്റീ മൗണ്ട് (1/635- 650), ക്ലബ് മൂന്നാർ (1/145-157)	നല്കി വരുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ചിന്നക്കനാൽ റിപ്പോർട്ടിൽ പരാമർശിച്ച ലംഘനങ്ങൾ സംബന്ധിച്ച് 23.09.2024 ൽ നോട്ടീസ് നൽകുകയും അനുബന്ധം 4 ൽ പറഞ്ഞിരിക്കുന്ന തുക ഈടാക്കാൻ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുമുണ്ട്. തുക അടയ്ക്കാത്ത പക്ഷം റവന്യൂ റിക്കവറിയിലൂടെ പ്രസ്തുത തുക ഈടാക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.
	ബി) ചട്ടം-28 (ഒരു തെരുവിന്റെ കേന്ദ്രരേഖയും കെട്ടിടവും തമ്മിൽ ഉണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ അകലം) കെട്ടിടം സ്ഥിതി ചെയ്യുന്ന തെരുവിന്റെ കേന്ദ്രരേഖയിൽ നിന്ന് കെട്ടിടത്തിലേക്കുള്ള കുറഞ്ഞ അകലം ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത് 4.5 മീറ്ററാണ്. പല കെട്ടിടങ്ങളുടെയും സംഗതിയിൽ പ്രസ്തു നിർദ്ദേശം പാലിച്ചിട്ടില്ല. ഉദാ. മൂന്നാർ ഗ്രാമപഞ്ചായത്തിലെ - മൂന്നാർ ഡെയ്സ് (പഴയ നം 9/141, മൂലക്കട), മൂന്നാർ ഇൻ (19/589 ഹിൽ ക്രെസ്റ്റ് (13/398)	മൂന്നാർ അപാകതയിൽ പരാമർശിച്ചിട്ടുള്ള മൂന്നാർ ഡെയ്സ്, മൂന്നാർ ഇൻ, ഹില്ക്രസ്റ്റ് എന്നീ കെട്ടിങ്ങളിൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിട ഭാഗം പൊളിച്ച മാറ്റുന്നതിനും അല്ലാത്ത പക്ഷം പിഴ ഈടാക്കുന്നതിനും ബന്ധപ്പെട്ട കെട്ടിട ഉടമകൾക്ക് അറിയിപ്പ് നല്കിയിട്ടുള്ളതാണെന്നും ടി കെട്ടിടങ്ങളുടെ നിർമ്മിതികൾ സ്ഥലപരിശോധന നടത്തി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിനു പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന് 01.10.2024 തിയതി പ്രകാരം നിർദ്ദേശം നല്കിയിട്ടുള്ളതാണ്. ടി റിപ്പോർട്ട് ലഭ്യമായാലുടൻ ടി വിഷയത്തിലുള്ള തിരുത്തൽ നടപടകൾ സ്വീകരിക്കുന്നതാണ്. നിലവിൽ മൂന്നാർ പഞ്ചായത്തിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷകളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായാണ് നിർമ്മാണാനുമതിയും പ്രവർത്തനാനുമതിയും നല്കി വരുന്നുവെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

72

	സി) **ചട്ടം 35 (വ്യാപ്തിയും തറവിസ്തീർണ്ണ അനുപാതവും)** ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള വ്യാപ്തിയും തറവിസ്തീർണ്ണ അനുപാതവും പാലിക്കാതെ നടത്തിയിട്ടുള്ള നിർമ്മിതികൾ ക്രമപ്പെടുത്തുന്നതിന് ബാധകമായ അധിക ഫീസ് ചുമത്തി ഈടാക്കിയിട്ടില്ല. ഉദാ. മൂന്നാർ ഗ്രാമപഞ്ചായത്തിലെ - മൂന്നാർ ഇൻ (19/589), ബെൽ മൗണ്ട് (13/252), ലെ സെലസ്റ്റിയം (10/1049, 1050), (ഗ്രീൻ (13/250) ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിലെ - മൂന്നാർ ക്ലൗഡ്സ് (2/540), റ്റീ മൗണ്ട് (1/635-650) പള്ളിവാസൽ ഗ്രാമപഞ്ചായത്തിലെ - മൺസൂൺ ഗ്രാൻഡെ, വണ്ടർലാന്റ് റിസോർട്സ് അധിക തുക ഈടാക്കാത്തതിനാൽ ലക്ഷങ്ങളുടെ നഷ്ടമാണ് പഞ്ചായത്തിന് ഉണ്ടായിരിക്കുന്നത്.	**മൂന്നാർ** പരാമർശത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ബെൽ മൌണ്ട് , മൂന്നാർ ഇൻ ലെസെലസ്റ്റിയം, ഗ്രീൻ റിഡ്ജ് എന്നി കെട്ടിങ്ങളെ സംബന്ധിച്ച നിയമ വിരുദ്ധമായ നിർമ്മിതികൾ പൊളിച്ചു മാറ്റുന്നതിനും, അല്ലാത്ത പക്ഷം ടി നിർമ്മിതികൾക്ക് പിഴ ഈടാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു കൊണ്ട് 01.07.2024-ൽ കെട്ടിട ഉടമകൾക്ക് നോട്ടീസ് നല്കിയിട്ടുള്ളതാണ്. ഇത് സംബന്ധിച്ച് സ്ഥലപരിശോധന നടത്തി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ പഞ്ചായത്ത് ആഫീസിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷകളിൽ, ചട്ടം 35 വ്യാപ്തിയും, തറവിസ്തീർണ അനുപാതവും എന്ന വിഷയത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായാണ് നിർമ്മാണാനുമതിയും പ്രവർത്തനാനുമതിയും നല്കി വരുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. **പള്ളിവാസൽ** 1. ഓഡിറ്റ് പരാമർശപ്രകാരം ശ്രീ. സജീവ് ജോൺ, താന്നിക്കൽ (മൺസൂൺ ഗ്രാന്റ് റിസോർട്ട്) കോമ്പൌണ്ടിംഗ് ഫീ ആയി ഒടുക്കേണ്ട തുക 1,37,228/- രൂപ 14/02/2018 ൽ 117050500441 നമ്പർ രസീത് പ്രകാരവും FAR AREA ക്രമവൽക്കരണ ഫീ ആയി 8,17,200/- രൂപ ഇതേ തീയതിയിലെ 117050500440 നമ്പർ രസീത് പ്രകാരവും (ആകെ 9,54,428/- രൂപ) ഒടുക്ക് വരുത്തിയിട്ടുള്ളതുമാണ്. 2. ഓഡിറ്റ് പരാമർശ പ്രകാരം ശ്രീ. റോയി ജോസഫ് (വണ്ടർലാന്റ്

73

		റിസോർട്സ്) പേർക്ക് പരാമർശം പരിഹരിക്കുന്നതിന് കത്ത് നല്കിയിരുന്ന ആയതിൽ ടിയാൻ നൽകിയ മറുപടിയും പെർമിറ്റ് ഫയലും പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് അസി.എഞ്ചിനിയർക്കു നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ടിയാന് ആദ്യം അനുവദിച്ച എ 3-5/11-12 dtd 03.06.2011 നമ്പർ പെർമിറ്റിലെ പ്ലിന്ത് ഏരിയ 3489.77 ച.മീ ആണ്. എന്നാൽ രണ്ടാമത് അനുവദിച്ച പെർമിറ്റിൽ ഏരിയ 3737.90 ച.മീറ്ററാണ്. ആയതിനാൽ അധികരിച്ച ഏരിയയ്ക്കുള്ള പെർമിറ്റ് ഫീസ് ടി സമയത്ത് അടവാക്കിയിട്ടുള്ളതാണ്. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള ഏരിയ 3742.30 ആണ്. ആയതിനാൽ രണ്ടാമത് അനുവദിച്ച പെർമിറ്റിലും അധികരിച്ച് നിർമ്മിച്ച 4.4 ച.മീ ഏരിയയ്ക്കുള്ള കോമ്പൌണ്ടിംഗ് ഫീസും അധികരിച്ച FAR ഏരിയായ 29.58 ച.മീ ഏരിയയ്ക്കുള്ള കോമ്പൌണ്ടിംഗ് ഫീസും ഒടുക്കുന്നിന് ടിയാന് നോട്ടീസ് നൽകിയിട്ടുള്ളതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി തുക നിശ്ചിത സമയപരിധിക്കുള്ളിൽ ഒടുക്കു വരുത്താത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ പ്രകാരം ആയത് ഈടാക്കുന്നതിന് വേണ്ടുന്ന നടപടകൾ സ്വീകരിക്കുവാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. <u>ചിന്നക്കനാൽ</u> റിപ്പോർട്ടിൽ പരാമർശിച്ച ലംഘനങ്ങൾ സംബന്ധിച്ച് 23.09.2024 ൽ നോട്ടിസ് നൽകുകയും തുക ഈടാക്കാൻ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുമുണ്ട്. തുക അടയ്ക്കാത്ത പക്ഷം റവന്യൂ റിക്കവറിയിലൂടെ പ്രസ്തുത തുക ഈടാക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക്

		സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.
	ഡി) <u>ചട്ടം -37 (പ്രവേശന മാർഗ്ഗം)</u> പ്രവേശന മാർഗ്ഗത്തിന്റെ ഏറ്റവും ചുരുങ്ങിയ വീതിയുടെ അടിസ്ഥാനത്തിൽ സ്ഥലത്ത് നിർമ്മിക്കാവുന്ന കെട്ടിടത്തിന്റെ പരമാവധി തറവിസ്തീർണ്ണം ചട്ടത്തിൽ നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിൽ കവിഞ്ഞ അളവിൽ കെട്ടിടങ്ങൾ നിർമ്മിച്ചതായി കാണുന്നു. അഞ്ച് മീറ്ററിൽ താഴെ പ്രവേശന മാർഗ്ഗമുള്ള സ്ഥലത്ത് നിർമ്മിക്കാവുന്ന കെട്ടിടത്തിന്റെ പരമാവധി 1500 ച മീറ്ററായി ചട്ടത്തിൽ നിജപ്പെടുത്തിയിട്ടുള്ളപ്പോൾ അതിൽ കവിഞ്ഞ അളവിൽ നിർമ്മിച്ച കെട്ടിടങ്ങളുടെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു മൂന്നാർ ഗ്രാമപഞ്ചായത്തിലെ ക്ലൗഡ്സ് വാലി (13/364), എൽസിയം ഗാർഡൻ (10/532) ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിലെ ക്ലബ് മഹീന്ദ്ര ഹിൽ ടോപ്പ് റിസോർട്ട്	<u>മൂന്നാർ</u> പഞ്ചായത്തിലെ ക്ലൗഡ്സ് വാലി , എല്സിയം ഗാർഡൻ എന്നീ കെട്ടിങ്ങളിലും, നിലവിലുള്ള നിയമങ്ങളിൽ നിജപ്പെടുത്തിയിട്ടുള്ള അളവിനേക്കാൾ കൂടുതൽ നിർമ്മിതി നടത്തി എന്ന പരാമർശത്തിന്മേൽ ക്രമവല്ക്കരിക്കുന്നതിനും അല്ലാത്ത പക്ഷം ടി നിർമ്മാണങ്ങൾ പൊളിച്ചു മാറ്റുന്നതിനും 3207/2024 നമ്പർ പ്രകാരം ബന്ധപ്പെട്ട കെട്ടിട ഉടമകൾക്ക് അറിയിപ്പ് നല്കിയിട്ടുള്ളതാണ്. കൂടാതെ, അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിട ഭാഗം പൊളിച്ചു മാറ്റുന്നതിനും, അല്ലാത്ത പക്ഷം പിഴ ഈടാക്കുന്നതിനുമുള്ള നിയമനടപടികള്സ്വീകരിക്കേണ്ടതിനു സ്ഥലപരിശോധന നടത്തി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും, പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന് 01.10.2024 തിയതി പ്രകാരം കത്ത് നല്കിയിട്ടുള്ളതാണ്. നിലവിൽ പഞ്ചായത്ത് ആഫീസിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷകളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായാണ് നിർമ്മാണാനുമതിയും പ്രവർത്തനാനുമതിയും നല്കി വരുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട് <u>ചിന്നക്കനാൽ</u> റിപ്പോർട്ടിൽ പരാമർശിച്ച ലംഘനങ്ങൾ സംബന്ധിച്ച് 23.09.2024-ൽ നോട്ടീസ് നൽകുകയും തുക ഈടാക്കാൻ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുമുണ്ട്. തുക അടയ്ക്കാത്ത പക്ഷം റവന്യു റിക്കവറിയിലൂടെ പ്രസ്തുത തുക ഈടാക്കാൻ വേണ്ടുന്ന നടപടി സ്വീകരിക്കുവാൻ തദ്ദേശ

		സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ട്.
	ഇ) ചട്ടം -38 (പാർക്കിംഗ്) ചട്ടപകാരം ഒരു തെരുവിലേക്ക് വാഹനങ്ങളുടെ പ്രവേശനത്തിന് ആവശ്യമായ സൗകര്യങ്ങളോട്ടുകൂടി ഒരോ കെട്ടിടത്തിനും വ്യവസ്ഥ ചെയ്തിട്ടുള്ള തെരുവുവിട്ടുള്ള പാർക്കിംഗ് സ്ഥലം മിക്കവാറും കെട്ടിടങ്ങൾക്കും ഒരുക്കിയിട്ടില്ല. അതുപോലെ പാർക്കിംഗ് എവിടെയൊക്കെ ആവശ്യമാണോ ആ പ്രദേശത്തെല്ലാം 25% അധികം സ്ഥലം ഇരുചക്രവാഹനങ്ങളുടെ പാർക്കിങ്ങിനായി നൽകേണ്ടതാണ് എന്ന ചട്ടം 38(4) ലെ നിർദ്ദേശവും പാലിച്ചിട്ടില്ല. മൂന്നാർ ഗ്രാമപഞ്ചായത്തിലെ - മൂന്നാർ ഇൻ (19/589), ബെൽമൗണ്ട് (13/252), ലെ സെലസ്റ്റിയം (10/1049, 1050) ഗ്രീൻ റിഡ്ജ് (13/250) ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിലെ - ക്ലബ് മഹീന്ദ്ര ഹിൽ ടോപ്പ് റിസോർട്ട് പള്ളിവാസൽ ഗ്രാമപഞ്ചായത്തിലെ - ഹോട്ടൽ പനോരമിക്ക്	മൂന്നാർ അപാകത വരുത്തിയിട്ടുള്ള ബന്ധപ്പെട്ട കെട്ടിടങ്ങൾക്ക് പിഴ ഈടാക്കുന്നതിനും പാർക്കിംഗിന് തടസമായി നില്ക്കുന്ന നിർമ്മാണങ്ങൾ പൊളിച്ചു മാറ്റുന്നതിനും 3207/2024 നമ്പർ ഫയൽ പ്രകാരം കെട്ടിട ഉടമകൾക്ക് നോട്ടീസ് നല്കിയിട്ടുള്ളതാണ്. കൂടാതെ ടി പരാമർശത്തിൽ രേഖപ്പെടുത്തിയിട്ടുള്ള മൂന്നാർ പഞ്ചായത്തിലെ മൂന്നാർ ഇൻ, ബെൽമൗണ്ട്, ലെ-സെലസ്റ്റിയം, ഗ്രീൻ റിഡ്ജ് എന്നീ കെട്ടിങ്ങളിലുള്ള പാർക്കിംഗ് സംബന്ധിച്ച അപാകതക്ക് കാരണമായ നിയമവിരുദ്ധമായി നിർമ്മിച്ചിട്ടുള്ള നിർമ്മാണങ്ങൾ സ്ഥലപരിശോധന നടത്തി അടിയന്തര റിപ്പോർട്ട് ലഭ്യമാക്കുന്നതിനും, പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന് 01.10.2024 തിയതി പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്. നിലവിൽ പഞ്ചായത്ത് ആഫീസിൽ ലഭിക്കുന്ന കെട്ടിനിർമ്മാണ അപേക്ഷകളിൽ പാർക്കിംഗ് സംബന്ധിച്ച് അപാകത വരാത്ത വിധം കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായാണ് നിർമ്മാണാനുമതിയും പ്രവർത്തനാനുമതിയും നല്കി വരുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. പള്ളിവാസൽ ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി സോന ബെന്നറ്റ് (ഹോട്ടൽ പനോരമിക്ക്) ക്രമവല്ക്കരണ ഫീയായ 5,96,518/- രൂപ 10/08 ലെ 117050500039 നം രസീത് പ്രകാരം തുക ഒടുക്ക് വരുത്തിയിട്ടുണ്ട്. കുറവ് വന്ന പാർക്കിംഗ് സ്ഥലം ഒരുക്കുന്നതിനായി ഉടമസ്ഥൻ

76

		തൊട്ടടുത്തുള്ള പ്ലോട്ട് വാങ്ങി പാർക്കിംഗ് സ്ഥലം ഒരുക്കിയിട്ടുള്ളതുമാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ചിന്നക്കനാൽ റിപ്പോർട്ടിൽ പരാമർശിച്ച ലംഘനങ്ങൾ സംബന്ധിച്ച് 23.09.2024 ൽ നോട്ടീസ് നൽകുകയും അനുബന്ധം 4 ൽ പറഞ്ഞിരിക്കുന്ന തുക ഈടാക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.
	എഫ്) 47 (അഗ്നിരക്ഷാ കോണിപ്പടി) ഭൂനിരപ്പിന് മുകളിൽ രണ്ടു നിലകളിൽ കൂടുതലുള്ള പാർപ്പിടാവശ്യഗണത്തിൽപ്പെടാത്ത മറ്റ് കെട്ടിടങ്ങൾക്ക് അഗ്നിരക്ഷാ കോണിപ്പടി സ്ഥാപിക്കേണ്ടതാണെന്നും ആയത് കെട്ടിടത്തിന് പുറത്ത് മാത്രം നിർമ്മിച്ച് നേരെ ഭൂമിയിലേലേക്ക് ബന്ധിപ്പിക്കണമെന്നുമുള്ള ചട്ടത്തിലെ പ്രധാനവ്യവസ്ഥകൾ പാലിച്ചിട്ടില്ല. മൂന്നാർ ഗ്രാമപഞ്ചായത്തിലെ - മൂന്നാർ ഇൻ (19/589), ബെൽമൗണ്ട്(13/252), ലെ സെലസ്റ്റിയം(10/1049, 1050) ഗ്രീൻ റിഡ്ജ്(13/250)	മൂന്നാർ ഗ്രാമപഞ്ചായത്ത് പഞ്ചായത്തിലെ മൂന്നാർ ഇൻ , ബെല്ലൗണ്ട്, ലെസെലസ്റ്റിയം, ഗ്രീൻ റിഡ്ജ് എന്നീ കെട്ടിങ്ങളിലുള്ള അപാകത പരിഹരിക്കുന്നതിന് ബന്ധപ്പെട്ട കെട്ടിട ഉടമകൾക്ക് 04.09.2024-ാം തിയതിയിലെ 3207/2024 നമ്പർ ഫയൽ പ്രകാരം നോട്ടീസ് നല്കിയിട്ടുള്ളതാണ്. അപാകതക്ക് കാരണമായ നിയമ വിരുദ്ധമായി നിർമ്മിച്ചിട്ടുള്ള നിർമ്മിതികൾ സ്ഥല പരിശോധന നടത്തി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും, പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന് 01.10.2024 തിയതി പ്രകാരം കത്ത് നല്കിയിട്ടുള്ളതാണ്. നിലവിൽ പഞ്ചായത്ത് ആഫീസിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷകളിൽ, ചട്ടം 47 – അഗ്നിരക്ഷാ കോണിപ്പടി എന്ന പരാമർശം സംബന്ധിച്ച് അപാകത വരാത്തവിധം കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായാണ് നിർമ്മാണാനുമതിയും പ്രവർത്തനാനുമതിയും നല്കി വരുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ

		സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
5.1.3	**അനധികൃത നിർമ്മാണം - ക്രമവൽക്കരിച്ചിട്ടില്ല -19.5 കോടി രൂപയുടെ നഷ്ടം**	
	(എ) 2013-ലെ വസ്തു നികുതി നിർണ്ണയത്തിൽ ക്രമവൽക്കരിക്കാത്ത അനധികൃത നിർമ്മാണം 2013- ൽ വസ്തുനികുതി നിർണ്ണയം നടത്തിയപ്പോൾ, പഞ്ചായത്ത് രേഖകൾ പ്രകാരം മുമ്പ് ഉണ്ടായിരുന്നതിൽ കൂടിയ നിലകളും വിസ്തീർണ്ണവും കെട്ടിടത്തിന് ഉണ്ടെങ്കിൽ ആയത് അധികൃതമാണോയെന്ന് പഞ്ചായത്ത് അധികൃതർ ഉറപ്പാക്കേണ്ടതായിരുന്നു. മൂന്നാർ ഗ്രാമപഞ്ചായത്തിലെ ലെ സെലസ്റ്റിയം, ധന്യശ്രീ ഹോട്ടൽ, ഹൈറേഞ്ച് ഇൻ, ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിലെ റ്റീ മൗണ്ട്, ക്ലബ് മൂന്നാർ തുടങ്ങിയവ) 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 20 ലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് 134 മുതൽ 138 വരെയുള്ള ചട്ടങ്ങൾ പ്രകാരം നിർമ്മാണം ക്രമവൽക്കരിക്കുന്നതിനോ/പൊളിച്ചുകളയുവാനോ വേണ്ട നടപടി സെക്രട്ടറി സ്വീകരിക്കേണ്ടതായിരുന്നു. അനധികൃത നിർമ്മാണങ്ങളും ജോലികളും കണ്ടുപിടിക്കുകയും തടയുകയും ചട്ടങ്ങൾ പ്രകാരമുള്ള മറ്റു നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം ചട്ടം 134 പ്രകാരം സെക്രട്ടറിക്കാണ്. അപ്രകാരമുള്ള നടപടികളൊന്നും സ്വീകരിക്കാതെ	മൂന്നാർ പഞ്ചായത്തിലെ സെലസ്റ്റീയം, ധന്യശ്രീ ഹോട്ടൽ, ഹൈറേഞ്ച് ഇൻ എന്നീ കെട്ടിടങ്ങളിലുള്ള അനധികൃത നിർമ്മാണം മൂലം ഉണ്ടായിട്ടുള്ള നികുതി നഷ്ടം സംബന്ധിച്ച അപാകത പരിഹരിക്കുന്നതിനും പിഴ ഈടാക്കുന്നതിനും ബന്ധപ്പെട്ട കെട്ടിട ഉടമകൾക്ക് 3207/2024 നമ്പർ ഫയൽ പ്രകാരം 04.09.2024 ന നോട്ടീസ് നല്കിയിട്ടുള്ളതാണ്. അപാകതക്ക് കാരണമായ നിയമ വിരുദ്ധമായി നിർമ്മിച്ചിട്ടുള്ള നിർമ്മാണങ്ങൾ സ്ഥലപരിശോധന നടത്തി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിലേക്കായി, പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന് 01.10.2024 തിയതി പ്രകാരം നിർദ്ദേശം നല്കിയിട്ടുള്ളതാണ്. നിലവിൽ പഞ്ചായത്ത് ആഫീസിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷകളിൽ ടി അപാകത വരാത്ത വിധം കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായാണ് നിർമ്മാണാനുമതിയും പ്രവർത്തനാനുമതിയും നല്കി വരുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ചിന്നക്കനാൽ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന തുകയ്ക്കുള്ള ഡിമാന്റ് നോട്ടീസ് 23/09/2024 തീയതിയിൽ നൽകിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി തുക നിശ്ചിത സമയ പരധിക്കുള്ളിൽ ഒടുക്ക് വരുത്താത്ത പക്ഷം റവന്യൂ

77

	കെട്ടിടം ഉടമകൾക്ക് അനുകൂലമായി പ്രവർത്തിക്കുകയായിരുന്ന അക്കാലത്തെ സെക്രട്ടറിയെന്ന് വ്യക്തമാണ്. കൃത്യനിർവ്വഹണത്തിലെ ഈ ഗുരുതരവീഴ്ച വഴി, കെട്ടിട നിർമ്മാണ പെർമിറ്റ് ഇനത്തിലും വസ്തു നികുതി ഇനത്തിലും ഗണ്യമായ തുകയാണ് പഞ്ചായത്തിന് നഷ്ടമായത്. അധിക നിർമ്മിതി ക്രമവൽക്കരിക്കാത്ത-തിനാൽ വസ്തു ഇനത്തിലുള്ള നഷ്ടം ഇപ്പോഴും തുടരുന്നു.	റിക്കവറി നടപടിയിലൂടെ ആയത് ഈടാക്കാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.
	(ബി) <u>2013-ലെ വസ്തു നികുതി നിർണ്ണയത്തിനുശേഷമുള്ള അനധികൃത നിർമ്മാണം</u> 2013-ലെ വസ്തു നികുതി നിർണ്ണയവേളയിൽ, മുമ്പ് പഞ്ചായത്ത് അനുവദിച്ച പെർമിറ്റിലെ അതേ അളവിൽ നികുതി നിർണ്ണയം നടത്തിയ ഏതാനും കെട്ടിടങ്ങൾ നേരിട്ട് സന്ദർശിച്ചപ്പോൾ, അനധികൃതമായി കൂട്ടിച്ചേർക്കൽ/ വിപുലീകരണം നടത്തിയിരിക്കുന്നതായി കണ്ടെത്തി. നിലവിലുള്ള കെട്ടിടങ്ങൾക്ക് മേൽ കൂട്ടിച്ചേർക്കലുകൾ നടത്തുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ [97A(8), (9), 97C(1), (3)] ലംഘിച്ചാണ് പ്രസ്തുത നിർമ്മാണങ്ങൾ നടത്തിയത്. പഞ്ചായത്തിൽ നിർമ്മാണ പെർമിറ്റ് നേടാതെ നടത്തിയ ഈ നിർമ്മാണങ്ങൾക്കെതിരെ നാളിതുവരെ യാതൊരു നടപടിയും സെക്രട്ടറി സ്വീകരിച്ചിട്ടുമില്ല. 2013-ൽ പഞ്ചായത്ത് ഉദ്യോഗസ്ഥർ നേരിട്ട് കെട്ടിടങ്ങൾ അളന്നു തിട്ടപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച വേളയിൽ മേൽ	<u>മൂന്നാർ</u> അപാകത പരിശോധിച്ച് നികുതി ഈടാക്കുന്നതിന് ബന്ധപ്പെട്ട കെട്ടിട ഉടമകൾക്ക് നോട്ടീസ് നല്കിയിട്ടുള്ളതാണ്. കൂടാതെ 2013-ലെ വസ്തു നികുതി നിർണ്ണയത്തിനു ശേഷമുള്ള അനധികൃതമായി നിർമ്മിച്ചിട്ടുള്ള നിർമ്മാണങ്ങൾ സ്ഥലപരിശോധന നടത്തി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന് 01.10.2024 തിയതി പ്രകാരം നിർദ്ദേശംനല്കിയിട്ടുള്ളതാണ്. നിലവിൽ പഞ്ചായത്ത് ആഫീസിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷകൾ ചട്ടങ്ങൾക്ക് അനുസൃതമായാണ് അനുവാദം നല്കുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. <u>പള്ളിവാസൽ</u> വസ്തുനികുതി നിർണ്ണയത്തിനു ശേഷം അനധികൃതമായി കൂട്ടിച്ചേർക്കൽ/ വിപുലീകരണം നടത്തിയത് കണ്ടെത്തുന്നതിനായി തുടർനടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ

78

	ചട്ടലംഘനങ്ങൾ ഉണ്ടായിട്ടില്ലെന്നും ഈ നിർമ്മാണങ്ങൾ 2013-ന ശേഷം മാത്രം നടത്തിയിട്ടുള്ളതാണെന്നുമാണ് ഇത് വ്യക്തമാക്കുന്നത്	ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ചിന്നക്കനാൽ റിപ്പോർട്ടിൽ പരാമർശിച്ച ലംഘനങ്ങൾ സംബന്ധിച്ച് 23.09.2024 ൽ നോട്ടിസ് നൽകുകയും ടി തുക ഈടാക്കാൻ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുമുണ്ട്. ടി തുക അടയ്ക്കാത്ത പക്ഷം റവന്യൂ റിക്കവറിയിലൂടെ പ്രസ്തുത തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.
	(സി) അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള ഫീസ് 19.5 കോടി രൂപ ചട്ടങ്ങൾ ലംഘിച്ച് അനധികൃതമായി നിർവ്വഹിച്ചിട്ടുള്ള നിർമ്മാണങ്ങളില/ കൂട്ടിച്ചേർക്കലുകളിലെ/ വിപുലീകരണത്തിലെ നിയമവിരുദ്ധമായി നിർമ്മിച്ച ഭാഗം നിലവിലുള്ള ചട്ടങ്ങൾക്ക് അനുരൂപമാക്കുവാനോ അല്ലെങ്കിൽ അത്രയും ഭാഗം പൊളിച്ചുകളയുവാനോ ഉടമസ്ഥനോട് അതത് സെക്രട്ടറിമാർ ആവശ്യപ്പെടേണ്ടതാണ് (ചട്ടം 20). 134 മുതൽ 138 വരെയുള്ള ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കാമെങ്കിൽ അതിനുള്ള നടപടികൾ സെക്രട്ടറിമാർക്ക് സ്വീകരിക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 21.8.2014 ലെ 150/2014 നമ്പർ ഉത്തരവ് പ്രകാരം 2014-ലെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണ	മൂന്നാർ അനധികത നിർമ്മാണം മൂലം ഉണ്ടായിട്ടുള്ള നികുതി നഷ്ടം സംബന്ധിച്ച അപാകത പരിശോധിച്ച് നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതും പാരമർശവുമായി ബന്ധപ്പെട്ട് അനുബന്ധം 4-ലെ ക്രമ നമ്പർ 1 മുതൽ 12 വരെയുള്ള ബെൽ മൗണ്ട് ഹോട്ടൽ, ഈസ്റ്റ് എന്റ് ഹോട്ടൽ, എല്സിയം ഗാർഡൻസ്, മൂന്നാർ ഇൻ, ഗ്രാന്റ് പ്ലാസ, വെസ്റ്റ് വുഡ്, ഗ്രീൻ റിഡ്ജ്, ലെ സെലസ്റ്റീയം, ക്ലൌഡ്സ് വാലി, അർച്ചന റസിഡൻസി, ഹൈറേഞ്ച് ഇൻ, ഐസക് റസിഡൻസി എന്നീ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള അപാകതൾ പരിഹരിക്കുന്നതിനും, പിഴ ഈടാക്കുന്നതിനും ബന്ധപ്പെട്ട കെട്ടിട ഉടമകള്ക്ക് 04.09.2024 തിയതിയിൽ നോട്ടീസ് നല്കിയിട്ടുള്ളതാണ്. കൂടാതെ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള ഫീസ് 19.5 കോടി രൂപ എന്ന അപാകത പരിഹരിക്കുന്നതിന് അനധികൃതമായി നിർമ്മിച്ചിട്ടുള്ള നിർമ്മാണങ്ങൾ സ്ഥലപരിശോധന നടത്തി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും, പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന്

	ക്രമവൽക്കരണം) ചട്ടങ്ങൾക്ക് അനുസൃതമായിട്ടാണ് ക്രമവൽക്കരണം പൂർത്തിയാക്കേണ്ടത്. നേരിട്ട് സന്ദർശിച്ച കെട്ടിടങ്ങളിൽ കണ്ടെത്തിയ അനധികൃത കൂട്ടിച്ചേർക്കൽ/വിപുലീകരണ വിശദാംശങ്ങൾ പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണ ക്രമവൽക്കരണം) ചട്ടങ്ങളിലെ അനുബന്ധം 2 ൽ കൊടുത്തിരിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെങ്കിൽ 3, 4, 5 ചട്ടങ്ങളിലെ നടപടിക്രമങ്ങൾ സ്വീകരിച്ച് അനുബന്ധം 1(2) പട്ടികയിൽ സൂചിപ്പിക്കുന്ന കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി നിർമ്മാണം ക്രമവൽക്കരിച്ചാൽ ലഭിക്കുന്ന 19.05 കോടി രൂപയുടെ വിശദവിവരം അനുബന്ധം - 4 ആയി ഉൾപ്പെടുത്തുന്നു.	01.10.2024 തിയതി പ്രകാരം നിർദ്ദേശം നല്കിയിട്ടുള്ളതാണ്. നിലവിൽ പഞ്ചായത്ത് ആഫീസിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷകൾ ചട്ടങ്ങൾക്ക് അനുസൃതമായാണ് നിർമ്മാണാനുമതിയും പ്രവർത്തനാനുമതിയും നല്കി വരുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. പള്ളിവാസൽ ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി സോന ബെന്നറ്റ് (ഹോട്ടൽ പനോരമിക്ക്) ക്രമവല്കരണ ഫീയായ 5,96,518/- രൂപ 10/08 ലെ 117050500039 നം രസീത് പ്രകാരം തുക ഒടുക്ക് വരുത്തിയിട്ടുണ്ട്. കുറവ് വന്ന പാർക്കിംഗ് സ്ഥലം ഒരുക്കുന്നതിനായി ഉടമസ്ഥൻ തൊട്ടടുത്തുള്ള പ്ലോട്ട് വാങ്ങി പാർക്കിംഗ് സ്ഥലം ഒരുക്കിയിട്ടുള്ളതുമാണ്. ടി പ്ലോട്ടിന്റെ ഭൂനികുതി അടച്ച രസീതിന്റെ പകർപ്പും ലഭ്യമായിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശ പ്രകാരം ശ്രീ. സജീവ് ജോൺ, താന്നിക്കൽ (മൺസൂൺ ഗ്രാന്റ് റിസോർട്ട്) കോമ്പൌണ്ടിംഗ് ഫീ ആയി ഒടുക്കേണ്ട തുക 1,37,228/- രൂപ 14/02/2018 ല് 117050500441 നമ്പർ രസീത് പ്രകാരവും FAR AREA ക്രമവൽക്കരണ ഫീ ആയി 8,17,200/- രൂപ ഇതേ തീയതിയിലെ 117050500440 നമ്പർ രസീത് പ്രകാരവും (ആകെ 9,54,428 രൂപ) ഒടുക്ക് വരുത്തിയിട്ടുള്ളതുമാണ്. 1. ഓഡിറ്റ് പരാമർശ പ്രകാരം ശ്രീ. മാത്യു കുരുവിള (ചാണ്ടീസ് റിസോർട്ട്) 26/03/2018 ലെ 117050500636 നമ്പർ രസീത് പ്രകാരം കോംബൗണ്ടിങ് ഫീ തുക 6,73,708/- രൂപ അടവാക്കിയിട്ടുള്ളതാണ്.

81

		2. ഓഡിറ്റ് പരാമർശ പ്രകാരം ശ്രീ.ജിയോ മാത്യു, ചുങ്കത്ത്, ചിത്തിരപുരം 11/07/2017 ലെ 117050500030 നമ്പർ രസീത് പ്രകാരം കോംബൗണ്ടിങ് ഫീ തുക 1,76,000/- രൂപ അടവാക്കിയിട്ടുള്ളതാണ്. 3. ഓഡിറ്റ് പരാമർശം പരിഹരിക്കുന്നതിന് ശ്രീ. റോയി ജോസഫിന് (വണ്ടർലാൻഡ് റിസോർട്ട്സ്) അറിയിപ്പ് നല്കിയിരുന്നു. ആയതിന് ടിയാൻ നൽകിയ മറുപടിയും പെർമിറ്റ് ഫയലും പരിശോധിച്ച് റിപ്പോർട്ട് നല്കുന്നതിന് അസ്സിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതാണ്. ടിയാന് ആദ്യം അനുവദിച്ച എ 3-5/11-12 dated 03.06.2011 നമ്പർ പെർമിറ്റിലെ പ്ലിന്ത് ഏരിയ 3489.77 ച.മീ ആണ്. എന്നാൽ രണ്ടാമത് അനുവദിച്ച പെർമിറ്റിൽ ഏരിയ 3737.90 ച.മീറ്ററാണ്. ആയതിനാൽ അധികരിച്ച ഏരിയയ്ക്കുള്ള പെർമിറ്റ് ഫീസ് ടി സമയത്ത് അടവാക്കിയിട്ടുള്ളതാണ്. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള ഏരിയ 3742.30 ആണ്. ആയതിനാൽ രണ്ടാമത് അനുവദിച്ച പെർമിറ്റിലും അധികരിച്ച് നിർമ്മിച്ച 4.4 ച.മീ ഏരിയയ്ക്കുള്ള കോമ്പൌണ്ടിംഗ് ഫീസും അധികരിച്ച FAR ഏരിയയായ 29.58 ച.മി ഏരിയയ്ക്കുള്ള കോമ്പൌണ്ടിംഗ് ഫീസും ഒടുക്കുന്നതിന് ടിയാന് നോട്ടീസ് നല്കിയിട്ടുള്ളതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ചിന്നക്കനാൽ പരാമർശിച്ചിരിക്കുന്ന തുകയ്ക്കുള്ള ഡിമാന്റ് നോട്ടീസ് 23/09/2024 തീയതിയിൽ നൽകിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

82

5.1.4	**പൂർത്തിയാകാത്ത കെട്ടിടത്തിന് പൂർത്തീകരണ സാക്ഷ്യപത്രം** ശ്രീ. ലൂക്ക് സ്റ്റീഫൻ, പുളിമൂട്ടിൽ, പള്ളിവാസൽ പഞ്ചായത്തിൽ കെട്ടിട നിർമ്മാണത്തിനായി പെർമിറ്റ് വാങ്ങിയത് എ 2- സ്പെഷ്യൽ റസിഡൻഷ്യൽ എന്ന രീതിയിലായിരുന്നു എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ റസിഡൻഷ്യൽ ഗണത്തിൽപ്പെടുത്തിയാണ് പൂർത്തീകരണ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ 30.1.2015 ൽ കെട്ടിട പൂർത്തീകരണ സാക്ഷ്യപത്രം നൽകിയ കെട്ടിടം 10 മാസങ്ങൾക്ക് ശേഷം ഓഡിറ്റ് വേളയിൽ നേരിട്ട് പരിശോധന നടത്തിയപ്പോൾ പോലും ഭാഗികമായി മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. ടൂറിസം ആവശ്യത്തിന് മാത്രമേ പ്രസ്തുത സ്ഥലം ഉപയോഗിക്കുവാൻ പാടുള്ളൂ എന്ന് ജില്ലാ കളക്ടർ ഉത്തരവ് നൽകിയിട്ടുള്ളതും മൂന്നാർ ടൗണിൽ നിന്നും ഏകദേശം 11 കി. മീറ്റർ ദൂരത്തിലും വിജനമായ സ്ഥലത്ത് സ്ഥിതി ചെയ്യുന്നതും ഗാർഹിക ആവശ്യത്തിനുതകുന്ന യാതൊരു സാമൂഹ്യ സാഹചര്യവും ഇല്ലാത്തതുമായ സ്ഥലത്ത് പണിതിട്ടുള്ള കെട്ടിടത്തിനാണ് ഘടനാപരമായ യാതൊരു മാറ്റവും വരുത്താതെ തന്നെ എ 1 റസിഡൻഷ്യൽ ഗണമായി പൂർത്തീകരണ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്. 'കാർഡമം ഹിൽസ് റിസർവിൽ' ഉൾപ്പെടുന്ന പ്രസ്തുത സ്ഥലത്ത് ഇപ്രകാരമുള്ള താമസ യൂണിറ്റുകൾ പണിയുന്നതും നിയമവിരുദ്ധമാണ്	**പള്ളിവാസൽ** ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടത്തിന് എ 1-റെസിഡൻഷ്യൽ ഗണത്തിൽ അനുവദിച്ചിരുന്ന കെട്ടിടനമ്പറുകൾ റദ്ദ് ചെയ്ത് എ 2 സ്പെഷ്യൽ റെസിഡൻഷ്യൽ (റിസോർട്ട്) ഗണത്തിൽ 3/476(1) നമ്പർ നൽകി വസ്തുനികുതി ഈടാക്കി വരുന്നതാണ്. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്തിന്റെ അപേക്ഷകൻ ഹാജരാക്കിയ റവന്യൂ രേഖകൾ (ഭൂ നികുതി രസീത്, കൈവശ സർട്ടിഫിക്കറ്റ്, ജില്ലാ കളക്ടർ അനുവദിച്ച എൻ.ഒ.സി) പരിശോധിച്ചതിൽ ടി വസ്തു കാർഡമം ലാന്റ് ഉൾപ്പെട്ടിട്ടില്ലായെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

5.1.5	**ബാധകമായ നിരക്കിലും യഥാർത്ഥ അളവിലും വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല – 7.14 ലക്ഷം രൂപയുടെ നഷ്ടം** 2013-ലെ പൊതു വസ്തു നികുതി നിർണ്ണയവേളയിലും അതിനുശേഷവും ബാധകമായതിലും കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കിയിരിക്കുന്നതായി ഭൗതിക പരിശോധനയിൽ കണ്ടെത്തി ഒരു സ്ഥാപനത്തിന്റെ അവിഭാജ്യഘടകങ്ങളായി പ്രവർത്തിക്കുന്ന/പ്രവർത്തിക്കേണ്ട വിഭാഗങ്ങൾ (ഉദാ ഹോട്ടലുകൾ, റിസോർട്ടുകൾ തുടങ്ങിയവയുടെ കോൺഫറൻസ് ഹാൾ, കൺവെൻഷൻ സെന്റർ കോട്ടേജുകൾ തുടങ്ങിയവ) വ്യത്യസ്ഥ സർവ്വേ നമ്പറുകളിൽ പ്രവർത്തിക്കുന്ന വെവ്വേറെ സ്ഥാപനങ്ങളായി കാണിച്ച് ചില ഭാഗങ്ങൾ കുറഞ്ഞ വസ്തു നികുതിയുള്ള ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കുന്നു ഇതുവഴി ഗ്രാമപഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത് കൂടാതെ, അധിക നിർമ്മിതിക്ക് വസ്തുനികുതി ഈടാക്കാത്തതായും കണ്ടെത്തി.	മൂന്നാർ പരാമർശത്തിൽ പ്രതിപാദിക്കുന്ന ബെൽമൌണ്ട് ഹോട്ടൽ, എസിയം ഗാർഡൻസ്, ഗ്രീൻ റിഡ്ജ്, ലെ സെലസ്റ്റിയം, മൂന്നാർ ഇൻ, വെസ്റ്റ് വുഡ്, അർച്ചന റസിഡൻസി, ഹൈറേഞ്ച് ഇൻ, ധന്യശ്രീ, സി 7, ക്ലൌഡ്സ് വാലി എന്നീ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുവാനുള്ള യഥാർത്ഥ നികുതിയിൽ നിന്നും, ധന്യശ്രീ എന്ന സ്ഥാപനത്തിൽ നിന്നും 29,400/- രൂപയും, സി7 എന്ന സ്ഥാപനത്തിൽ നിന്നും 82,650/- രൂപയും, ക്ലൌഡ്സ് വാലി എന്ന സ്ഥാപനത്തിൽ നിന്നും 92,557/- രൂപയും ചേർത്ത് ടി സ്ഥാപനങ്ങളുടെ യഥാർത്ഥ നികുതിയായ ആകെ 204,607/- രൂപ ഈടാക്കിയിട്ടുള്ളതാണ്. ബാക്കി സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിന് 3207/2024, 01.07.2024 നമ്പർ ഫയൽ പ്രകാരം ബന്ധപ്പെട്ട കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും ആയത് നിശ്ചിത സമയ പരിധിക്കുള്ളിൽ ഒടുക്ക് വരുത്താത്ത പക്ഷം റവന്യൂ റിക്കവരി നടപടിയിലൂടെ ആയത് ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.
	സ്പെഷ്യൽ റിപ്പോർട്ട് റിപ്പോർട്ട് പാലക്കാട് ജില്ല	
5.2	**ഗ്രാമപഞ്ചായത്തുകളിലെ കമ്പ്യൂട്ടർ വൽക്കരണം** കമ്പ്യൂട്ടർ ഉപകരണങ്ങളുടെ വാങ്ങൽ സൂക്ഷിപ്പ് ഉപയോഗം, സുരക്ഷ എന്നീകാര്യങ്ങളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോയെന്നും കമ്പ്യൂട്ടറൈസേഷന്റെ ചുമതലയുള്ള ഐ കെ എം ന്റെ	

83

	സേവനം എത്രത്തോളം ഉപയുക്തമാക്കിയിട്ടുണ്ടെന്നുമാണ് അവലോകനത്തിലൂടെ വിലയിരുത്തുന്നത് പാലക്കാട് ജില്ലയിലെ 21 ഗ്രാമപഞ്ചായത്തുകളിലെ കമ്പ്യൂട്ടർ വൽക്കരണമാണ് വിലയിരുത്തിയത്.	
5.2.1	**കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കായി ചെലവഴിച്ചത് 1.65 കോടി** അവലോകനത്തിന വിധേയമാക്കിയ 21 ഗ്രാമപഞ്ചായത്തുകളിലെ ഉപയോഗത്തിനായി വാങ്ങിയ 394 കമ്പ്യൂട്ടറുകൾ (48 എണ്ണം ലാപ്-ടോപ്പുകൾ) 33 സെർവറുകൾ, 133 പ്രിന്ററുകൾ, 34 സ്കാനറുകൾ, 51 യു.പി.എസ്, 2 ടച്ച് സ്ക്രീൻ കിയോസ്കുകൾ എന്നിവയ്ക്ക് 1,65,12.672/- രൂപ (2012-13 മുതൽ 2014-15 വരെയുള്ള കാലയളവിൽ ചെലവഴിക്കപ്പെട്ടു. ഇവയിൽ പലതും സർക്കാർ മാനദൻണ്ഡങ്ങൾ, പ്രൊകർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിക്കാതെ വാങ്ങിയതിനാൽ ഗ്രാമപഞ്ചായത്തുകൾക്കു ഗണ്യമായ നഷ്ടമുണ്ടായി.	നിലവിൽ ജില്ലയിലെ പഞ്ചായത്തുകൾ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നത് സർക്കാർ മാനദണ്ഡങ്ങൾ, പ്രൊക്യൂർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടുമാണ്. സി.പി.ആർ.സി.എസ്, ജെം പോർട്ടൽ എന്നിവയിലൂടെയാണ് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നിലവിൽ വാങ്ങിവരുന്നത്. പുതുതായി വാങ്ങുന്ന കമ്പ്യൂട്ടറുകൾക്ക് 5 വർഷ വാറന്റി ഉറപ്പാക്കുന്നുണ്ട്. പരാമർശ വിഷയത്തിൽ പഞ്ചായത്തിന് ഉണ്ടായ നഷ്ടം പരിശോധിച്ച് സർക്കാർ മാനദണ്ഡം പ്രകാരമല്ലാതെ നടത്തിയ വാങ്ങലുകൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് വിശദീകരണം അടക്കം റിപ്പോർട്ട് ലഭ്യമാക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
	(ബി) <u>കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും സൂക്ഷിപ്പിൽ വീഴ്ച</u> ഗ്രാമപഞ്ചായത്തുകളിലെ ആവശ്യത്തിനായി വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ ശരിയായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ മിക്ക പഞ്ചായത്തുകളും സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത്	നിലവിൽ ജില്ലയിലെ പഞ്ചായത്തുകൾ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും സൂക്ഷിപ്പിൽ കാര്യക്ഷമതയും ജാഗ്രതയും പുലർത്തുന്നുണ്ട്. ഡാറ്റാ സംരക്ഷണാർത്ഥം ബാക്ക് എടുത്ത് സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഷെഡ്യൂളിംഗ് ബാക്ക്അപ് രീതികളും അവലംബിച്ച വരുന്നുണ്ട്. <u>അലനല്ലൂർ</u> കമ്പ്യൂട്ടറുകളുടെ അഭാവം മൂലം ഓഫീസിലെ ദൈനംദിന പ്രവർത്തനങ്ങൾ

	പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ ലാപ്ടോപ്പുകൾ ഉൾപ്പെടെ പാലക്കാട് ജില്ലയിലെ അലനല്ലൂർ, തിരുമിറ്റക്കോട്, കോങ്ങാട്, അനങ്ങനടി, കാരാകുറിശ്ശി, വാണിയംകുളം, കണ്ണാടി എന്നീ പഞ്ചായത്തോഫീസുകളിൽ നിന്നും 47 കമ്പ്യൂട്ടറുകൾ, മറ്റനവധി ഹാർഡ് ഡിസ്കുകൾ, മോണിറ്ററുകൾ എന്നിവയും മോഷണം പോയിട്ടുണ്ട്. ഇവയ്ക്കുപകരമായി വീണ്ടും കമ്പ്യൂട്ടർ സാമഗ്രികൾ വാങ്ങിയതിലൂടെ സ്ഥാപനങ്ങൾക്ക് അധിച്ചെലവ് ഉണ്ടാകുകയും ചെയ്തു. ഇടിമിന്നൽമൂലവും കമ്പ്യൂട്ടറുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് ഓഫീസിലെ നിരവധി കമ്പ്യൂട്ടറുകൾ ഇത്തരത്തിൽ നശിച്ചുപോയതായി കണ്ടെത്തി ഇടിമിന്നലിനെ പ്രതിരോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനൊപ്പം മോഷണം തടയുന്നതിനുള്ള ഫലപ്രദമായ സുരക്ഷാ സംവിധാനങ്ങൾ കൂടി പഞ്ചായത്ത് ഓഫിസുകളിൽ ഒരുക്കേണ്ടതാണ്.	താറുമാറായതിനാൽ സുഗമമായ പ്രവർത്തനത്തിന് വേണ്ടിയാണ് പുതിയ കമ്പ്യൂട്ടറുകൾ 18/10/2014 ലെ 1(1)/14 നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരം വാങ്ങിയത്. കമ്പ്യൂട്ടറും അനുബന്ധ രേഖകളും മോഷണം പോയത് സംബന്ധിച്ച് കേസ് തീർപ്പാക്കിയിട്ടുണ്ട്. നിലവിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ കോടതിയിലുണ്ട്. അവ തിരിച്ച് ലഭ്യമാക്കിയാലും പ്രവർത്തന ക്ഷമമായിരിക്കില്ല. നിലവിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് ആവശ്യമായ സുരക്ഷ ഉറപ്പ് വരുത്തിയിട്ടുണ്ട്. തിരുമിറ്റക്കോട് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും മതിയായ സുരക്ഷയോടു കൂടി സംരക്ഷിച്ചു വരുന്നുണ്ട്.കമ്പ്യൂട്ടറുകളെ ഇടിമിന്നലിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. കോങ്ങാട് ഓഫീസ് ഉപകരണങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് വേണ്ടി ഗ്രില്ലുകൾ സ്ഥാപിച്ച് ഓഫീസ് സുരക്ഷിതമാക്കിയിട്ടുണ്ട്. അനങ്ങനടി 2014 വർഷത്തിൽ അനങ്ങനടി ഗ്രാമപഞ്ചായത്തിൽ മോഷണം പോയ മോണിറ്ററുകൾ, റാം, ഹാർഡ്-ഡിസ്ക് എന്നിവക്ക് പോലീസിൽ പരാതി നൽകുകയും ആയതിനെ തുടർന്ന് ഒരു വർഷത്തിന് ശേഷം തിരിച്ച് ലഭിച്ചെങ്കിലും ആയത് മിക്കതും ഉപയോഗപ്രദമല്ലാത്ത രീതിയിലായിരുന്നു. ഈ അടിയന്തിര സാഹചര്യത്തിലും പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് കമ്പ്യൂട്ടർ അത്യന്താപേക്ഷിതമായതിനാലും പുതിയ കമ്പ്യൂട്ടറുകൾ വാങ്ങിക്കേണ്ടി വന്നു. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും മതിയായ സുരക്ഷയോടുകൂടി സംരക്ഷിക്കുന്നുണ്ട്. കമ്പ്യൂട്ടറുടെ മെയിൻറനൻസിന് കെൽട്രോണുമായി AMC യിൽ ഏർപ്പെട്ടിട്ടുണ്ട്. കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിലെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും

		സൂക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ എല്ലാ കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും രേഖപ്പെടുത്തൽ വരുത്തിയിട്ടുണ്ട്. നിലവിൽ അടച്ചുറപ്പുള്ള കെട്ടിടവും സുരക്ഷിതമായ സാഹചര്യവുമാണ് നിലനിൽക്കുന്നത്. __വാണിയംകുളം__ ഓഫീസിലെ ഉപകരണങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് വേണ്ടി ഗ്രില്ലുകൾ സ്ഥാപിച്ച് ഓഫീസ് സുരക്ഷിതമാക്കിയിട്ടുണ്ട്. __കണ്ണാടി__ ഗ്രാമപഞ്ചായത്തിലെ ലാപ്ടോപ്പ് കാണാതായത് സംബന്ധിച്ച് പാലക്കാട് സൌത്ത് പോലീസ് സ്റ്റേഷനിൽ പരാതി 12.08.2015 ന് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേട്ട് -111 കോടതിയിൽ ക്രൈം 1666/15 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടർ മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങിയതിൽ അധികം തുക ചിലവാക്കിയിട്ടില്ലായെന്നും സിസി ടിവി അടക്കമുള്ള സുരക്ഷ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച ഭാരിച്ച ജോലികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതിനായിട്ടാണ് കമ്പ്യൂട്ടർ മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. ആയതിന് അധിക തുക ചിലവഴിക്കപ്പെട്ടിട്ടില്ലാത്തതാണെന്നുള്ള വിവരം ബോധിപ്പിക്കുന്നു. നിലവിൽ അടച്ചുറപ്പുള്ള കെട്ടിടവും സുരക്ഷിതമായ സാഹചര്യവുമാണുള്ളതെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. __നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്__ 2015-16 കാലഘട്ടത്തിൽ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് ഓഫീസ്

		പ്രവർത്തിച്ച വന്നിരുന്ന കെട്ടിടം കാലപ്പഴക്കം മൂലം മേൽക്കൂര അടർന്ന് വീഴുക, ചോർച്ച മുതലായ പ്രശ്നം മൂലം കൂടുതൽ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് സാധിച്ചിരുന്നില്ല. ഓഫീസ് പുതിയ കെട്ടിടത്തിലാണ് പ്രവർത്തിച്ച വരുന്നത്. ആയതിനാൽ മിന്നൽ രക്ഷാചാലകം മുതലായ സംവിധാനങ്ങൾ ഒരുക്കുന്നതിന് പദ്ധതി രൂപീകരിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ പരിഗണനയിലാണെന്നും, കൂടാതെ കമ്പ്യൂട്ടർ ഉപയോഗിക്കുന്ന എല്ലാ സെക്ഷനുകളോടും ഓഫീസ് സമയം അവസാനിക്കുമ്പോൾ കേബിളുകൾ പ്ലഗ്ഗിൽ നിന്ന് വിച്ഛേദിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടെന്നും ടെക്നിക്കൽ അസിസ്റ്റൻറ് ടി വിവരം പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	(സി) <u>സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.</u> 24.9.2010 ലെ 86/2010/ഫിൻ നമ്പർ സർക്കുലർ പ്രകാരം ഹാർഡ് വെയറുകൾ സോഫ്റ്റ് വെയറുകൾ എന്നിവയ്ക്ക് വെവ്വേറെ സ്റ്റോക്ക് രജിസ്റ്ററുകൾ നിശ്ചിത മാതൃകയിൽ സൂക്ഷിക്കണമെന്നുണ്ടെങ്കിലും പരിശോധനയ്ക്ക് വിധേയമാക്കിയ ഗ്രാമപഞ്ചായത്തുകളിൽ ഇത്തരം സ്റ്റോക്ക് രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. ടെക്നിക്കൽ അസിസ്റ്റൻറുമാരുടെ പക്കലുള്ള രജിസ്റ്ററിൽ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, സോഫ്റ്റ് വെയറുകൾ എന്നിവയുടെ പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ല.	നിലവിൽ ജില്ലയിലെ പഞ്ചായത്തുകൾ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും സോഫ്റ്റ് വെയറുകളുടെയും വിവരങ്ങൾ പൂർണ്ണമായി ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചുവരുന്നുണ്ട്. ഇവയുടെ ഉത്തരവാദിത്തം ഒരു സ്ഥിരം ജീവനക്കാരന് ചുമതലപ്പെടുത്തി നൽകിയിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

87

	(ഡി) <u>പഞ്ചായത്ത് ഓഫീസിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകൾ ലൈസൻസില്ലാത്തത്</u> ലൈസൻസില്ലാത്ത സോഫ്റ്റ് വെയറുകളുടെ ഉപയോഗം 24.9.2010 ലെ 86/2010/ഫിൻ. സർക്കുലർ പ്രകാരം വിലക്കിയിട്ടുണ്ടെങ്കിലും ഇത്തരം സോഫ്റ്റ് വെയറുകൾ ലൈസൻസില്ലാതെ ഉപയോഗിക്കുന്ന വിവരം ടെക്ക്നിക്കൽ അസിസ്റ്റന്റുമാർ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരനടപടികൾ സ്വീകരിക്കേണ്ടതാണ് അതോടൊപ്പം ലൈസൻസുള്ള സോഫ്റ്റ് വെയറുകളുടെ സി.ഡി സൂക്ഷിക്കുന്നതിനുള്ള നടപടികളും ആവശ്യമാണ്.	നിലവിൽ ജില്ലയിലെ പഞ്ചായത്തുകളിൽ ലൈസൻസ്ഡ് ആയ സോഫ്റ്റ് വെയറുകൾ മാത്രമാണ് ഉപയോഗിക്കുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	(ഇ) <u>അറ്റകുറ്റപ്പണികൾക്ക് എ.എം.സി. പരിഗണിക്കുന്നില്ല</u> സ.ഉ (സാധാ)നം 1869/12/തസ്വഭവ തീയതി 5.7 2012 പ്രകാരം കമ്പ്യൂട്ടറുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ കെൽട്രോണുമായി കരാറുണ്ടാക്കാമെങ്കിലും സ്ഥാപനങ്ങൾ ഇക്കാര്യം ഗൗരവമായെടുത്തിട്ടില്ല. അഞ്ച് വർഷ വാറണ്ടി ഉറപ്പാക്കിവേണം കമ്പ്യൂട്ടറുകൾ വാങ്ങാനെന്നുള്ള സർക്കാർ നിർദ്ദേശവും പരിഗണിക്കപ്പെട്ടിട്ടില്ലെന്നതിലുപരി ഉപകരണങ്ങളുടെ വാറണ്ടി രേഖകൾ സൂക്ഷിക്കുന്നതിനും സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്നുണ്ട്. അടിയന്തരമായി ഇക്കാര്യങ്ങൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. പരിശോധനയ്ക്ക് വിധേയമാക്കിയതിൽ മണ്ണാർക്കാട്, ചെർപ്പുളശ്ശേരി,	നിലവിൽ ജില്ലയിലെ പഞ്ചായത്തുകളിൽ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും അറ്റകുറ്റപണികൾക്ക് വാർഷിക പദ്ധതിയിൽ എ.എം.സി.ക്ക് പ്രോജക്ട് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

88

	മരുതറോഡ്, പുതുപ്പരിയാരം, പുതുശ്ശേരി, തൃത്താല, വണ്ടാഴി എന്നീ പഞ്ചായത്തുകൾ മാത്രമാണ് എം.സി. കരാറിലേർപ്പെട്ടിട്ടുള്ളത്. ഇതിൽ മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത് കെൽട്രോണുമായി കരാറിലേർപ്പെട്ടപ്പോൾ മറ്റുള്ളവ സ്വകാര്യ ഏജൻസികളുമായിട്ടാണ് എ.എം.സിയിൽ ഏർപ്പെട്ടിട്ടുള്ളത്.	
	(എഫ്) പഞ്ചായത്ത് തലത്തിൽ ഉപയോഗിക്കപ്പെടുന്ന ഐ.കെ.എം. സോഫ്റ്റ് വെയറുകൾ, അവയുടെ പരിമിതികൾ പഞ്ചായത്ത് തലത്തിൽ ഉപയോഗിക്കപ്പെടുന്ന ഐ.കെ.എം. സോഫ്റ്റ് വെയറുകൾ, അവയുടെ പരിമിതികൾ ഐ കെ.എം. വികസിപ്പിച്ചിട്ടുള്ള സോഫ്റ്റ് വെയറുകളെല്ലാം വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിലധിഷ്ഠിതമാണ്. ഇക്കാരണത്താൽ ലിനക്സ് പോലുള്ള സ്വതന്ത്ര സോഫ്റ്റ് വെയറുകൾ ഉപയോഗപ്പെടുത്തണമെന്ന സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് പഞ്ചായത്തുകൾക്ക് കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു. സാംഖ്യ, സേവന, സ്ഥാപന, സുലേഖ എന്നിവ ഒഴികെയുള്ള സോഫ്റ്റ് വെയറുകൾ ഗ്രാമപഞ്ചായത്തുകൾ പ്രയോജനപ്പെടുത്തുന്നില്ല. സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ബന്ധിപ്പിച്ച് ആസ്തികളുടെ യഥാർത്ഥ മൂല്യം, വാർഷിക കണക്കുകളിൽ പ്രതിഫലിപ്പിക്കാനാകുന്നില്ല. വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റിൽ ആസ്തി മൂല്യം	നിലവിൽ പഞ്ചായത്തുകളിൽ സാംഖ്യ,സേവന(സിവിൽ രജിസ്ട്രേഷൻ), സഞ്ചയ, സങ്കേതം എന്നിവ സംയോജിപ്പിച്ച് ILGMS സോഫ്റ്റ് വെയർ പ്രവർത്തിച്ചുവരുന്നുണ്ട്. സുലേഖ, സേവന പെൻഷൻ, സകർമ്മ, സൂചിക എന്നിവ വെബ്ബ് അധിഷ്ഠിതമാക്കി ഉപയോഗിച്ചും വരുന്നുണ്ട്. മറ്റ് ലോക്കൽ സോഫ്റ്റ് വെയറുകളായ സ്ഥാപനയും സചിത്രയും പഞ്ചായത്തുകളിൽ കാര്യക്ഷമമായി ഉപയോഗിച്ച് വരുന്നുണ്ടെങ്കിലും സുഗമ (എസ്റ്റിമേറ്റ്), സുഭദ്ര (ബജറ്റ്) എന്നിവ കാര്യമായി ഉപയോഗപ്പെടുത്തുന്നില്ല. നിലവിൽ പഞ്ചായത്ത് ഓഫീസുകൾ പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിക്കപ്പെട്ടിട്ടുള്ളതും സമ്പൂർണ്ണ കടലാസ് രഹിത പഞ്ചായത്ത് ഓഫീസ് എന്ന ലക്ഷ്യത്തിലേക്ക് അടുത്തുകൊണ്ടിരി ക്കുകയുമാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

89

90

	ശരിയായി കാണിക്കാനാവാത്തത് ഒരു പോരായ്മയായി വിലയിരുത്തുന്നു. സർക്കാർ ഉത്തരവ് (സാധാ)നം.1838/2012/തസ്വഭവ.. തീയതി 3.7.2012 പ്രകാരം പഞ്ചായത്ത് ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുന്നതിനൊപ്പം കടലാസ് രഹിത ഓഫീസായി ഇവയെ മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഐ.കെ.എം. ത്വരിതപ്പെടുത്തണമെന്നും നിഷ്കർഷിക്കുന്നു. എന്നാൽ ഏറെ വർഷങ്ങൾ പിന്നിട്ടിട്ടും കമ്പ്യൂട്ടറൈസേഷൻ എന്ന ആശയം പൂർണ്ണതോതിൽ പ്രാവർത്തികമാക്കാനായിട്ടില്ല എന്നത് ഗൗരവത്തോടെ കാണേണ്ടതാണ്.	
	(ജി) <u>ടെക്നിക്കൽ അസിസ്റ്റന്റുമാർ അവശ്യരേഖകൾ പരിപാലിക്കുന്നില്ല</u> ഗ്രാമപഞ്ചായത്തുകളിൽ നിയമിക്കപ്പെടുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം തൃപ്തികരമാണെന്ന് വിലയിരുത്തുന്നുണ്ടെങ്കിലും രേഖകൾ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലത്തൂർ, മേലാർകോട്, വടവന്നൂർ ഗ്രാമപഞ്ചായത്തുകളിൽ സ്റ്റോക്ക് രജിസ്റ്റർ, കംപ്ലയിന്റ് രജിസ്റ്റർ എന്നിവ യഥാവിധി സൂക്ഷിക്കുകയോ അനധികൃത സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നില്ല എന്നുറപ്പവരുത്തുകയോ ചെയ്യിട്ടില്ല. എലപ്പുള്ളി, കൊടുമ്പ്, പെരുവെമ്പ്, തൃത്താല, വടക്കഞ്ചേരി, വല്ലപ്പുഴ, വാണിയംകുളം എന്നീ	നിലവിൽ ജില്ലയിലെ പഞ്ചായത്തുകളിൽ ടെക്നിക്കൽ അസിസ്റ്റന്റുമാർ സൂക്ഷിക്കേണ്ട എല്ലാ രേഖകളും കൃത്യമായി സൂക്ഷിക്കുകയും കമ്പ്യൂട്ടറുകളിൽ ആന്റി വൈറസ് സോഫ്റ്റ് വെയറുകൾ ഉണ്ടെന്നും അനധികൃത സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. നിർദ്ദിഷ്ട യോഗ്യതയുള്ളവരെ മാത്രമാണ് പഞ്ചായത്തുകളിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരായി നിയമിച്ചിട്ടുള്ളതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. <u>ആലത്തൂർ</u> ആലത്തൂർ ഗ്രാമപഞ്ചായത്തിൽ ഹാർഡ്‌വെയർ സ്റ്റോക്ക് രജിസ്റ്റർ, സോഫ്റ്റ്‌വെയർ സ്റ്റോക്ക് രജിസ്റ്റർ, കംപ്ലയിന്റ് ലോഗിൻ രജിസ്റ്റർ എന്നിവയ്ക്ക് വെവ്വേറെ നിശ്ചിത മാതൃകയിൽ (സർക്കുലർ നം86/2010/ധന തീയതി 24/09/2010) പ്രകാരവും സർക്കുലർ നമ്പർ 74207/ഐബി1/2013/തസ്വഭവ തീയതി 11/11/2014 പറയും പ്രകാരമുള്ള

	ഗ്രാമപഞ്ചായത്തുകളി ലാകട്ടെ എല്ലാ കമ്പ്യൂട്ടറുകളിലും ആന്റി വൈറസ് സോഫ്റ്റ് വെയറുകൾ ഉണ്ടെന്ന് ഉറപ്പാക്കുകയോ സ്റ്റോക്ക് രജിസ്റ്ററുകൾ ബിൽ വിവരങ്ങൾ ഉൾക്കൊള്ളിക്കുകയോ ചെയ്തിട്ടില്ല. അനധികൃത സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നില്ലെന്നും ഉറപ്പ് വരുത്തിയിട്ടില്ല.	രജിസ്റ്ററുകളും പ്രത്യേകം സൂക്ഷിച്ചിട്ടിട്ടുണ്ട്. നിലവിൽ അനധികൃതമായ സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നില്ല. <u>മേലാർകോട്</u> മേലാർകോട് ഗ്രാമ പഞ്ചായത്തിൽ ഹാർഡ് വെയർ സ്റ്റോക്ക് രജിസ്റ്റർ, കംപ്ലയിന്റ് രജിസ്റ്റർ, സോഫ്റ്റ് വെയർ സ്റ്റോക്ക് രജിസ്റ്റർ എന്നിവയ്ക്ക് വെവ്വേറേ നിശ്ചിത മാതൃകയിൽ (സർക്കുലർ നം.86/2010/ധന) തീയ്യതി 24/09/2010 പ്രകാരവും, ഇൻഫർമേഷൻ കേരള മിഷൻ പറയുന്ന പ്രകാരവും പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്. നിലവിൽ അനധികൃതമായ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നില്ലെന്നും ഉറപ്പ് വരുത്തിയിട്ടുണ്ട്. <u>വടവന്നൂർ</u> ടെക്നിക്കൽ അസിസ്റ്റന്റുമാർ സ്റ്റോക്ക് രജിസ്റ്റർ, കംപ്ലയിന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുകയും പരിപാലിക്കുകയും ചെയ്തുവരുന്നുണ്ട്. അനധികൃത സോഫ്റ്റ്‌വെയറുകൾ ഇല്ല എന്ന് ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ടെക്നിക്കൽ അസിസ്റ്റൻറ് ആവശ്യമായ എല്ലാ രേഖകളും പരിപാലിയ്ക്കുന്നുണ്ട്. <u>എലപ്പുള്ളി</u> സ്റ്റോക്ക് രജിസ്റ്ററുകളിൽ ബിൽ വിവരണങ്ങൾ ഉൾപ്പെടുത്തി സൂക്ഷിക്കുന്നതിന് ടെക്നിക്കൽ അസിസ്റ്റൻറിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃത സോഫ്റ്റ് വെയറുകൾ ഒന്നും തന്നെ ഉപയോഗിക്കുന്നില്ലെന്നും ഉറപ്പുവരുത്തിയിട്ടുണ്ട്. നിലവിൽ എല്ലാ കമ്പ്യൂട്ടറുകളിലും ആന്റിവൈറസ് സോഫ്റ്റ്-വെയറുകൾ ഉപയോഗിച്ച് വരുന്നുണ്ട്. <u>കൊടുമ്പ്</u> സ്റ്റോക്ക് രജിസ്റ്ററിൽ ബിൽ വിവരണങ്ങൾ ഉൾപ്പെടുത്തി സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃത സോഫ്റ്റ് വെയറുകൾ ഒന്നും തന്നെ ഉപയോഗിക്കുന്നില്ലെന്നും ഉറപ്പുവരുത്തിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകളിൽ ബിൽ വിവരണങ്ങൾ ഉൾപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. നിലവിൽ എല്ലാ കമ്പ്യൂട്ടറുകളിലും ആന്റി വൈറസ് സോഫ്റ്റ്-വെയറുകൾ ഉപയോഗിച്ച് വരുന്നുണ്ട്.

		<u>പെരുവമ്പ്</u> ടെക്നിക്കൽ അസിസ്റ്റന്റമാർ സൂക്ഷിക്കേണ്ട രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ബോധിപ്പിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ എല്ലാ കമ്പ്യൂട്ടറുകളിലും ആന്റിവൈറസ് സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെന്നും ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററുകളിൽ ബിൽ വിവരങ്ങൾ സഹിതം വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അനധികൃത സോഫ്റ്റ്-വെയറുകൾ ഒന്നും തന്നെ ഉപയോഗിക്കുന്നില്ലെന്നും ഉറപ്പുവരുത്തിയിട്ടുണ്ട്. <u>തൃത്താല</u> കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ആന്റിവൈറസ് ഉപയോഗിക്കുന്നുണ്ട്. അനധികൃത സോഫ്റ്റ്-വെയറുകൾ ഉപയോഗിക്കുന്നില്ല. <u>വടക്കാഞ്ചേരി</u> കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും, സ്റ്റോക്ക് രജിസ്റ്റർ ബിൽ വിവരങ്ങൾ ഉൾപ്പെടുത്തി കൃത്യമാക്കി യഥാവിധി സൂക്ഷിച്ച് വരുന്നുണ്ട്. എല്ലാ കമ്പ്യൂട്ടറുകളിലും ആന്റിവൈറസ് സോഫ്റ്റ്-വെയർ ഇൻസ്റ്റാൾ ചെയ്ത് ചെയ്തിട്ടുണ്ട്. എല്ലാ കമ്പ്യൂട്ടറുകളിലും അനധികൃത സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നില്ല. <u>വല്ലപ്പുഴ</u> ഗ്രാമപഞ്ചായത്തിലെ എല്ലാ കമ്പ്യൂട്ടറുകളിലും അനധികൃത സോഫ്റ്റ് -വെയറുകൾ ഇല്ലായെന്ന് ഉറപ്പാക്കുകയും ആൻറി വൈറസ് സോഫ്റ്റ് വെയറുകൾ ഇൻസ്റ്റാൾ ചെയ്യുകയും ചെയ്തിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ ബിൽ വിവരങ്ങൾ കാലികമാക്കിയിട്ടുള്ളതുമാണ്. <u>വാണിയംകുളം</u> എല്ലാ രേഖകളും കൃത്യമായി സൂക്ഷിക്കുകയും കമ്പ്യൂട്ടറുകളിൽ ആൻറി വൈറസ് സോഫ്റ്റ്-വെയറുകൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുകയും അനധികൃത സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നില്ല എന്നും തദ്ദേശ

		സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	(എച്ച്).കമ്പ്യൂട്ടർ പരിശീലനം കാര്യക്ഷമമല്ല പുതുതായി നിയമനം ലഭിച്ചവരൊഴികെയുള്ള ജീവനക്കാർക്കെല്ലാം കമ്പ്യൂട്ടർ പരിശീലനം ലഭിച്ചിട്ടുണ്ടെങ്കിലും സോഫ്റ്റ് വെയറുകൾ സ്വതന്ത്രമായി ഉപയോഗിക്കുന്നതിനുള്ള കഴിവ് നേടിയവർ വളരെ കുറവാണ്. നിസാരമായ പിഴവുകൾ പരിഹരിക്കുന്നതിനായിപ്പോലും ഐ.കെ.എം. വിദഗ്ധർ ഇടപെടേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ഇതൊഴിവാക്കുന്നതിനായി നിലവിലുള്ള പരിശീലന പദ്ധതികളിൽ അവശ്യമാറ്റങ്ങൾ വരുത്തേണ്ടതാണ്.	നിലവിൽ ജില്ലയിലെ പഞ്ചായത്തുകളിലെ ജീവനക്കാരെല്ലാം കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിൽ സ്വയംപര്യാപ്തരാണ്. 2022 ഏപ്രിൽ 1 മുതൽ പഞ്ചായത്തുകളിൽ വിന്യസിച്ചിരിക്കുന്ന ILGMS സോഫ്റ്റ്-വെയറിലൂടെയാണ് മുഴുവൻ ഫയലുകളും ജീവനക്കാർ കൈകാര്യം ചെയ്തു വരുന്നത്. ആയതിന് എല്ലാ ജീവനക്കാർക്കും കൃത്യമായ പരിശീലനവും ലഭ്യമായിട്ടുള്ളതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	(ഐ) കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട മറ്റുപാകങ്ങൾ സർക്കാർ ഉത്തരവ് പ്രകാരം ഉപകരണങ്ങളുടെ വാങ്ങൽ, തുടർസേവനങ്ങൾ ലഭ്യമാക്കൽ എം ഐ.കെ.എം-ന്റെ സേവനങ്ങൾ ഗ്രാമപഞ്ചായത്തുകൾ പൂർണ്ണതോതിൽ ഉപയുക്തമാക്കുന്നില്ല. ഐ.കെ.എം. സമയാസമയങ്ങളിൽ ശുപാർശ ചെയ്യുന്ന സ്പെസിഫിക്കേഷനുകൾ ഉള്ള കമ്പ്യൂട്ടർ ഉപകരണങ്ങൾ ഡി.ജി.എസ് & ഡി റേറ്റ് കോൺട്രാക്റ്റിനേക്കാൾ കുറഞ്ഞ നിരക്കിലോ അഥവാ ഇത്തരത്തിലെ ഏതെങ്കിലും ഡി.ജി.എസ് & ഡി കോൺട്രാക്റ്റ് നിരക്ക് നിലവിലില്ലെങ്കിലോ ഇവ കെൽട്രോൺ മുഖേന വങ്ങേണ്ടതാണെന്ന സർക്കാർ	ജില്ലയിലെ പഞ്ചായത്തുകളിൽ ഐ.കെ.എം. ശുപാർശ ചെയ്യുന്ന നിരക്കുകളിലും സ്പെസിഫിക്കേഷനുകളിലും മറ്റ് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവുമുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളുമാണ് വാങ്ങുന്നത്. കൂടാതെ കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട് ഉപകരണങ്ങളുടെ വാങ്ങൽ, തുടർസേവനങ്ങൾ ലഭ്യമാക്കൽ എന്നീ കാര്യങ്ങളിൽ ഐ.കെ.എം ന്റെ സേവനങ്ങൾ പൂർണ്ണതോതിൽ ഉപയോഗിച്ചും വരുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ആവശ്യത്തിനുള്ള ക്യൂ മാനേജ്മെന്റ് ഇലക്ട്രോണിക് ഡിവൈസ് എല്ലാ പഞ്ചായത്തുകളിലും സ്ഥാപിച്ചിട്ടുണ്ടെങ്കിലും എൽ.സി.ഡി/എൽ.ഇ.ഡി ഡിസ്പ്ലെ സ്ക്രീൻ, ടച്ച് സ്ക്രീൻ കിയോസ്ക് എന്നിവയുടെ സേവനം നിലവിലും ലഭ്യമാക്കിയിട്ടില്ലായെന്നുള്ള വിവരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

94

	ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ആവശ്യത്തിനുള്ള ക്യൂ മാനേജ്മെന്റ് ഇലക്ട്രോണിക് ഡിവൈസ്, എൽ.സി.ഡി/എ സ്ക്രീൻ, ടച്ച് സ്ക്രീൻ കിയോസ്ക് എന്നിവ വാങ്ങാമെങ്കിലും മിക്ക സ്ഥാപനങ്ങളും ഇതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.	
5.2.2	**ഓഡിറ്റ് ശുപാർശകൾ** ഓഡിറ്റ് ശുപാർശകൾ I) കമ്പ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുമ്പോൾ സർക്കാർ സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ഇവ ശരിയായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഡാറ്റാ സംരക്ഷണാർത്ഥം എല്ലാ ദിവസവും ബാക്ക് അപ് എടുത്ത് സൂക്ഷിക്കുന്നതിനും നടപടി ആവശ്യമാണ്. Ii) കമ്പ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സമ്പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്ററുകൾ തയ്യാറാക്കേണ്ടതും ഇവയുടെ ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തിലെ സ്ഥിരം ജവനക്കാരെ എൽപ്പിക്കേണ്ടതുമാണ് iii) സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ ഫലവത്താക്കുന്നതിന് ഐ.കെ.എം.-ന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക, ഐ.കെ.എം-ന്റെ സോഫ്റ്റ് വെയറുകൾ എല്ലാ ഗ്രാമപഞ്ചായത്തുകളും ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കുക, സാംഖ്യ സോഫ്റ്റ് വെയറുമായി മറ്റുള്ള സോഫ്റ്റ് വെയറുകൾ ബന്ധിപ്പിക്കുന്നതിലുള്ള പ്രായോഗിക പോ-	1.നിലവിൽ ജില്ലയിലെ പഞ്ചായത്തുകൾ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും സൂക്ഷിപ്പിൽ കാര്യക്ഷമതയും ജാഗ്രതയും പുലർത്തുന്നുണ്ട്. ഡാറ്റാ സംരക്ഷണാർത്ഥം ബാക്ക് എടുത്ത് സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഷെഡ്യൂളിംഗ് ബാക്ക് അപ് രീതികളും അവലംബിച്ചു വരുന്നുണ്ട്. 2. നിലവിൽ ജില്ലയിലെ പഞ്ചായത്തുകൾ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും സോഫ്റ്റ് വെയറുകളുടെയും വിവരങ്ങൾ പൂർണ്ണമായി ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചുവരുന്നുണ്ട്. ഇവയുടെ ഉത്തരവാദിത്തം ഒരു സ്ഥിരം ജീവനക്കാരന് ചുമതലപ്പെടുത്തി നൽകിയിട്ടുമുണ്ട് 3.നിലവിൽ ജില്ലയിലെ പഞ്ചായത്തുകളിൽ ടെക്നിക്കൽ അസിസ്റ്റൻറുമാർ സൂക്ഷിക്കേണ്ട എല്ലാ രേഖകളും കൃത്യമായി സൂക്ഷിക്കുകയും കമ്പ്യൂട്ടറുകളിൽ ആൻറി വൈറസ് സോഫ്റ്റ് വെയറുകൾ ഉണ്ടെന്നും അനധികൃത സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. നിലവിൽ നിർദ്ദിഷ്ട യോഗ്യതയുള്ളവരെ മാത്രമാണ് പഞ്ചായത്തുകളിൽ ടെക്നിക്കൽ അസിസ്റ്റൻറുമാരായി നിയമിച്ചിട്ടുള്ളത്.

	രായ്മകൾ പരിഹരിക്കുക, നിർദ്ദിഷ്ട യോഗ്യതയുള്ളവരെ മാത്രം ടെക്നിക്കൽ അസിസ്റ്റന്റുമാരായി നിയമിക്കുക എന്നീ കാര്യങ്ങൾക്ക് ഊന്നൽ നൽകേണ്ടതാണ് iv) പുതുതായി വാങ്ങുന്ന കമ്പ്യൂട്ടറുകൾക്ക് 5 വർഷ വാറന്റി ഉറപ്പാക്കുക, വാർഷിക അറ്റകുറ്റപ്പണികൾക്ക് പ്രോജക്ടുകൾ ആവിഷ്ക്കരിക്കുക, ടച്ച് സ്ക്രീൻ കിയോസ്ക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുക. മാനദണ്ഡങ്ങൾ പാലിച്ച് മാത്രം സെർവറുകൾ വാങ്ങുക, സ്കൂളുകൾക്ക് കമ്പ്യൂട്ടറുകൾ വാങ്ങുന്നത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശങ്ങൾക്കനുസൃതമാക്കുക, സോഫ്റ്റ് വെയറുകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് ജീവനക്കാരെ പ്രാപ്തരാക്കുന്ന തിനുള്ള പരിശീലന പദ്ധതികൾ ആവിഷ്ക്കരിക്കുക എന്നീ കാര്യങ്ങളും പ്രാവർത്തികമാക്കേണ്ടതാണ്.	4.നിലവിൽ ജില്ലയിലെ പഞ്ചായത്തുകളിൽ ഐകെഎം ശുപാർശ ചെയ്യുന്ന നിരക്കുകളിലും സ്പെസിഫിക്കേഷനുകളിലും മറ്റ് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവുമുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളുമാണ് വാങ്ങുന്നത്. കൂടാതെ കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട് ഉപകരണങ്ങളുടെ വാങ്ങൽ, തുടർസേവനങ്ങൾ ലഭ്യമാക്കൽ എന്നിവയിന്മേൽ ഐകെഎം ന്റെ സേവനങ്ങൾ പൂർണ്ണതോതിൽ ഉപയോഗിച്ചും വരുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ആവശ്യത്തിനുള്ള ക്യൂ മാനേജ്മെന്റ് ഇലക്ട്രോണിക് ഡിവൈസ് എല്ലാ പഞ്ചായത്തുകളിലും സ്ഥാപിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
അദ്ധ്യായം -8	ജില്ലാതല വിഷയാധിഷ്ഠിത അവലോകനം	
8.4	**കൊല്ലം നഗരസഭ** **തെരുവുവിളക്ക് പരിപാലനവും അറ്റകുറ്റപ്പണികളും കരാർ നൽകിയതിൽ ക്രമക്കേട് നഗരസഭയ്ക്ക് വൻനഷ്ടം** • വിയോജനക്കുറിപ്പ് അവഗണിച്ച് കരാറിൽ ഏർപ്പെട്ടതിലൂടെ നഗരസഭയ്ക്ക് ഉണ്ടായ നഷ്ടം - 1,10,93,429/- രൂപ • ടെണ്ടർ നടപടി യഥാസമയം പൂർത്തിയാക്കാത്തതുവഴി നഷ്ടം - 10,34,732/-	തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന ഫയൽ കണ്ടെത്തുന്നതിനായി ടൌൺ പ്ലാനിംഗ്,മരാമത്ത്, കൗൺസിൽ സെക്ഷൻ തുടങ്ങിയ നഗരസഭയുടെ ഓഫീസിന്റെ വിവിധ ഭാഗങ്ങളിലും റെക്കോർഡ് റൂമിലും വിശദമായി അന്വേഷണം നടത്തിയെങ്കിലും ടി ഫയൽ കണ്ടെത്തുവാൻ സാധിച്ചിട്ടില്ലെന്നാണ് തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിരിക്കുന്നത്. മേയറുടെ ചേമ്പറിൽ 20.08.2022 ൽ നടന്ന തീ പിടുത്തത്തിൽ ഫയലുകൾക്കുംമറ്റ് സാധന സമഗ്രികൾക്കും നാശനഷ്ടം

96

	രൂപ. • സേവന നികുതി ഈടാക്കിയില്ല നഷ്ടം - 25,52,370/- രൂപ. • പരസ്യമൂല്യം കണക്കാക്കുകയോ പരസ്യ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. നഗരസഭയിലെ തെരുവ് വിളക്കുകൾ പരിപാലിക്കുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും 'കൊല്ലം വിന്നേഴ്സ്' എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി (2012-15). ടി സ്ഥാപനം സ്ഥാപിച്ച പരസ്യങ്ങളുടെ യഥാർത്ഥമൂല്യം കണക്കാക്കുകയോ പരസ്യ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.	ഉണ്ടായിട്ടുള്ളതാണ്. അപ്രകാരം (226 എണ്ണം) നശിച്ചുപോയ ഫയലുകളുടെ ലിസ്റ്റിലും ഈ ഫയലുകൾ കണ്ടെത്താൻ സാധിച്ചിട്ടില്ല. സാധ്യമായ എല്ലാ അന്വേഷണവും നടത്തിയിട്ടും ഓഡിറ്റ് പരാമർശത്തിന് ആധാരമായ വിഷയം കൈകാര്യം ചെയ്തിരുന്ന ഫയലുകൾ ലഭ്യമാകാത്തതുമൂലം ഈ പരാമർശങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കുവാനോ നടപടികളുടെ തൽസ്ഥിതി വിവര റിപ്പോർട്ട് ചെയ്യുവാനോ സാധിക്കാത്ത സാഹചര്യമാണുള്ളത്. ഓഡിറ്റ് സെക്ഷനിൽ ലഭ്യമായ ഫയലുകൾ പരിശോധിച്ചതിൽ ഓഡിറ്റ് പരാമർശത്തിന് നൽകിയ മറുപടിയുടെ പകർപ്പ് പ്രകാരം ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടോത്തരവാദിയായി ഓഡിറ്റ് കണ്ടെത്തിയ 46 പേർക്കു ഓഡിറ്റ് വകുപ്പിൽ നിന്ന് സർചാർജ് നോട്ടീസ് പുറപ്പെടുവിക്കുകയുണ്ടായി. ടി സർചാർജ് നോട്ടീസിനു ശ്രീ. നൌഷാദ്.എം ഒഴികെയുള്ളവർ മറുപടി നല്കിയിട്ടുള്ളതും ആയത് കേരള സ്റ്റേറ്റ് ഓഡിറ്റ് വിഭാഗത്തിന് നല്കിയിട്ടുള്ളതുമാണ്. കൌൺസിലർ മുരളി ബാബു, മുൻ സെക്രട്ടറി ശ്രീമതി.എം. സബീന പോൾ എന്നിവർ മരണപ്പെട്ടിട്ടുള്ളതാണ്. കോർപ്പറേഷൻ എഞ്ചിനീയർ ആയിരുന്ന ശ്രീമതി ലളിതാംബിക സർവീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്. കൂടാതെ തെരുവ് വിളക്ക സ്ഥാപിക്കലും പരിപലനവും കോർപ റേഷന്റെ പ്രഥമ കർത്തവ്യങ്ങളിൽ ഒന്നാകയാൽ കൗൺസിലും എക്സിക്യൂട്ടീവും ചേർന്ന് എടുത്ത തീരുമാനം പൊതുജനങ്ങൾക്കു ഉതകുന്നതാകയാൽ ടി സദുദ്ദേശം പരിഗണിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനു 19.02.2022 ലെ 49-നമ്പർ കൗൺസിൽ തീരുമാനം എടുത്തിട്ടുള്ളതാണെങ്കിലും ആയത് സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം സാധൂകരിക്കുന്നതിന് മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ ജില്ലാ ഓഡിറ്റ് മോണിറ്ററിങ് കമ്മിറ്റിയുടെ അനുകൂല തീരുമാനം സഹിതം പഞ്ചായത്ത് സെക്രട്ടറി ഉചിത മാർഗ്ഗേണ അപേക്ഷ സമർപ്പിക്കുവാനും, ഓഡിറ്റ് പരാമർശത്തിനുള്ള ഫയൽ കണ്ടെത്തുവാൻ

		കഴിയാത്ത സാഹചര്യം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ടി ഫയലുകൾ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടി മറുപടി തൃപ്തികരമല്ലെങ്കിൽ വകുപ്പുതല നടപടികൾ സ്വീകരിക്കുവാനും പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.
8.6	**ഇടുക്കി ജില്ല - ദേവികുളം ബ്ലോക്ക് പഞ്ചായത്ത്** പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ടി പിൻവലിച്ച തുക ദുർവിനിയോഗം ചെയ്തു - 8.58 ലക്ഷം രൂപയുടെ ക്രമക്കേട് ഓഡിറ്റ് റിപ്പോർട്ട് - 2013-14 ഖണ്ഡിക 3-1 ◆ പദ്ധതി നിർവ്വഹണത്തിനായി പിൻവലിച്ച തുക അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വ്യക്തിഗത അക്കൗണ്ടിൽ നിക്ഷേപിച്ചു. ◆ ട്രഷറിയിൽ നിന്നും പിൻവലിച്ച തുക പൂർണ്ണമായും ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയില്ല 1. പദ്ധതി നിർവ്വഹണത്തിനു വേണ്ടി ട്രഷറിയിൽ നിന്നും പിൻവലിച്ച തുക പൂർണ്ണമായും ബാങ്കിൽ നിക്ഷേപിച്ചില്ല. ദേവികുളം ബ്ലോക്ക് പഞ്ചായത്ത് പണമിടപാടുകൾ നടത്തുന്ന ദേവികുളം സബ് ട്രഷറി നോൺ ബാങ്കിംഗ് ട്രഷറിയാണ്. പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ടി ഈ ട്രഷറിയിൽ നിന്നും പണമാക്കുന്ന തുകകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ ദേവികുളം എസ്.ബി.ടി.യിൽ നിലവിലുള്ള അക്കൗണ്ടിൽ (നം.	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെടുന്ന ജോയ് പി തോമസ്സിന്റെ ബാധ്യതയെ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണത്തിന്മേൽ സർക്കാർ പ്രത്യേക പരിശോധന നടത്തുകയുണ്ടായി. തുടർന്ന് ടിയാൻ സേവനമനുഷ്ഠിച്ച ദേവികുളം ബ്ലോക്ക് പഞ്ചായത്തിലെ ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട തുക തിരിച്ച് ഈടാക്കുന്നത് സംബന്ധിച്ചുള്ള പരിശോധനയുടെ ഭാഗമായി നടത്തിയ വകുപ്പ് തല പരിശോധനയിൽ ഓഡിറ്റ് നിരീക്ഷണം ശരിയാണെന്നും വസ്തുതാപരമാണെന്നും കാണുകയുണ്ടായി. പ്രസ്തുത പരിശോധനയുടെ ഇടയിൽ 23.02.2016 ൽ ടി ഉദ്യോഗസ്ഥൻ സർവ്വീസിലിരിക്കെ തന്നെ മരണപ്പെട്ടുവെന്ന് കാണുകയുണ്ടായി. തുടർന്ന് പെൻഷൻ ആനുകൂല്യങ്ങൾ അനന്തമായി നീട്ടിക്കൊണ്ടുപോകാൻ പാടില്ലാത്തതിനാലും ടിയാൻ മരണപ്പെട്ടുവെന്ന സാഹചര്യം പരിഗണിച്ചും, ഇതുമായി ബന്ധപ്പെട്ട ധനകാര്യവകുപ്പിന്റെ സർക്കുലറിന്റെ അടിസ്ഥാനത്തിൽ അവകാശികളിൽ നിന്നും ബാധ്യത ഉടമ്പടി ഉറപ്പുവരുത്തിയാണ് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയത്. തുടർന്ന് ടിയാൻ അവസാനമായി സേവനമനുഷ്ഠിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള പരാമർശ ബാധ്യതയടക്കമുള്ള മുഴുവൻ ബാധ്യത തുകയും തിട്ടപ്പെടുത്താനുള്ള നടപടി

	67097805381) നിക്ഷേപിച്ച് ഈ അക്കൗണ്ട് വഴിയാണ് പദ്ധതി ചെലവുകൾ നടത്തിവരുന്നത്. 31.10.2013 മുതൽ 12.1.2014 വരെ കാലയളവിൽ വിവിധ ബില്ലുകൾ പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച തുക പൂർണ്ണമായും ബാങ്ക് അക്കൗണ്ടിൽ ഒടുക്ക് വരുത്തിയിട്ടില്ല. 2. പദ്ധതി നിർവ്വഹണത്തിനു പിൻവലിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തിഗത ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചു. പദ്ധതി നിർവ്വഹണത്തിനുവേണ്ടി 29.3.2014 ൽ 95,01,714/- രൂപ (13 ബില്ലുകൾ പ്രകാരം) 31.3.2014 ൽ 2233973/- -രൂപ (4 ബില്ലുകൾ പ്രകാരം) എന്നിങ്ങനെ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ഈ തുക പദ്ധതിപ്പണം നിക്ഷേപിക്കുന്നതിനുവേണ്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള എസ്.ബി.ടി അക്കൗണ്ടിൽ നിക്ഷേപിക്കാതെ തന്റെ സ്വന്തം പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിൽ (അക്കൗണ്ട് നം. 1192) നിക്ഷേപിച്ച് സ്വന്തം പേരിലുള്ള ചെക്ക് പ്രകാരമാണ് ചെലവഴിച്ചിട്ടുള്ളത്. മാത്രമല്ല 31.3.2014 ൽ ട്രഷറിയിൽ നിന്നും പിൻവലിച്ച 2233973/- രൂപയ്ക്ക് പകരം 2133973/- രൂപ മാത്രമാണ് ടി.എസ്.ബി അക്കൗണ്ടിൽ ഒടുക്കിയത്. 100000/- രൂപ അക്കൗണ്ടിൽ ഒടുക്കിയിട്ടുമില്ല. നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശമ്പളവും മറ്റും മാറുന്നതിനുവേണ്ടിയുള്ള ടി.എസ്.ബി. അക്കൗണ്ടിൽ നിലനിന്നിരുന്ന മുന്നിരുപ്പ തുക കേവലം 500/- രൂപ	നടന്നുവരുന്നതായിട്ടാണ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുള്ളത്.

	മാത്രമാണ്. പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള വികസന ഫണ്ട് വിവിധ ചെക്കുകൾ പ്രകാരം പിൻവലിച്ച് ചെലവഴിച്ചതിന് ശേഷം 11.4.2014 ൽ 235481/ രൂപ നീക്കിയിരുപ്പായി അവശേഷിക്കുന്നുണ്ട്. ഈ തുകയിൽ 234981/- രൂപയും (235481-500) പദ്ധതി പ്രവർത്തനങ്ങൾക്ക വേണ്ടി പിൻവലിച്ച വികസന ഫണ്ടാണ്. ഈ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീ. ജോയ് പി. തോമസ് വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിച്ചു കിട്ടിയ തുകയിൽ 858158/- രൂപ (523177+10000+234981) യുടെ ക്രമക്കേട് നടത്തിയതായി വ്യക്തമാകുന്നു. ഈ തുക ശ്രീ. ജോയ് പി. തോമസ്, അസിസ്റ്റന്റ് എക്സ്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതും പൊതുപ്പണം സ്വന്തം പേരിലുള്ള ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ച് ദുർവിനിയോഗം നടത്തിയതിന് അദ്ദേഹത്തിനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.	
8.7	**<u>മൂന്നാർ ഗ്രാമപഞ്ചായത്ത്</u>** **<u>മൂന്നാർ ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് - ലക്ഷങ്ങൾ ചെലവഴിച്ചിട്ടും മാലിന്യ പ്രശ്നത്തിന് പരിഹാരമായില്ല</u>** മൂന്നാർ ഗ്രാമപഞ്ചായത്തും കേരള ടൂറിസം വകുപ്പും	ഖരമാലിന്യ പ്രോജക്ടിനായി 10 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയിരുന്നു. ആകെ അടങ്കൽ 60 ലക്ഷമായിരുന്നു. മൂന്നാർ ടൗണും പരിസര പ്രദേശങ്ങളുമായിരുന്നു ഗുണഭോക്തൃ പ്രദേശം. 12.03.2013 മുതൽ പഞ്ചായത്തിന്റെ മുഴുവൻ പ്രദേശവും ഉൾപ്പെടുത്തി പ്രോജക്ട് വിപുലപെടുത്തുകയുണ്ടായി. ടൂറിസം വകുപ്പിൽ നിന്നും 50 ലക്ഷം

	ചേർന്നാണ് മൂന്നാർ ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് എന്ന പദ്ധതി ആവിഷ്കരിച്ചത്. പദ്ധതിയ്ക്കുവേണ്ടി വിശദമായ രൂപരേഖ തയ്യാറാക്കിയത് W.Tech. എന്ന സ്ഥാപനമാണ്. കേരള ടൂറിസം വകുപ്പിന്റെ 28.2.2013 ലെ ജി.ഒ. (ആർ.ടി)നം.1562/13 പ്രകാരം പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയും പദ്ധതി ചെലവിലേക്ക് 50,00,000/- രൂപ അനുവദിക്കുകയും ചെയ്തു. 2.9.2013-ൽ W.Tech. എന്ന സ്ഥാപനത്തെ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തു. ടൂറിസം മേഖലകളിൽ നിന്നും മൂന്നാർ ടൗണിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച് ഗ്രാമപഞ്ചായത്ത് വക ഡമ്പിംഗ് യാർഡിൽ എത്തിച്ച് ജൈവമാലിന്യങ്ങൾ അവിടെ വച്ച് സംസ്കരിക്കുന്നതിനും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ പ്രത്യേക കവറുകളിലാക്കി നീക്കം ചെയ്യുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. • കരാർ വ്യവസ്ഥയിൽ നിന്നും വ്യതിചലിച്ച് സൂപ്പർവിഷൻ ചാർജ്ജ് നൽകിയതിൽ 5,25,000/- രൂപയുടെ നഷ്ടം. • ഗുണോഭോക്തൃ വിഹിതം തിരിച്ചെടുക്കുന്നതിൽ വീഴ്ച - 7,06,307/- രൂപയുടെ നഷ്ടം • വിശദമായ പഠനങ്ങളും മുന്നൊരുക്കങ്ങളും നടത്താതെ പദ്ധതി നടപ്പിലാക്കി - 45,06,816/- രൂപയുടെ പാഴ്ച്ചെലവ്.	അനുവദിക്കുകയും നിർവഹണ ഏജൻസിയായി W-tech എന്ന കമ്പനിയെ പഞ്ചായത്ത് നിശ്ചയിക്കുകയും ചെയ്തു. 2013-14 വർഷം ടൂറിസം വകുപ്പിൽ നിന്നും 25 ലക്ഷം രൂപ പഞ്ചായത്തിന് ലഭിക്കുകയുണ്ടായി പഞ്ചായത്ത് പരിധിയിൽ നടപ്പിലാക്കുന്ന ശുചീകരണ പ്രോജക്ട് എന്ന നിലയ്ക്ക് യാതൊരു കണക്കിലും, അടിസ്ഥാനപ്പെടുത്താതെ സാങ്കൽപികമായി പ്രോജക്ടിൽ ചേർത്തിരുന്ന 10 ലക്ഷം രൂപ ഗുണഭോക്താക്കളിൽ നിന്നും പിരിക്കുന്നത് പ്രായോഗികമായിരിക്കില്ലെന്ന് കണ്ടെതിനാൽ തനത് ഫണ്ടിൽ നിന്നും ചെലവിട്ടു എന്ന് ഓഡിറ്റിൽ കണ്ടെത്തിയ 7,06,307/- രൂപ ടൂറിസം വകുപ്പിൽ നിന്നും നല്കിയിട്ടുള്ള 25 ലക്ഷത്തിൽ നിന്നുമാണെന്നും ആകയാൽ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലാ എന്നും സെക്രട്ടറിയിൽ നിന്നും തുക ഈടാക്കേണ്ടതില്ലെന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി ഓഡിറ്റ് പരാമർശങ്ങളിന്മേൽ മൂന്നാർ ഗ്രാമപഞ്ചായത്തിൽ ഇന്റേർണൽ വിജിലൻസിന്റെ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 19/11/2024-ൽ ഇന്റേർണൽ വിജിലൻസ് നേരിട്ട് പരിശോധന നടത്തി വിശദമായ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശ തുക ഈടാക്കുന്നതിനോ സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിനോ അവശ്യമായ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ലെന്നു പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് മതിയായ കരണങ്ങളുണ്ടെങ്കിൽ ജില്ലാ ഓഡിറ്റ് മോണിറ്ററിങ് കമ്മിറ്റിയുടെ

101

		അനുകൂല തീരുമാനം, പഞ്ചായത്ത് ഭരണസമിതി തീരുമാനം എന്നിവയുൾപ്പെടെ പഞ്ചായത്ത് സെക്രട്ടറിയുടെ വിശദമായ അപേക്ഷ ഉചിത മാർഗേന വകുപ്പ് തലവന്റെ ശിപാർശ സഹിതം സാധൂകരണത്തിനായി അപേക്ഷ സമർപ്പിക്കുവാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.
8.8	**കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് - കോട്ടയം ജില്ല** **മാലിന്യ നിയന്ത്രണം - പഞ്ചായത്ത് വക നിരീക്ഷണ ക്യാമറകളുടെ കൺട്രോൾ യൂണിറ്റ് പോലീസ് സ്റ്റേഷനിൽ – യൂണിറ്റ് പ്രവർത്തന രഹിതം** കാഞ്ഞിരപ്പള്ളി ടൗണിലും പരിസരങ്ങളിലും നിക്ഷേപിക്കുന്നതു നിരീക്ഷിക്കുന്നതിനായി 41,077/- രൂപ നിരക്കിൽ 16 ക്യാമറകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തി. • വ്യക്തമായ പഠനം നടത്താതെ ക്യാമറകൾ സ്ഥാപിച്ചു. • ക്യാമറ പോലീസിനെ ഏൽപ്പിച്ചത് പരിശീലനം നൽകാതെ • നിരീക്ഷണ സംവിധാനം ഫലപ്രദമായില്ല.	2013-14 വാർഷിക പദ്ധതിയിൽപ്പെടുത്തി കാഞ്ഞിരപ്പള്ളി ടൗണിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ എന്ന പദ്ധതിക്ക് 1-ാം ഘട്ടമായി 2,75,000/- രൂപയും രണ്ടാം ഘട്ടമായി 4,00,000/- രൂപയും വകയിരുത്തി പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയിട്ടുള്ളതുമാണ്. കാഞ്ഞിരപ്പള്ളി ടൗൺ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ രൂക്ഷമായ മാലിന്യ നിക്ഷേപം തടയുക എന്ന ലക്ഷ്യത്തോടുകൂടി പഞ്ചായത്ത് ഏറ്റെടുത്ത ബൃഹത്തായ പ്രവൃത്തികളുടെ ഭാഗമായാണ് പദ്ധതി രൂപികരിച്ചത്. ടി പ്രവൃത്തി നടപ്പിലാക്കുമ്പോൾ ടൗണിൽ ഉണ്ടാകാവുന്ന മാലിന്യ നിക്ഷേപ പ്രവർത്തനങ്ങൾ, സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പരിഹാരം എന്ന നിലയിക്കാണ് ക്യാമറകളുടെ പ്രവർത്തനങ്ങളുടെ നിരീക്ഷണ യൂണിറ്റ് കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷനിൽ സ്ഥാപിച്ചത്. സർക്കാർ ഏജൻസിയായ കെൽട്രോൺ നടത്തിയ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ക്യാമറകൾ സ്ഥാപിക്കുന്നതിന് തുക വകയിരുത്തി പദ്ധതി കെൽട്രോണിനെ കരാർ പ്രകാരം ഏൽപ്പിച്ചിട്ടുള്ളതും പൂർത്തീകരിച്ചിട്ടുള്ളതും. കാഞ്ഞിരപ്പള്ളി ടൗണിൽ വിവിധ ഭാഗങ്ങളിൽ CCTV സ്ഥാപിച്ചിട്ടുണ്ട് എന്നുള്ള വ്യാപകമായ പ്രചാരണം ഉണ്ടായതിനെ തുടർന്ന് കാഞ്ഞിരപ്പള്ളി ടൗണിലെ മാലിന്യ നിക്ഷേപം ഫലപ്രദമായി തടയുന്നതിന്

102

		സാധിച്ചിട്ടുള്ളതുമാണ്. സിസിടിവിയുടെ പ്രവർത്തനകാലത്തുണ്ടായ ചെറിയ തകരാറുകൾ തത്സമയം തന്നെ കെൽട്രോൺ പരിഹരിച്ചു തന്നിട്ടുള്ളതാണ്. അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ 7,00,000/രൂപ വകയിരുത്തി 2017-18 വർഷത്തിൽ പദ്ധതി തയ്യാറാക്കിയിട്ടുള്ളതും 4,99,725/ രൂപ ചെലവഴിച്ച് ക്യാമറകൾ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കിയിരുന്നെങ്കിലും നിലവിൽ പ്രവർത്തനക്ഷമമല്ലെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ഭാരിച്ച് ചെലവിൽ അറ്റകുറ്റ പണി നിർവഹിച്ചിട്ടും ടി പദ്ധതി പ്രവർത്തന രഹിതമായത് സർക്കാർ ഗൗരവമായി കാണുന്നു. ഓഡിറ്റ് പരാമർശത്തിന്മേൽ വിശദമായ അന്വേഷണം വകുപ്പിന്റെ ഇന്റേർണൽ വിജിലൻസ് മുഖാന്തിരം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാനും ടി ഓഡിറ്റ് പരാമർശം സാധൂകരിക്കുന്നതിനു മതിയായ കരണങ്ങളുണ്ടെങ്കിൽ ആവശ്യമായ രേഖകൾ സഹിതം ഉചിത മാർഗേന അപേക്ഷ സമർപ്പിക്കുവാനും പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.
8.13	**<u>കൊച്ചി നഗരസഭ</u>** **<u>അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്യൽ, നിരീക്ഷണ സംവിധാനമൊരുക്കൽ – നഗരസഭക്ക് 71.78 ലക്ഷം രൂപയുടെ നഷ്ടം</u>** **<u>എ) നഗരസഭാ ഫണ്ടിൽ നിന്നും ചെലവ് ചെയ്തത് ചട്ടവിരുദ്ധം</u>** നഗരസഭാ പരിധിക്കുള്ളിലെ അനധികൃത പരസ്യ	**എ)** നഗരസഭ പരിധിയിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകളും, ഹോർഡിങ്ങുകളും പെട്ടികടകൾ, തട്ടുകടകൾ എന്നിവയും അപകടകരമായി നിൽക്കുന്ന മറ്റു നിർമ്മാണങ്ങളും നഗരത്തിലെ സുഗമമായ റോഡ് ഗതാഗതത്തെ തടസ്സപെടുത്തുകയും തന്മൂലം നഗരത്തിൽ ഗതാഗതകുരുക്ക് അനുഭവപ്പെടുന്നതിന് ഇടവരികയും പലസ്ഥലങ്ങളിലും കാനകളിലെ സുഗമമായ നീരൊഴുക് തടസ്സപ്പെടുത്തുകയും തന്മൂലം വെള്ളക്കെട്ട് ഉണ്ടാകുകയും ചെയ്യുന്നതായി

	ബോർഡുകൾ, ഹോർഡിംഗുകൾ മുതലായവ നീക്കം ചെയ്യുന്നതിനും നിർദ്ദിഷ്ട സ്ഥലങ്ങളിലേക്ക മാറ്റുന്നതിനും കൗൺസിൽ തീരുമാനം കൈക്കൊള്ളുകയും ഈ ഇനത്തിൽ 27,02,110/- രൂപ ചെലവഴിച്ചു. 2013-14 കാലയളവിൽ വിനിയോഗിച്ച ടി തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കുന്നതിന് നാളിതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 275(2) പ്രകാരം നടപടി സ്വീകരിച്ചതിൽ വീഴ്ച. ടി സാഹചര്യത്തിൽ വിനിയോഗിച്ച തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. **ബി)** പൊളിച്ചു നീക്കൽ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ പൊരുത്തക്കേടുകൾ **സി)** കെൽട്രോണിന്റെ നിരീക്ഷണ സംവിധാനം ഫലപ്രദമായില്ല.	ശ്രദ്ധയിൽപ്പെട്ടതിനാൽ ഇവ നീക്കം ചെയ്യുന്നതിന് ബഹു. കൗൺസിൽ തീരുമാനമെടുത്തിരുന്നു. കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ നഗരസഭ സെക്രട്ടറി ഒരു സ്ക്വാഡ് രൂപീകരിക്കുകയും സ്ക്വാഡിൽ ഹെൽത്ത്, റവന്യൂ, ടൗൺപ്ലാനിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്തു. സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് ടി. സ്ക്വാഡിന്റെ മേൽനോട്ട ചുമതല നൽകിയിരുന്നതുമാണ്. നഗരത്തിന്റെ വിവിധ ഇടങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ബോർഡുകളും മറ്റ് അനധികൃത നിർമാണങ്ങളും നീക്കം ചെയ്യുന്നതിന് വിദഗ്ധ-അവിദഗ്ധ ഗണത്തിൽ പെടുന്ന തൊഴിലാളികളുടെ ഒരു സംഘം ആവശ്യമായിരുന്നു. കൂടാതെ ഈ പ്രവർത്തികൾ കാര്യക്ഷമമായി നിർവഹിക്കുന്നതിന് യന്ത്ര സാമഗ്രികളും, വാഹനങ്ങളും ആവശ്യമാണെന്നതിനാൽ ടി പ്രവർത്തി ചെയ്യുന്നതിന് ആവശ്യമായ വാഹനങ്ങളും ഉപകരണങ്ങളും തൊഴിലാളികളെയും സപ്ലൈ ചെയ്യുന്നതിന് 10.07.2023 ലെ കൗൺസിൽ തീരുമാനപ്രകാരം ടെണ്ടർ ക്ഷണിക്കുകയും ലഭിച്ച ടെണ്ടറുകളിൽ തൊഴിൽകൂലി ഇനത്തിലും യന്ത്ര സാമഗ്രികളുടെ വാടക ഇനത്തിലും കുറവ് നിരക്ക് രേഖപ്പെടുത്തിയ M/s സൂര്യ എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന് ബഹു.കൗൺസിലിൻറെ 12.11.2023 ലെ 52-ാം തീരുമാനപ്രകാരം കരാർ നൽകിയിട്ടുള്ളതുമാണ്. 2013 ലെ കൗൺസിൽ തീരുമാന പ്രകാരം നീക്കം ചെയ്ത ബോർഡുകളും,

		ഹോർഡിംഗുകളും മറ്റ് അനധികൃത നിർമാണങ്ങളും തിട്ടപ്പെടുത്താനാകാത്ത കാലം മുതൽ നിലനിന്നിരുന്നവയാണ്. കാലപ്പഴക്കത്താൽ ഭാഗികമായോ, ഏറെക്കുറെ മുഴുവനായോ കേടുപാടുകൾ സംഭവിച്ചിരുന്നവയാണ് ഇക്കാരണത്താൽ തന്നെ പരസ്യബോർഡുകളിലെ മാറ്ററിൽ നിന്നും പരസ്യത്തിൽ പരാമർശിക്കുന്ന സ്ഥാപനത്തെപ്പറ്റിയോ ഉത്പന്നത്തെപ്പറ്റിയോ ഉള്ള വിവരങ്ങൾ ലഭ്യമായിരുന്നില്ല. മൊബൈൽ ഫോൺ കണക്ഷനുകളും സാമൂഹിക മാധ്യമ അക്കൗണ്ടുകളും സാർവത്രികമല്ലാത്ത കാലത്ത് സ്ഥാപിച്ച പരസ്യ ബോർഡുകളിലെ ഉള്ളടക്കത്തിൽ നിന്നും അതുമായി ബന്ധപ്പെട്ട കക്ഷികളുടെ വിവരങ്ങൾ ലഭ്യമാകുമായിരുന്നില്ല. കൂടാതെ ഇവ അനധികൃതമായി സ്ഥാപിച്ചിരുന്നതിനാൽ തന്നെ സ്ഥാപിച്ച കരാറുകാരൻറെ/ കരാർ സ്ഥാപനത്തിൻറെ പേര് ഇവയിൽ ഒന്നും തന്നെ രേഖപ്പെടുത്തിയിരുന്നതുമല്ല. ബോർഡുകളും മറ്റും സ്ഥാപിച്ചത് ആരാണെന്ന് കണ്ടെത്താനാകാത്ത സാഹചര്യത്തിലാണ് അനധികൃതമായി സ്ഥാപിച്ച ബോർഡുകളും മറ്റും നീക്കം ചെയ്യുതിന്റെ ചിലവ് ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കാൻ സാധിക്കാതിരുന്നതെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. നഗരഭയിലെ പൊതുസ്ഥലങ്ങളിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പെട്ടിക്കടകൾ കേബിളുകൾ മുതലായവയുടെ യഥാർത്ഥ ഉടമസ്ഥർ ആരെന്ന് അറിയുവാൻ സാധിക്കുകയില്ല. പെട്ടിക്കടകളിലും, കേബിളുകളിലും സ്ഥാപിച്ചവരുടെ പേരും മേൽവിലാസവും പതിയ്ക്കാറില്ല.

105

		ജനപ്രതിനിധികളുടെ നിർദ്ദേശങ്ങളുടെയും പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളും അടിയന്തിരമായി പരിഗണിക്കേണ്ട മറ്റു നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ടി സ്ക്വാഡ് ഇവ നീക്കം ചെയ്യുന്ന പ്രവർത്തികൾ നിർവ്വഹിച്ചിട്ടുള്ളത്. അനധികൃത പരസ്യ ബോർഡുകൾ, പെട്ടിക്കടകൾ കേബിളുകൾ മുതലായവ നീക്കം ചെയ്യുന്നതിനുള്ള കരാർ വേലയ്ക്ക് ചിലവായ തുകയുടെ ഓഡിറ്റ് പരിശോധനയും, പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന് ചിലവായ തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാതിരുന്നതും പ്രത്യേകം വിഷയങ്ങളായാണ് പരിശോധിക്കേണ്ടത്. അനധികൃതമായി ബോർഡ് സ്ഥാപിച്ചവരുടെ വിവരങ്ങൾ ലഭ്യമായിരുന്നെങ്കിൽ പോലും ഓരോ അനധികൃത നിർമാണവും നീക്കം ചെയ്തതിനു ശേഷം മാത്രമേ ഇതിനായി ചിലവഴിച്ച തുക എത്രയാണെന്ന് തിട്ടപ്പെടുത്തി തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. അതിനുവേണ്ടി കരാറിലേർപ്പെട്ട് ടി പ്രവർത്തി പൂർത്തീകരിക്കേണ്ടതുണ്ട്. ഇപ്രകാരം എല്ലാ നടപടിക്രമങ്ങളും പാലിച്ചാണ് കരാർ നൽകി, പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളത്. 1999 ലെ കേരള മുൻസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതുസ്ഥലങ്ങളിലും കമാനങ്ങളും പരസ്യബോഡുകളും സ്ഥാപിക്കൽ) ചട്ടങ്ങളിലെ ചട്ടം 5(1) പ്രകാരം ലൈസൻസ് ഇല്ലാതെയോ ലൈസൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ സ്ഥാപിക്കപ്പെടുന്ന കമാനങ്ങളും പരസ്യബോർഡുകളും നഗരസഭസെക്രട്ടറി നീക്കം ചെയ്യേണ്ടതും ആയതിനുവരുന്ന ചെലവ് അത് സ്ഥാപിച്ചവരിൽ നിന്ന് ഈടാക്കേണ്ടതാണെന്നും ആയവ സ്ഥാപിച്ചത് ആരെന്ന് അറിയാത്ത സാഹചര്യത്തിൽ അവ നീക്കുന്നതിനുള്ള ചെലവ് നഗരസഭ ഫണ്ടിൽ

106

		നിന്നും വഹിക്കാവുന്നതാണ് എന്നും നിഷ്കർഷിക്കുന്നു. ആയതിനാൽ പൊളിച്ചു നീക്കിയ വകയിൽ നഗരസഭയ്ക്ക് ചിലവായ തുക തിരികെ ഈടാക്കാതിരുന്നത് സംബന്ധിച്ച പരാമർശം ഒഴിവാക്കണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി ഓഡിറ്റ് പരാമർശം സാധൂകരിക്കുന്നതിന് മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കി സർക്കാരിൽ സമർപ്പിക്കുവാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. **ബി)** പൊളിച്ചു നീക്കൽ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ പൊരുത്തക്കേടുകൾ 1. ഏർപ്പെട്ട കരാർ പ്രകാരം പൊളിച്ചു നീക്കുന്ന ജോലിക്കുള്ള തൊഴിലാളികളെയും, യന്ത്രങ്ങളും വിതരണം ചെയ്യുക എന്നതാണ് കരാറുകാരൻറെ ചുമതല. കൂടാതെ കരാർ പ്രകാരമുള്ള വേലകൾ ആരംഭിക്കുന്നതിന് തിട്ടപ്പെടുത്താനാകാത്ത തരത്തിലുള്ളതും നഗരം മുഴുവൻ വ്യാപിച്ചു നിൽക്കുന്നതുമാണ് പ്രവർത്തന പ്രദേശം. ആയതിനാൽ തന്നെ ഓരോ ബോർഡുകൾ നീക്കം ചെയ്യുമ്പോഴും പ്രത്യകം പ്രത്യേകം രേഖാമൂലമുള്ള അനുമതി നൽകുക എന്നത് അപ്രായോഗികമാണ് എന്നതിനാലാണ് ആയത് നൽകാതിരുന്നതെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. 2. ടൗൺ പ്ലാനിംഗ്, റവന്യൂ, ഹെൽത്ത് എന്നീ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയാണ് അനധികൃത നിർമ്മാണ പ്രവൃത്തികൾ പൊളിച്ചു നീക്കുന്നതിനുള്ള സ്ക്വാഡ് രൂപീകരിച്ചത്. സൂപ്രണ്ടിംഗ് എൻജിനീയർ, എക്സിക്യൂട്ടീവ് എൻജിനീയർമാർ എന്നിവർക്ക് സ്ക്വാഡിൻറെ

		മേൽ നോട്ടച്ചുമതലയാണ് നൽകിയിരുന്നത്. ടി. ഉദ്യോഗസ്ഥരോട് ഫീൽഡ് തലത്തിൽ പ്രവർത്തിക്കണമെന്ന നിർദ്ദേശം നൽകിയിരുന്നതല്ല. അസ്സി. എക്സിക്യൂട്ടീവ് എൻജിനീയറുടെ നേതൃത്വത്തിൽ നടത്തുന്ന പരിശോധനകളിൽ സഹായത്തിനായി സബോർഡിനേറ്റ് ഉദ്യോഗസ്ഥരായ ബിൽഡിംഗ് ഇൻസ്പെക്ടർമാർക്ക് രേഖാമൂലം നിർദ്ദേശം നൽകിയത് ചുമതലകൾ വിഭജിച്ച് നൽകലും, ഡെലിഗേഷനും മറ്റും കാര്യക്ഷമമായ ഭരണ നിർവഹണത്തിന് വേണ്ടിയാണെന്നും സ്ക്വാഡിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ അപ്രതീക്ഷിത പരിശോധനകൾ നടത്തിയാണ് അനധികൃത നിർമ്മാണങ്ങൾ പൊളിച്ച് നീക്കിയിട്ടുള്ളത്. ഭരണപരമായ കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടിവരുന്ന മേലുദ്യോഗസ്ഥർക്ക് ഫീൽഡ് തലത്തിൽ എത്തിച്ചേരാനാകാത്ത സാഹചര്യമുണ്ടായാൽ പോലും അനധികൃത നിർമ്മാണം പൊളിച്ച് നീക്കുന്നതിനുള്ള പ്രവർത്തിക്ക് തടസ്സങ്ങൾ ഉണ്ടാകാതിരിക്കുന്നതിലേയ്ക്കാണ് ബിൽഡിംഗ് ഇൻസ്പെക്ടർമാർക്ക് പ്രത്യേകം അധികാരപത്രം നൽകിയിരുന്നത്. എന്നതുകൊണ്ട് അനധികൃത ബോർഡുകൾ നീക്കം ചെയ്യുന്ന സമയം ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഇല്ലാതിരുന്ന എന്ന ഓഡിറ്റ് പരാമർശം പദ്ധതികളുടെ ഉദ്ദേശ ശുദ്ധിയുടെ അടിസ്ഥാനത്തിൽ ഒഴിവാക്കണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്. 3. കരാറുകാരൻറെ കരാർ വ്യവസ്ഥകൾ പ്രകാരം അനധികൃത സ്ക്വാഡിൻറെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജീവനക്കാരെയും, യന്ത്രോപകരണങ്ങളെയും സപ്ലൈ ചെയ്യുന്നതിന് മാത്രമാണ്

107

		കരാറുകാരന് വ്യവസ്ഥ ഉണ്ടായിരുന്നത്. ഇപ്രകാരം വിതരണം ചെയ്യുന്ന തൊഴിലാളികളെയും യന്ത്രഉപകരണങ്ങളേയും ഏതൊക്കെ സൈറ്റുകളിൽ വിന്യസിക്കണമെന്നത് നഗരസഭയുടെ അധികാരപരിധിയിൽ വരുന്ന വിഷയമായതിനാലാണ് കരാറുകാരൻറെ ബില്ലുകളിൽ അനധികൃത നിർമാണങ്ങൾ നിലനിന്നിരുന്ന സ്ഥലം, പൊളിച്ചു നീക്കിയ നിർമാണങ്ങളുടെ എണ്ണം എന്നിവ ഉൾപ്പെടാതിരുന്നത്. പൊളിച്ചുനീക്കിയ അനധികൃത നിർമാണങ്ങൾ ഏതൊക്കെ സ്ഥലങ്ങളിലേക്ക് സ്റ്റോക്ക് ചെയ്തിട്ടുണ്ടെന്നത് അതാതു ബിൽഡിംഗ് ഇൻസ്പെക്ടർമാരുടെ റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. 4. മേൽ പരാമർശിക്കുന്ന പ്രവർത്തിക്ക് വേണ്ടി നടപടിക്രമം പാലിച്ച് കരാറിലേർപ്പെട്ട്, ഉദ്യോഗസ്ഥ സംഘത്തെ ചുമതലപ്പെടുത്തി, പ്രവർത്തി ഫീൽഡ് തലത്തിൽ യഥാസമയം പൂർത്തീകരിച്ച്, നീക്കം ചെയ്ത നിർമാണങ്ങൾ ശരിയായി സ്റ്റോക്ക് ചെയ്തിരുന്നതാണ്. ഹാജരാക്കിയ ബില്ലുകൾ ശരിയായ പരിശോധന നടത്തി തുക അനുവദിച്ചിട്ടുള്ളതും നീക്കം ചെയ്ത നിർമാണഭാഗങ്ങൾ ലേലം ചെയ്ത് തുക നഗരസഭയിൽ സ്വീകരിച്ചിട്ടുള്ളതുമാണ്. ഇപ്രകാരം സമയബന്ധിതമായി പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളത് കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം ഉണ്ടായിരുന്നുവെന്നതിന്റെ ഫലമാണ്. നഗരത്തിലെ പൊതുഗതാഗതം, നീരൊഴുക്ക് എന്നിവ തടസ്സപ്പെടുത്തുന്ന രീതിയിൽ സ്ഥാപിച്ചിരിക്കുന്ന നിർമ്മിതികൾ, ബോർഡുകൾ, കേബിളുകൾ എന്നിവ കാലപ്പഴക്കം കൊണ്ട് ജനങ്ങളുടെ ജീവനും സ്വത്തിനും

108

		ഭീഷണിയായി നിലനിന്നിരുന്നതിനാൽ പൊതുജനസേവനാർത്ഥം ഇവ അടിയന്തിരമായി നീക്കം ചെയ്യേണ്ടത് നഗരസഭയുടെ ഉത്തരവാദിത്വമായിരുന്നു ആയതിനാൽ മാത്രമാണ് ടി പ്രവൃത്തി ഏറ്റെടുത്ത് നിർവ്വഹിച്ചിട്ടുള്ളത്. എല്ലാവിധ നടപടിക്രമങ്ങളും പാലിച്ച് പൂർത്തീകരിച്ച ടി പ്രവർത്തിയിൽ നഗരസഭയുടേതല്ലാത്ത കാരണങ്ങളാലാണ് ചിലവായ തുക തിരികെ ഈടാക്കാൻ കഴിയാതിരുന്നത്. ആയതിനാൽ മേൽ വിശദീകരണങ്ങളും അതിനാസ്പദമായ സാഹചര്യങ്ങളും പരിഗണിച്ച് ഓഡിറ്റ് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൻറെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ കൊച്ചി കോർപ്പറേഷനെ സംബന്ധിച്ച കെൽട്രോണിൻറെ നിരീക്ഷണ സംവിധാനം ഫലപ്രദമല്ല എന്ന പരാമർശ ഖണ്ഡികയുമായി ബന്ധപ്പെട്ട് Maxrad Software PVT Ltd. എന്ന സ്ഥാപനം നഗരസഭയ്ക്കെതിരെ ബഹു.ഹൈക്കോടതി മുമ്പാകെ WP (C)No. 8875/2015 ആയി നൽകിയ ഹർജിയിൽ ടി സ്ഥാപനത്തിന് അനുകൂലമായി 30.09.2015 ൽ കോടതി വിധി ഉണ്ടാവുകയും വിധി ഉണ്ടാവുകയും ചെയ്തിട്ടുള്ളതാണ്. യഥാസമങ്ങളിൽ നഗരസഭയ്ക്ക് വേണ്ടി ഹാജരായ കൗൺസലും നഗരസഭയും വേണ്ട രീതിയിൽ നടപടി സ്വീകരിക്കാത്തതിനാലാണ് ഇത്തരത്തിൽ വിധി ഉണ്ടായത് സർക്കാർ ഗൗരവമായി കാണുന്നു. ഈ സാഹചര്യത്തിൽ നഗരസഭ കൗൺസിലിനെ വിളിച്ചുവരുത്തി ടി വിഷയത്തിൽ അടിയന്തര നിയമ

		നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകുന്നതിന് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പ്രകാരം WP(C)No.8875/2015 നമ്പർ കേസിലെ 2ാം എതിർകക്ഷിയായ നഗരസഭ ബഹു.ഹൈക്കോടതിയിൽ നൽകിയ സ്റ്റേറ്റ്മെന്റിൽ പരാതിക്കാരുമായി നഗരസഭയ്ക്ക് യാതൊരു കരാറുമില്ലെന്നും ആയതിനാൽ തന്നെ തുക നൽകാനാവില്ലെന്നും ആയത് നിയമത്തിന് എതിരാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. 30.09.2015 തീയതിലാണ് ടി വിധി ന്യായം വന്നിട്ടുള്ളത്. വിധിന്യായം വന്ന് 9 വർഷങ്ങൾ കഴിഞ്ഞിട്ടുള്ളതിനാലും കരാർ പ്രകാരം കെൽട്രോണിന് തുക നൽകാനുണ്ടെന്ന് കൊച്ചി കോർപ്പറേഷൻ കോടതിയിൽ സമ്മതിച്ചിട്ടുള്ളതിനാലും കരാർ പ്രകാരമുള്ള ഉപകരണങ്ങൾ സ്ഥാപിച്ച് ആയത് പ്രവർത്തിച്ചു വരുന്നതുമാണെന്ന് കോടതിയലക്ഷ്യ ഹർജിയെ തുടർന്ന് കെൽട്രോണിന് മുഴുവൻ തുകയും നൽകിയിട്ടുള്ളതും 9 വർഷങ്ങൾക്ക ശേഷം കെൽട്രോണിനെതിരെ നിയമ നടപടികളുമായി മുന്നോട്ട് പോയാൽ കോർപ്പറേഷന് അനുകൂലമായി ഉത്തരവുണ്ടാകുന്നതിന് യാതൊരു സാധ്യതയുമില്ലെന്ന് കോർപ്പറേഷന്റെ സ്റ്റാൻഡിംഗ് കൗൺസൽ അറിയിച്ചിട്ടുള്ളതായും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ഓഡിറ്റിൽ പരാമർശിക്കും പ്രകാരം തുക ഈടാക്കുവാൻ കഴിയാത്തത് സർക്കാർ ഗൗരവപരമായി കണക്കാക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ ഹൈക്കോടതി വിധിക്കെതിരെ നിശ്ചിത സമയക്രമത്തിൽ അപ്പീൽ സാധ്യത പരിശോധിക്കാതെ വീഴ്ച വരുത്തിയ

110

		ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടി വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനും ടി റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സർക്കാരിൽ ലഭ്യമാക്കുവാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101259